KNANAYADEEPAM

# ക്നാനായദീപം

Vol: 34 / Issue: 6 June 2023 ₹:10/-



# 40–ാം ചരമദിനം

03–07–2023



# SARAMMA THOMAS

**Mulamoottil, Kuttoor**

"ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു.
ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു" (2 തിമോ. 4: 7 – 8)

*പ്രാർത്ഥനയോടെ*

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# ക്നാനായ ദീപം

2023 ജൂൺ പുസ്തകം 34 ലക്കം 6

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

1678-ാം സിറിയൻ ക്നാനായ വാർഷിക സംഗമം 09
അനീഷ് ടി.സി. തകിടിയിൽ

കരിയർ: എടുത്തുചാട്ടം വേണ്ട 19
സുനിൽ ഡി. കുരുവിള

മരിച്ചു പോയവരോട് സംസാരിക്കുവാൻ... 21
റിയു റോയി മുളമൂട്ടിൽ

The Changed Cross 23
സീമ തോമസ് കന്നിയേൽ

ഇന്നിന്റെ ജീവിതം ക്രമപ്പെടുത്തു 23
ജയ്നമ്മ മർക്കോസ്

എം.സി. ശമുവേൽ കോർ-എപ്പിസ്കോപ്പാ 24
ഫാ. വി.എ. ഏബ്രഹാം ഇളയേശ്ശേരിൽ

ക്നാനായ ഫാമിലി ഡയറക്ട്റേറ്റ് 26
ഫാ. ഡോ. ജയിംസ് തോടത്തിൽ

ഏവൻഗേലിയോൻ ദീപം 27
ഫാ. പി.റ്റി. മാത്യു പയ്യനാട്ട്

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 30

39 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

41 ആരും ഒന്നും നിസ്സാരമല്ല
റ്റി.സി. തോമസ് തോപ്പിൽ

42 ശൂന്യ
ഡോ. ഐബി ജോസ് കിഴക്കേടത്ത്

44 സഹനങ്ങളുടെ ഉത്ഭവവും പ്രതിവിധിയും
പ്രൊഫ. എം.എ. ഏബ്രഹാം മണിമലേത്ത്

46 കാൽപ്പാടുകൾ
എബി

48 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)



Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




ക്രിസ്തു യേശുവിൽ പ്രിയ ക്നാനായദീപത്തിന്റെ വായനക്കാർക്ക് യേശു ക്രിസ്തുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹ വന്ദനങ്ങൾ.

ഒരു മതേതര രാജ്യമായ ഭാരതത്തിലെ എല്ലാ ജാതിമതസ്ഥർക്കും ഭരണഘടന ഒന്നുപോലുള്ള സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. ഏത് രാഷ്ട്രീയ പാർട്ടിയിൽ വിശ്വസിക്കുവാനും പുതിയ പാർട്ടി ഉണ്ടാക്കാനും അതിനുവേണ്ടി പ്രചരണം നടത്താനുമൊക്കെ ഇവിടെ സ്വാതന്ത്ര്യമുണ്ട്. അതുപോലെ ഏത് മതത്തിൽ വിശ്വസിക്കുവാനും ആരാധിക്കാനും പുതിയ മത പ്രസ്ഥാനങ്ങൾ ഉണ്ടാക്കാനും സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ വടക്കേ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ ഭാരതത്തിൽ ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന മിഷനറിമാരേയും കന്യാസ്ത്രീകളേയും പുരോഹിതന്മാരേയും കൊല്ലുകയും ഉപദ്രവിക്കുകയും അനേകം പള്ളികൾ തീവെച്ചു നശിപ്പിക്കുകയും ജനങ്ങൾക്ക് ജീവിക്കാൻ സാധിക്കാത്തവിധം ആയിരക്കണക്കിന് ആളുകളേയും കൊല്ലുകയും ചെയ്യുന്നു. എന്നാൽ ഒരിടത്തു നിന്നും ദൈവജനത്തിന് ആശ്വാസമോ അനുകൂലമോ ആയ സമീപനം വേണ്ടവിധത്തിൽ ലഭിക്കാതിരുന്നതിൽ ദൈവജനം വളരെയധികം വേദനിക്കുകയും ദുഃഖിക്കുകയും ചെയ്യുന്നു. നമുക്ക് അവർക്കുവേണ്ടി പ്രാർത്ഥിക്കാം. സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുമ്പോൾ അത് അർത്ഥവത്തായിത്തീരണമെങ്കിൽ ഇൻഡ്യയിലെ ഓരോ പൗരനും ഭരണഘടന അനുശാസിക്കുന്ന സ്വാതന്ത്ര്യം അനുഭവിക്കാൻ അവസരം ഉണ്ടാകേണ്ടതാണ്. സ്വതന്ത്ര ഭാരതത്തിലെ വിവിധ ജനവിഭാഗങ്ങൾ പല വിധത്തിൽ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നത് അവസാനിപ്പിക്കേണ്ടതാണ്. മറ്റേതൊരു ഭാരതീയനെപ്പോലെ ക്രിസ്ത്യാനിക്കും ഭാരതം സ്വന്തം രാജ്യമാണ്. ദൈവജനത്തെ ഉപദ്രവിക്കുന്ന ശക്തികളേയും അതിന് അനുവാദം നൽകുന്നവരേയും ജീവനുള്ള ദൈവം കൈകാര്യം ചെയ്തുകൊള്ളും.

മതം കേവലം ഒരു രഹസ്യ കാര്യമല്ല. മനുഷ്യന്റെ ആത്മാവും ദൈവവും തമ്മിലുള്ള ഒരു രഹസ്യബന്ധം. അതിന് ബാഹ്യമായ ഒരു വശവും ഉണ്ട്. മനുഷ്യർ ഒരുമിച്ചു ചെയ്യുന്നതും ചെയ്യേണ്ടതുമായ പല കാര്യങ്ങളും പ്രത്യക്ഷമായും ദൃശ്യമായും അനുവർത്തിക്കേണ്ട ആചാരങ്ങളും നിറവേറ്റേണ്ട കടമകളുമെല്ലാം അതിൽ ഉൾപ്പെടും. ക്രിസ്ത്യാനിയുടെ ജീവിതത്തെ മലമേൽ സ്ഥാപിക്കപ്പെട്ട പട്ടണത്തോടു കർത്താവ് ഉപമിച്ചിട്ടുണ്ട്. അതിന് മറഞ്ഞിരിക്കാൻ സാധ്യമല്ല. അതേ സമയം മറ്റുള്ളവർ കാണാനായി കവലകളിൽനിന്ന് പ്രാർത്ഥിക്കുന്നതിനേയും മറ്റുള്ളവരെ കാണിച്ച് ഭിക്ഷ കൊടുക്കുന്നതിനേയും ഭിക്ഷ കൊടുത്ത കാര്യം മറ്റുള്ളവർ അറിയത്തക്കവണ്ണം കാഹളം ഊതിക്കുന്നതിനേയും കർത്താവ് നിശിതമായി വിമർശിച്ചിട്ടുണ്ട്. ക്രിസ്ത്യാനി രഹസ്യമായി പ്രാർത്ഥിച്ചാൽ പോരാ. പരസ്യമായ പള്ളി ആരാധനയിലും പതിവായി സംബന്ധിക്കണം. കുടുംബപ്രാർത്ഥന വേണം, ഉപവസിക്കണം. നോമ്പു നോക്കണം. നേർച്ച കാഴ്ചകൾ നൽകണം. ആതുരശുശ്രൂഷ ചെയ്യണം. സ്നേഹം, കരുണ, വിശ്വസ്തത, നീതി, ജീവിത വിശുദ്ധി മുതലായവ ആത്മീയ കാര്യങ്ങൾക്ക് പ്രഥമസ്ഥാനം നൽകുകയും എല്ലാ ആചാരാനുഷ്ഠാനങ്ങളുടേയും അർത്ഥം തിരിച്ചറിഞ്ഞ്, ആത്മാർത്ഥതയും യാഥാർത്ഥ്യവും ഉള്ളവരായിരിക്കണം. സകലവും അറിയുന്ന ദൈവത്തെ കബളിപ്പിക്കുക സാധ്യമല്ല. മനുഷ്യൻ മുഖം നോക്കുന്നു. ദൈവം അന്തരംഗത്തേയും. നമ്മുടെ പള്ളികളിൽ ഇപ്പോൾ നടമാടുന്ന പല സമ്പ്രദായങ്ങളും വെറും വലുപ്പം കാണിക്കുന്നതിനുവേണ്ടി മാത്രം നടത്തപ്പെടുന്നവയാണ്. ദൈവരാജ്യകെട്ടുപണിക്കുവേണ്ടി ചിലവിടേണ്ട പണം; പേരു കേൾപ്പിക്കേണ്ടിയ എന്തെങ്കിലും ആവശ്യത്തിനു ചെലവിടുന്നതായി കാണാം. പെരുന്നാളുകൾ അവയുടെ ഉദ്ദേശത്തിൽനിന്നും അകന്ന് വെറും കൂത്തു രംഗങ്ങൾക്കും വിളയാട്ടങ്ങൾക്കും ഡാൻസിനും വെടിക്കെട്ടിനുമായിട്ടുള്ള അവസരമാകുന്നുണ്ട്. മനുഷ്യൻ കൂടണമെങ്കിൽ ഇങ്ങനെയൊക്കെ വേണമെന്നു മറുപടിയും പറയും.

അപ്രിയ സത്യങ്ങൾ തുറന്നു പറയാൻ മടിക്കാത്ത ആൾ എന്ന നിലയിൽ ഇപ്പോഴത്തെ മാർപ്പാപ്പ നടത്തിയ ഒരു പ്രസംഗം കേൾക്കാനിടയായി. ചില വരികൾ ഇവിടെ ഉദ്ധരിക്കട്ടെ. “ആദ്ധ്യാത്മിക ലൗകീകത നമ്മുടെ സഭയെ കീഴ്പ്പെടുത്തുകയോ, ദുഷിപ്പിക്കുകയോ അതുവഴി അതിന്റെ ആരംഭത്തെ ആക്രമിക്കുകയോ ചെയ്യുകയാണെങ്കിൽ അതായിരിക്കും ഏറ്റവും വലിയ വിനാശകരമായ ലൗകീകത്വം. സഭയുടെ ചരിത്രത്തിലുണ്ടായ കുഷ്ഠരോഗത്തെക്കാൾ ദാരുണമായ പ്രശ്നമാണ് ആദ്ധ്യാത്മിക ലൗകികത്വം”. അദ്ദേഹം എന്താണ് ആത്മീക ലൗകികത്വം എന്ന് വിവരിക്കുന്നുണ്ട്. സ്വർണ്ണക്കുരിശും സ്വർണ്ണ കാസായും സ്വർണ്ണക്കൊടിമരവും നസ്രായന്റെ മരക്കുരിശിനോട് ചേർന്നു നിൽക്കുന്നതല്ല. ലോകത്തിലെ ഭരണ കർത്താക്കളുടെയും രാജാക്കന്മാരുടെയും, കോടീശ്വരന്മാരുടെയും കൊട്ടാരങ്ങളോടു സമാനമായ അരമനകളും നസ്രായന്റെ ഇടയന്മാർക്ക് ചേർന്നതല്ല. ഇതാണ് ലൗകികത്വം എന്നാണ് മാർപ്പാപ്പ സൂചിപ്പിക്കുന്നത്.

ആഗോളവൽക്കരണത്തിൽ സഭകൾ ആദ്ധ്യാത്മിക ലൗകികത്വത്തിൽ വീണിരിക്കുന്നു. അതിന്റെ വ്യക്തമായ മറ്റൊരു അടയാളമാണ് ആരാധനയും കൂദാശകളും മൊബൈലുകളിൽ പകർത്താനുള്ള ഭ്രമം. ഏതൊരു പ്രവർത്തിയേയും വിലയിരുത്തേണ്ടത് അതിന്റെ ഉദ്ദേശ ശുദ്ധിയിൽ നിന്നാണ്. വിശുദ്ധ ആരാധന മൊബൈലിൽ പകർത്താൻ ശ്രമിക്കുമ്പോൾ അവർക്ക് ദൈവസാന്നിദ്ധ്യം അനുഭവിക്കുവാൻ സാധിക്കുമോ? നിത്യവും ആരാധനയിൽ പങ്കെടുക്കുവാൻ സാദ്ധ്യതയുള്ള വിശ്വാസികൾ ആരും തന്നെ വീഡിയോ ക്ളിപ്പിംഗുകളുടെ മുമ്പിൽ ചടഞ്ഞിരിക്കരുത്.

ലോകത്തിന്റെ അളവുകോൽ അല്ല ദൈവത്തിന്റെ അളവുകോൽ. ലോകത്തിന്റെ തൂക്കമല്ല. ദൈവത്തിന്റെ തൂക്കം. ദൈവം ആത്മാക്കളെ തൂക്കി നോക്കുന്നു. (സുഭ.16:2) ലോകത്തിന്റെ വമ്പും പൊങ്ങച്ചവും മനുഷ്യരുടെ മുഖസ്തുതിയും എല്ലാം ഊതി വീർപ്പിക്കുന്ന ബലൂൺ പോലെയിരിക്കും. പ്രവർത്തികളെ തൂക്കി നോക്കുന്ന സമയമുണ്ട്. അകത്തു ഘനമായിട്ടൊന്നുമില്ലെങ്കിൽ തൂക്കത്തിൽ കുറവുള്ളവനായി കണ്ടെത്തപ്പെടും. അങ്ങനെ കണ്ടെത്തിയാൽ ദൈവത്തിന്റെ അലംഘനീയമായ നീതി നടത്തലിന് അവർ വിധേയരായിത്തീരും. ഇത് മനസ്സിലാക്കി പ്രവർത്തിച്ച് നന്മ അനുഭവിക്കുവാൻ ദൈവം സഹായിക്കട്ടെ.

എന്ന്

നിങ്ങളുടെ പ്രിയ റോയി അച്ചൻ

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

2023 ലെ ജൂൺ മാസത്തിലേക്ക് നാം പ്രവേശിച്ചുവല്ലോ. ജൂൺ മാസം പരി. സഭയെ സംബന്ധിച്ചിടത്തോളം ശ്ലീഹാനോമ്പിന്റെ ദിനങ്ങളാണല്ലോ. 16 മുതൽ ആരംഭിക്കുന്ന നോമ്പ് 29 നാണല്ലോ സമാപ്തി കുറിക്കുന്നത്. സഭാമക്കളായ നാം എല്ലാവരും നോമ്പ് ആചരിക്കുവാൻ കടപ്പെട്ടവരാണ്. അവസാനത്തെ മൂന്ന് ദിവസങ്ങൾ നിർബന്ധമായും എല്ലാവരും നോമ്പ് ആചരിക്കണം. ക്രിസ്തുവിന്റെ വിളിക്കനുസരിച്ച് ക്രിസ്തുവിനോട് ചേർന്ന് ഒന്നായി ജീവിച്ച അപ്പസ്തോലന്മാരുടെ സ്മരണ ശ്ലീഹാനോമ്പിൽ നാം നിർവഹിക്കുന്നു. അപ്പസ്തോലന്മാർ യേശുവിനെ കർത്താവും രക്ഷകനുമായി സ്വീകരിച്ചവരും, യേശുവിനെ പ്രതി തങ്ങളെത്തന്നെ ശൂന്യവത്ക്കരിച്ച് അവനായി ജീവിതത്തെ ക്രമീകരിച്ചവരുമാണ്. യേശുവിന്റെ സുവിശേഷം തങ്ങളിൽ ജീവിക്കുവാൻ അനുവദിച്ചവരും, സുവിശേഷത്തിനുവേണ്ടി പുതിയ സൃഷ്ടിയായിത്തീർന്നവരുമാണ്. യോഹന്നാൻ അപ്പസ്തോലനൊഴികെ മറ്റുള്ള എല്ലാവരും രക്ഷസാക്ഷിത്വം ഏറ്റവരുമാണ്. തങ്ങളെത്തന്നെ ക്രിസ്തുവിനായി പ്രതിഷ്ഠിച്ച്, ക്രിസ്തുവിനുവേണ്ടി ജീവിച്ചവരും, ക്രിസ്തുവിനുവേണ്ടി മരിച്ചവരുമാണ് അപ്പസ്തോലന്മാർ. അവരുടെ സ്മരണ നമ്മുടെ ജീവിതത്തെ ഒന്ന് വിചിന്തനം നടത്താനും, പുതിയ സൃഷ്ടിയായിത്തീർന്ന് ക്രിസ്തുവിനുവേണ്ടി ജീവിതത്തെ ക്രമീകരിക്കുവാനും നമുക്ക് മാതൃകയാകണം. പൗലോസ് അപ്പസ്തോലൻ ഓർപ്പിക്കുന്ന 'എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു' (ഫിലി. 1:21) എന്നത് നമ്മുടെ ജീവിതത്തെ നയിക്കുന്നതാകണം. സ്വാർത്ഥത നിറഞ്ഞ ഇന്നത്തെ ലോകത്തിൽ ക്രിസ്തുവിനുവേണ്ടി സ്വയം ശൂന്യവത്കരിക്കുന്ന, ക്രിസ്തുവിൽ വസിച്ച് ക്രിസ്തുവിനുവേണ്ടി ജീവിക്കുന്ന വിശ്വാസികളായി നമുക്ക് ആയിത്തീരേണ്ടതുണ്ട്. അതാകട്ടെ ഈ വർഷത്തെ നമ്മുടെ ശ്ലീഹാനോമ്പിനെ അർത്ഥപൂർണ്ണമാക്കുന്നതും, വ്യത്യസ്തതയുള്ളതാക്കുന്നതും.

ജൂൺ 10,11 തീയതികളിൽ ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമമെത്രാപ്പോലീത്താ അഭി. ഗീവർഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 96-ാമത് ശ്രാദ്ധപ്പെരുന്നാൾ നാം കൊണ്ടാടുകയാണല്ലോ. വന്ദ്യ പിതാവിന്റെ ആത്മീയ നേതൃത്വത്തിൽ പല പുതിയ പള്ളികളും ആരംഭിക്കുന്നതിന് സാധിച്ചു. ചിങ്ങവനത്ത് സെമിനാരിയുടെ നിർമ്മാണം, ചിങ്ങവനം, വാകത്താനം, കല്ലിശ്ശേരി, കറ്റോട് എന്നിവിടങ്ങളിൽ മിഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, 'മോർ സേവേറിയോസ് വിദ്യാഭ്യാസനിധി' ആരംഭിക്കുവാനും സാധിച്ചു. നമ്മെ നയിച്ച മേൽപ്പട്ടക്കാരെയും, വൈദികരെയും ഓർക്കുക എന്നത് പാരമ്പര്യമാകുന്നുവല്ലോ. അവർ സ്വർഗ്ഗീയ ത്രോണോസിൽ നമുക്കുവേണ്ടി ഇന്ന് ബലി അർപ്പിക്കുന്നവരാകയാൽ അവരുടെ ശ്രാദ്ധപ്പെരുന്നാൾ ഏറ്റവും സമുചിതമായി ആചരിക്കുവാൻ നമുക്കെല്ലാവർക്കും സാധിക്കണം. വന്ദ്യ പിതാവിന്റെ പ്രാർത്ഥന നമുക്കെല്ലാം കോട്ടയാകട്ടെയെന്ന് ആശംസിക്കുന്നു. അതോടൊപ്പം ഈ വർഷവും ശ്രാദ്ധപ്പെരുന്നാൾ ഏറ്റവും സമുചിതമായി ആചരിക്കുവാൻ ശുഷ്കാന്തിയോടെ പ്രവർത്തിച്ച വന്ദ്യ പിതാവ് കബറടങ്ങിയിരിക്കുന്ന കോട്ടയം വലിയ പള്ളിയിലെ വികാരി, ട്രസ്റ്റി, ഇടവക നിർവാഹകസമിതി അംഗങ്ങൾ ഉൾപ്പെടെ ശ്രാദ്ധപ്പെരുന്നാൾ കമ്മിറ്റി അംഗങ്ങളെയെല്ലാം അനുമോദിക്കുന്നു. ഈ വർഷത്തെ ശ്രാദ്ധപ്പെരുന്നാൾ അനുഗ്രഹകരമായി ആചരിക്കുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

കാനഡയിൽ ടൊറൊന്റോയിൽ സെന്റ് ഇഗ്നാത്തിയോസ് ക്നാനായ ഇടവകയ്ക്ക് സ്വന്തമായി ഒരു ദൈവാലയം വാങ്ങിക്കുവാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്. ആ പള്ളിയിലെ വികാരി, ട്രസ്റ്റി, സെക്രട്ടറി, ഇടവക നിർവാഹകസമിതി ഉൾപ്പെടെ അവിടുത്തെ എല്ലാ വിശ്വാസികളും ഒറ്റക്കെട്ടായി ചേർന്ന് അതിനുവേണ്ടി പ്രവർത്തിച്ചു. അതിൽ സഹകരിച്ചവരെ, നേതൃത്വം നൽകിയവരെ, എല്ലാവരെയും പ്രത്യേകമായി അനുമോദിക്കുന്നു. ദൈവാലയത്തിനുവേണ്ടി പ്രവർത്തിച്ചവരെ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ മാസത്തിൽ പുതിയ അദ്ധ്യയന വർഷം ആരംഭിച്ചുവല്ലോ. വിദ്യാഭ്യാസം വഴി മാത്രമെ പുതിയ ദർശനങ്ങളും കാഴ്ചപ്പാടുകളും ഉണ്ടാകുകയുള്ളു. നമ്മുടെ കുട്ടികൾ അലസത ഇല്ലാതെ നല്ല രീതിയിൽ വിദ്യ അഭ്യസിക്കുവാൻ ദൈവം ആരോഗ്യവും, കൃപകളും നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ കുട്ടികൾ ഉന്നതമായ സ്ഥാനത്ത് വിദ്യയിലൂടെ എത്തിച്ചേരുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അദ്ധ്യാപകർക്കും ദൈവകൃപ നിറയുവാൻ ഇടയാകട്ടെ.

*(ശേഷം പേജ് 8-ൽ)*



# സമുദായ വാർത്തകൾ

റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ, കഴിഞ്ഞ മെയ് മാസം ക്നാനായ സമുദായത്തെ സംബന്ധിച്ച് നിർണ്ണായകമായിരുന്നു. ഏറ്റവും പ്രധാനമായി സമുദായത്തിലെ ഭവനരഹിതരായ ആളുകൾക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിന് ആരംഭം കുറിച്ചു. ക്നാനായ സമുദായത്തിന്റെ "ഏഴില്ലം പദ്ധതിയുടെ ഭാഗമായി റാന്നിയിൽ മോതിരവയലിൽ ഉള്ള ശ്രീ.തോമസ് മാമൻ പുത്തൻപുരയ്ക്കൽ സമുദായത്തിന് സംഭാവനയായി തന്ന സ്ഥലത്ത്, ഭവനരഹിതരായ സമുദായ അംഗങ്ങൾക്ക് പാർപ്പിടം നിർമ്മിച്ച് നൽകുന്നതിനുവേണ്ടിയുള്ള 'സേവേറിയോസ് ക്നാനായ ഹൗസിംഗ് പ്രോജക്ടിന്റെ' ശിലാസ്ഥാപനം മെയ് മാസം 21-ാം തീയതി ഞായറാഴ്ച മൂന്നുമണിയ്ക്ക് ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ബഹു.കേരള മൃഗസംരക്ഷണ വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചു റാണി ഉദ്ഘാടനം നിർവ്വഹിച്ചു.

കേരളത്തിന്റെ സാംസ്കാരിക, വിദ്യാഭ്യാസ, ആരോഗ്യ, നവോത്ഥാന രംഗത്ത് ക്നാനായ സമുദായത്തിന്റെ പങ്ക് ശ്ലാഘനീയമാണെന്നും, കേവലം സാമുദായിക പ്രവർത്തനത്തിൽ ഉപരിയായി സാമൂഹിക പ്രതിബന്ധതയോടുകൂടി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തെ മുൻനിരയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും പരിശ്രമങ്ങളും ആണ് സമുദായത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത് എന്നും മന്ത്രി ഉദ്ബോധിപ്പിച്ചു.

പ്രമോദ് നാരായണൻ M.L.A., സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം, ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, ഫാ.റോയി മാത്യൂ കോർ എപ്പിസ്ക്കോപ്പാ മുളമൂട്ടിൽ, ഫാ. ഏലിയാസ് ഇളവൻകലം, ജേക്കബ് തോമസ് മറ്റയ്ക്കാട്ട്, ആലിച്ചൻ ആറൊന്നിൻ, റ്റി.സി.തോമസ് തോപ്പിൽ, വില്ലി വടാമറ്റം, സാബു കണ്ണാട്ടിപ്പുഴ, ഉതുപ്പാൻ തോമസ് വള്ളപ്പുരയ്ക്കൽ, അനിത അനിൽകുമാർ, ജേക്കബ് ലൂക്കോസ് ഏബ്രഹാം, ഷൈനി രാജീവ്, ജോജോ കോവൂർ, തോമസ് മാമ്മൻ പുത്തൻപുരയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

30-05-2023 ൽ ക്നാനായ അസ്സോസിയേഷൻ കൂടുന്നതിനുവേണ്ടി ക്നാനായ സമുദായ സെക്രട്ടറി നിയമപ്രകാരം നോട്ടീസ് അയച്ചിരുന്നു. കൂടാതെ ആരും കോടതിയിൽ നിന്നും എക്സ്പാർട്ടി സ്റ്റേ വാങ്ങാതെയിരിക്കുന്നതിന് വേണ്ടി ക്നാനായ കമ്മിറ്റി കോടതിയിൽ കവിയറ്റ് ഫയൽ ചെയ്തിരുന്നു. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ. രണ്ട് അസ്സോസിയേഷൻ അംഗങ്ങൾ ഈ മീറ്റിംഗ് സ്റ്റേ ചെയ്യുന്നതിനുവേണ്ടി കേസ് ഫയൽ ചെയ്തു.

എതിർ കക്ഷികൾക്ക് എക്സ്പാർട്ടി സ്റ്റേ ലഭിച്ചില്ല. ശക്തമായി ഈ കേസിനെ കമ്മിറ്റി കോടതിയിൽ നേരിട്ടു. ആയതിന്റെ ഫലമായി ക്നാനായ അസ്സോസിയേഷൻ കൂടുന്നതിനെതിരെ രണ്ട് അസ്സോസിയേഷൻ അംഗങ്ങൾ കൊടുത്ത സ്റ്റേ ആപ്ലിക്കേഷൻ കേസ് 29-05-2023 ന് കോട്ടയം ജില്ലാ കോടതി തള്ളിക്കളഞ്ഞതിനാൽ ക്നാനായ സമുദായത്തിന്റെ അസ്സോസിയേഷൻ യോഗം 30-5-2023 ന് 10.30 A.M.ന് പുതുതായി നവീകരിച്ച് ശീതീകരിച്ച ചിങ്ങവനം മോർ അപ്രേം സെമ്മിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ കൂടുവാൻ സാധിച്ചു. വിവിധ രാജ്യങ്ങളിൽ നിന്നും വൈദികരും പള്ളി പ്രതിപുരുഷന്മാരും ഉൾപ്പെടെയുള്ള 174 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. ക്നാനായ സമുദായത്തിലെ എല്ലാ പള്ളി പ്രതിപുരുഷന്മാരും ഹാജർ ബുക്കിൽ ഒപ്പ് രേഖപ്പെടുത്തിയതിനുശേഷം ഐഡി കാർഡ് സ്വീകരിച്ച് കൃത്യസമയത്ത് തന്നെ അത് ധരിച്ച് അസ്സോസിയേഷൻ ഹാളിൽ പ്രവേശിച്ചു. ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ മീറ്റിംഗിൽ, പ്രാർത്ഥനയെ തുടർന്ന് ധ്യാനപ്രസംഗം റവ. ഫാ. ഷാജൻ കുര്യൻ നിർവ്വഹിച്ചു. പിന്നീട് കഴിഞ്ഞ അസ്സോസിയേഷൻ മീറ്റിംഗിനു ശേഷം വാങ്ങിപ്പോയ വൈദികർക്ക് വേണ്ടിയും അസ്സോസിയേഷൻ അംഗങ്ങൾക്കു വേണ്ടിയും അനുശോചനം അറിയിച്ചുകൊണ്ട് അവരുടെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിച്ചു.

പിന്നീട് സമുദായ മെത്രാപ്പോലീത്ത യോഗത്തെ അഭിസംബോധന ചെയ്ത് പ്രസംഗിച്ചു. ക്നാനായ അസ്സോസിയേഷൻ ഹാൾ പുനർനിർമ്മിച്ച് നവീകരിച്ച് ശിതീകരിച്ച ക്നാനായ മാനേജിംഗ് കമ്മിറ്റിയെ അനുമോദിച്ചു. കൂടാതെ അസ്സോസിയേഷൻ പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നതിന് കോടതി വിലക്ക് ഉള്ള ഈ സാഹചര്യത്തിൽ കോടതിയോടുള്ള എല്ലാ ബഹുമാന ആദരവും നിലനിർത്തിക്കൊണ്ട് ഒരു താൽക്കാലിക പ്രസിഡന്റിനെ ഒരു ദിവസത്തേയ്ക്ക് തിരഞ്ഞെടുക്കണമെന്നും ആവശ്യപ്പെട്ടു. താല്ക്കാലികമായി ഈ മീറ്റിംഗിന്റെ പ്രസിഡന്റായി വികാരി ജനറാൾ ആയിരിക്കുന്നത് നല്ലതാണെന്ന് തിരുമേനി നിർദ്ദേശം വയ്ക്കുകയും ചെയ്തു. എന്നാൽ ചിലയാളുകൾ വികാരി ജനറാൾ പ്രസിഡന്റ് ആകുന്നതിനെ എതിർക്കുകയും വേറെ വൈദികർ ആകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പിന്നീട് സമു

ദായ സെക്രട്ടറി അംഗങ്ങളുടെ ആവശ്യപ്രകാരം പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നതിനെ തടസ്സപ്പെടുത്തുവാൻ കേസ് കൊടുത്ത ജെയിംസ് ജേക്കബ് വിലങ്ങൻപാറയും, സ്ക്കറിയാ അറയ്ക്കലും കൊടുത്ത OS/45/IA NO 10/2022 കേസിന്റെ വിധി അംഗങ്ങളെ വായിച്ചു കേൾപ്പിച്ചു. പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്ന പ്രക്രിയയ്ക്കും മറ്റുമായി സമുദായ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിനു ശേഷം സമുദായ മെത്രാപ്പോലീത്ത ഹാളിൽ നിന്ന് പിൻവാങ്ങുകയും ചെയ്തു.

താല്ക്കാലിക അസ്സോസിയേഷൻ പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നതിന് മൂന്നു വൈദികരുടെ പേരുകൾ നിർദ്ദേശിക്കുകയുണ്ടായി. വികാരി ജനറാൾ റവ.ഫാ.വി.എ.ഏബ്രഹാം ഇളയശ്ശേരി, റവ.ഫാ. രാജൻ ഏബ്രഹാം കുളമടയിൽ, റവ.ഫാ.തോമസ് ഏബ്രഹാം കടപ്പനങ്ങാട്ട് എന്നിവർ ആയിരുന്നു. ഇവരിൽ റവ.ഫാ. രാജൻ ഏബ്രഹാം കുളമടയിൽ പിന്മാറുകയും അവശേഷിച്ച ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരിയും, ഫാ.തോമസ് ഏബ്രഹാം കടപ്പനങ്ങാട്ട് എന്നിവരെ അനുകൂലിക്കുന്നവർ എഴുന്നേറ്റു നിൽക്കുവാൻ ആഹ്വാനം ചെയ്തപ്പോൾ ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരിയ്ക്കുവേണ്ടി 85% മെമ്പർമാരും എഴുന്നേറ്റു നിൽക്കുകയും, ഫാ. തോമസ് ഏബ്രഹാം കടപ്പനങ്ങാടിനുവേണ്ടി ആരും എഴുന്നേൽക്കാതെയിരിക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ ഫാ.വി.എ.ഏബ്രഹാം ഇളയശ്ശേരിയെ താൽക്കാലിക അസ്സോസിയേഷൻ പ്രസിഡന്റായി തിരഞ്ഞെടുത്തു ഫലം പ്രഖ്യാപിച്ചു.

അതിനുശേഷം സമുദായ സെക്രട്ടറി നോട്ടീസ് വായിച്ചു കഴിഞ്ഞ് മൂന്നു വൈദികരും മൂന്നു അൽമായരും ക്നാനായ അസ്സോസിയേഷൻ മെമ്പർമാരായി സത്യപ്രതിജ്ഞ ചെയ്തു. തുടർന്ന് അസ്സോസിയേഷൻ പ്രസിഡണ്ട് ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അസ്സോസിയേഷൻ യോഗത്തിൽ നോട്ടീസിലെ അജണ്ടയിലെ 5-ാമത്തെ ഐറ്റമായ സമുദായത്തിലെ മേഖലകളിലെ ഭരണഘടനാ വിരുദ്ധമായി ഉടലെടുത്തുകൊണ്ടിരിക്കുന്ന പ്രതിസന്ധികളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്തു.

ചർച്ചയിൽ അമേരിക്കയിലെ ഡിട്രോയിറ്റ് പള്ളിയുടെ അസ്സോസിയേഷൻ മെമ്പർ ബഹു. അജയ് വാഴയ്ക്കൽ അമേരിക്കയിലെ പള്ളികളിലെ വിഷയങ്ങൾ ദീർഘമായി പ്രതിപാദിച്ചു.

പിന്നീട് റവ. ഫാ.തോമസ് ഏബ്രഹാം മലേശ്ശേരി സഹായമെത്രാൻമാരെ തിരഞ്ഞെടുക്കുന്നതിന് മുമ്പ് അവരുടെ ചുമതല തീരുമാനിക്കണമായിരുന്നു എന്നും ഒരു വൈദികനെ സസ്പെൻഡ് ചെയ്യുന്നതിന്റെ മാനദണ്ഡം എന്താണെന്നും, അമേരിക്കയിൽ നിന്നും സസ്പെൻഡ് ചെയ്ത വൈദികൻ നാട്ടിൽ വന്നാൽ അവരെ കുർബ്ബാന ചൊല്ലിക്കുമോ എന്നും ചോദിച്ചു. ആയതിന് പ്രസിഡന്റ് മറുപടിയായി ഭരണഘടന 96A അനുസരിച്ച് സമുദായ മെത്രാപ്പോലീത്തായ്ക്ക് മാത്രമെ വൈദികരുടെമേൽ നടപടിയെടുക്കുവാൻ സാധിക്കുകയുള്ളൂ. അതനുസരിച്ച് പ്രവർത്തിക്കണമെന്നും പ്രസിഡന്റ് മറുപടി നൽകി.

വൈദികരുടെ മേൽ ആര് നടപടിയെടുക്കണമെന്ന് 2003 ഭരണഘടനയിൽ കൃത്യമായി പറഞ്ഞിട്ടുണ്ടെന്നും 2003 ഭരണഘടനയാണ് ഇപ്പോൾ നിലവിലെന്നും അതിന് കോടതി ഉത്തരവ് ഉണ്ട് എന്നും സമുദായ സെക്രട്ടറി പറഞ്ഞു. ഭരണഘടനയിൽ ഇല്ലാത്ത അധികാരം സഹായമെത്രാന്മാർക്ക് എങ്ങനെയുണ്ടാവും എന്നും, മേഖലകളിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ആ വിവരം സമുദായ മെത്രാപ്പോലീത്തായെ അറിയിക്കണം എന്നും സമുദായ മെത്രാപ്പോലീത്ത ഉചിതമായ തീരുമാനം എടുക്കുമെന്നും സെക്രട്ടറി പറഞ്ഞു

ക്നാനായ കമ്മിറ്റി സമുദായത്തിലെ പ്രശ്ന പരിഹാരത്തിന് എന്തു ചെയ്തു എന്ന ചോദ്യത്തിന് 30-05-2023 ൽ ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലും സംയുക്തമായി മോർ അപ്രം സെമിനാരിയിൽ മീറ്റിംഗ് കൂടി ഒരു പ്രൊപ്പോസൽ ഉണ്ടാക്കി എല്ലാ മെത്രാൻമാരെയും ക്ഷണിച്ചു. മീറ്റിംഗിൽ ആ പ്രൊപ്പോസൽ കൊടുത്തു. ഭരണഘടനപ്രകാരം പ്രൊപ്പോസൽ ഡിസ്കസ് ചെയ്യാമെന്ന് പറഞ്ഞപ്പോൾ ഇത് ഞങ്ങൾ തുറന്നു നോക്കില്ല. പാത്രിയർക്കീസ് ബാവ പറയുന്നത് അനുസരിച്ച് മാത്രമേ ഞങ്ങൾ പ്രവർത്തിക്കുകയുള്ളൂ എന്നും ആയതുകൊണ്ട് ഈ പ്രൊപ്പോസൽ അംഗീകരിക്കില്ല എന്നും പറഞ്ഞ് അവർ ഇറങ്ങിപ്പോവുകയാണ് ഉണ്ടായത്. വീണ്ടും ക്നാനായ കമ്മിറ്റി സമുദായ മെത്രാപ്പോലീത്തായെ കൊണ്ട് മീറ്റിംഗിന് ഡേറ്റ് പറഞ്ഞ് സഹായ മെത്രാപ്പോലീത്താമാരെ ക്ഷണിക്കുകയുണ്ടായി. എന്നാൽ നിശ്ചയിച്ച ഡേറ്റിന്റെ അന്ന് രാവിലെ അവർ വരില്ല എന്ന് അറിയിക്കുക ഉണ്ടായി എന്നും ഇപ്പോഴും ഞങ്ങൾ ചർച്ചയ്ക്ക് തയ്യാറാണെന്നും സെക്രട്ടറി യോഗത്തെ അറിയിച്ചു. ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലും ഉണ്ടാക്കിയ പ്രൊപ്പോസലിന്റെ കോപ്പി അസ്സോസിയേഷനിൽ സമർപ്പിച്ചു.

പിന്നീട് ബഹു. രാജൻ കുളമട അച്ചൻ, ഭരണഘടനപ്രകാരം സമുദായത്തിന്റെ ഭരണാധിപൻ സമുദായ മെത്രാപ്പോലീത്ത ആണെന്നും സഹായ മെത്രാൻമാരുടെ അധികാര അവകാശങ്ങൾ അസ്സോസിയേഷൻ തീരുമാനിച്ച് സമുദായ മെത്രാപ്പോലീത്ത നടപ്പാക്കേണ്ടിയതാണെന്നും പറഞ്ഞു. ആയതിനാൽ സമുദായ മെത്രാപ്പോലീത്ത സഹായമെത്രാൻമാരുടെ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലുമായി ആലോചിച്ച് അസ്സോസിയേഷനിൽ കൊണ്ടുവരണമെന്ന് പറഞ്ഞു. അതിനു ഒരു മറുപടിയായി പ്രസിഡന്റ് പറഞ്ഞു സമുദായ മെത്രാപ്പോലീത്ത അങ്ങനെ ഒരു മീറ്റിംഗ് വിളിച്ചിരുന്നു എന്നും സഹായ മെത്രാൻമാർ വന്നില്ല എന്നും പറഞ്ഞു. ഈ അസ്സോസിയേഷൻ വീണ്ടും മെത്രാപ്പോലീത്തായോട് സഹായ മെത്രാന്മാരും ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലുമായി മീറ്റിംഗ് വിളിക്കുവാൻ ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ലിനു ചെറിയാൻ വരാത്തറ നീലംപേരൂർ പള്ളി അവതാരകനും ബിനു വി.സി. വാഴുത്തറ അനുവാദകനുമായി താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു.

ക്നാനായ സമുദായത്തിന് നിലവിൽ സഹായമെത്രാന്മാർ ഉൾപ്പെടെ നാല് മെത്രാന്മാർ ഉള്ളതും അവരിൽ സീനിയർ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത ആകയാൽ അദ്ദേഹത്തെ ഇനി മുതൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത എന്ന പേരിൽ അറിയപ്പെടണമെന്നും കൂടാതെ ക്നാനായ ഭദ്രാസനം ഒരു ആർച്ച് ഡയോസിസ് ആകയാൽ സമുദായ മെത്രാപ്പോലീത്ത ഇനി മുതൽ ആർച്ച് ബിഷപ്പ് എന്ന പേരിൽ വിളിക്കപ്പെടണമെന്നും ഇന്ന് കൂടുന്ന (30/05/2023 -ൽ) അസ്സോസിയേഷൻ തീരുമാനിച്ച് നടപ്പിലാക്കണം എന്നുമായിരുന്നു. അംഗങ്ങൾ ഹർഷാരവത്തോടെ ഐക്യകണ്ഠേന ആ പ്രമേയം പാസ്സാക്കി.

പിന്നീട് ബൈജുമോൻ ചാക്കോ ഇരവിപേരൂർ അവതാരകനും, ഷിനോ ജോസഫ് കോട്ടയം അനുവാദകനുമായി താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു.

പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ കല്പന പ്രകാരം ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറി

യാക്കോസ് മോർ സേവേറിയോസ് തിരുമേനി ലെബനോനിൽ 2023 ജൂൺ 6 മുതൽ 10 വരെ കൂടുന്ന സിനഡിൽ സംബന്ധിക്കുമ്പോൾ ക്നാനായ സമുദായത്തിന്റെ ഭരണ സംബന്ധമായ കാര്യങ്ങളിൽ യാതൊരു എഗ്രിമെന്റിലോ, തീരുമാനങ്ങളിലോ, ക്നാനായ കമ്മറ്റിയുടെയും ക്നാനായ അസോസ്സിയേഷന്റെയും അറിവോടുകൂടിയല്ലാതെ ഒപ്പുവയ്ക്കാൻ പാടില്ലാത്തത് ആകുന്നു എന്ന് 30-05-2023 ൽ കൂടിയ ക്നാനായ അസ്സോസിയേഷൻ തീരുമാനിച്ച് മെത്രാപ്പോലീത്താമാരെ അറിയിക്കുവാൻ തീരുമാനിക്കണം. അസ്സോസിയേഷൻ അംഗങ്ങൾ ഹർഷാരവത്തോടെ ഐക്യകണ്ഠേന ആ പ്രമേയം പാസ്സാക്കി.

പിന്നീട് കെ. എ. തോമസ് കോമരത്തും പറമ്പിൽ ചെങ്ങളം അവതാരകനും വി. എസ്. തോമസ് ഐത്തലപ്പള്ളി അനുവാദകനുമായി താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു.

ക്നാനായ സമുദായത്തെ പരി. പാത്രിയർക്കീസ് ബാവാ അതിഭദ്രാസനമാക്കിയിരിക്കുകയാണ്. ഒരു ഭദ്രാസനത്തിന്റെ കീഴിൽ വേറെ ഭദ്രാസനം ഉണ്ടാക്കുവാൻ സാധ്യമല്ല. എന്നാൽ ഇപ്പോൾ സമുദായത്തിലെ ബഹുമാനപ്പെട്ട വൈദികരെ മേഖല അടിസ്ഥാനത്തിൽ വീതിച്ച് ഓരോ ദൈവാലയങ്ങളിൽ നിയമിച്ചിരിക്കുന്നു. ഇത് ഭരണഘടനാ ലംഘനമാണ്. ആയതിനാൽ ബഹു. വൈദികരെ ഇനിയും ഭാവിയിൽ മേഖല അടിസ്ഥാനത്തിൽ ട്രാൻസ്ഫർ നടത്തുവാൻ പാടില്ല എന്നും ഭരണഘടന പ്രകാരം കേന്ദ്രത്തിൽ നിന്നും മാത്രം സമുദായത്തിലെ മുഴുവൻ ദൈവാലയങ്ങളിലേയും വൈദികരെ സമുദായ മെത്രാപ്പോലീത്ത നിയമിക്കണം എന്നും 30/05/2023- ൽ കൂടുന്ന ക്നാനായ അസ്സോസിയേഷൻ പാസാക്കണം. അംഗങ്ങൾ ഹർഷാരവത്തോടെ ഐക്യകണ്ഠേന ആ പ്രമയം പാസാക്കി.

സഹായ മെത്രാപ്പോലീത്തന്മാർക്ക് വൈദികരുടെ മേൽ നടപടിയെടുക്കുവാൻ ഭരണഘടന പ്രകാരം യാതൊരു അധികാരവും ഇല്ലെന്നു തുടങ്ങിയ രണ്ടു പ്രമേയങ്ങൾകൂടി അസ്സോസിയേഷനിൽ പാസ്സായി വിസ്താര ഭാരത്താൽ ഈ ലക്കം എല്ലാം എഴുതുന്നതിന് സാധിക്കുന്നില്ല.

14-02-2021 ലെ കമ്മറ്റി തീരുമാനം സമുദായ മെത്രാപ്പോലീത്തയ്ക്ക് യാക്കോബായ പള്ളികളിൽ പ്രവേശനം നിഷേധിച്ചതിനാൽ ഇക്കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകുന്നതുവരെ യാക്കോബായ സഭയിലെ മെത്രാന്മാരെ ക്നാനായ ദൈവാലയങ്ങളിലും ചടങ്ങുകളിലും സ്ഥാപനങ്ങളിലും ക്ഷണിക്കേണ്ടതില്ല എന്ന് ഐക്യകണ്ഠേന തീരുമാനിച്ചു.

തുടർന്ന് 2019-20, 2020-21, 2021-22 കണക്ക്, റിപ്പോർട്ട്, ബാക്കി പത്രം എന്നിവ പാസ്സാക്കാം എന്ന് അനു കുര്യൻ പാടകശ്ശേരി പറയുകയും ലിൻസോ ഇലവൻകുളം പിൻതാങ്ങുകയും ചെയ്തു; പാസാക്കിയതായി പ്രസിഡന്റ് പറഞ്ഞു.

വേറെ വിഷയങ്ങൾ ഇല്ലാത്തതിനാൽ പ്രാർത്ഥനയ്ക്ക് ശേഷം ആറുമണിയോടെ അസ്സോസിയേഷൻ യോഗം അവസാനിച്ചു.

ക്നാനായ സമുദായ ഫാമിലി ഡയറക്ടറേറ്റിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവഹിച്ചു. കുടുംബ ശിഥിലീകരണത്തിനെതിരെയുള്ള ബോധവൽക്കരണം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കുറിയാക്കോസ് മോർ സേവേറിയോസ് പറഞ്ഞു.

കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനി, കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനി, ഫാ. രാജൻ കുളമട, ഫാ.എ.പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ, ഫാ. ജെയിംസ് തോടത്തിൽ, ഫാ. ജിജി പുത്തൻപുരയ്ക്കൽ, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഡോ. ജോ ജോസഫ് എന്നിവർ പ്രസംഗിച്ചു.

മലങ്കര സുറിയാനി ക്നാനായ സമുദായ അംഗമായ ചിങ്ങവനം കേളച്ചന്ദ്ര ശ്രീ. കെ. ജെ. ജോർജ് കർണ്ണാടക നിയമസഭയിലേക്ക് നടന്ന പൊതു തിരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയം കരസ്ഥമാക്കി. അദ്ദേഹം മന്ത്രി സഭയിൽ അംഗമായതിൽ ക്നാനായ സമുദായം അഭിമാനം കൊള്ളുന്നു. അദ്ദേഹത്തിന്റെ വിജയത്തിന് എല്ലാ ആശംസകളും നേരുന്നു.

ക്നാനായ സമുദായത്തിന്റെ ഇടയ ശ്രേഷ്ഠൻ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയ്ക്ക് ക്നാനായ സമുദായത്തിന്റെയും, ക്നാനായ അസോസ്സിയേഷന്റെയും, ക്നാനായ മാനേജിംഗ് കമ്മറ്റിയുടെയും എല്ലാ ക്നാനായ മക്കളുടെയും പ്രാർത്ഥനാപൂർവ്വമായ ജന്മദിനാശംസകൾ നേർന്നു.

ക്നാനായ സമുദായമാകുന്ന നൗകയെ കാറ്റിലും കോളിലും ഇളകാതെ നയിക്കുവാനുള്ള ആയുസ്സും ആരോഗ്യവും ദൈവംതമ്പുരാൻ നല്കട്ടെയെന്ന് ക്നാനായ മക്കൾ പ്രാർത്ഥിക്കുന്നു.

ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റിക്കുവേണ്ടി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
**സമുദായ സെക്രട്ടറി**

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

നമ്മുടെ കുട്ടികൾ ലഹരിക്ക് അടിമപ്പെടാതിരിക്കേണ്ടതുണ്ട്. അതിനായി മാതാപിതാക്കൾ കുട്ടികളുമായി നല്ല സൗഹൃദം സ്ഥാപിച്ച്, അവരോട് സംസാരിച്ച്, അവരുമായി സ്നേഹം പങ്കിട്ട് ജീവിക്കുവാൻ കൂടുതലായി ശ്രദ്ധിക്കേണ്ടതുണ്ട്.

പരീക്ഷകളുടെ ഫലം അറിഞ്ഞു. പലർക്കും ഉന്നതമായ റിസൾട്ട് ദൈവാനുഗ്രഹത്താൽ ലഭിച്ചു. വിജയിച്ച എല്ലാവർക്കും അനുമോദനങ്ങൾ, കുട്ടികളെയും, മാതാപിതാക്കളെയും, അദ്ധ്യാപകരെയും അനുമോദിക്കുന്നു. ലഭിച്ച ഫലം ദൈവാനുഗ്രഹത്താൽ ആണ് എന്ന സത്യം ഉൾക്കൊണ്ട് പുതിയ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാനും അവരെ അനുഗ്രഹിക്കട്ടെ. വിദ്യാഭ്യാസം ലഭിക്കുവാനും ഇടയാകട്ടെ. ദൈവാശ്രയത്തിൽ മുന്നേറുവാൻ ഏവർക്കും സാധിക്കട്ടെ. ഓരോരുത്തർക്കുമുള്ള കഴിവുകൾ കൂടുതൽ വികസിപ്പിക്കുവാൻ ശ്രമിക്കേണ്ടതുണ്ട്.

നമ്മുടെ പള്ളികളിലെല്ലാം ഇടവക ഭാരവാഹികളെ തെരഞ്ഞെടുത്തുവല്ലോ. പുതിയ ഭാരവാഹികളെ അനുമോദിക്കുന്നു. ഇടവക ജനങ്ങളെ കൂടുതൽ വിശ്വാസ തീക്ഷ്ണതയിലേക്ക് നയിക്കുവാനും ഇടവക ജനങ്ങൾ നിങ്ങളിൽ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിക്കുവാനും, ലഭിച്ച അവസരങ്ങൾ ഇടവകയുടെ സമഗ്രമായ അഭിവൃദ്ധിക്കും ഇടയായിത്തീരണം. അതിന് എല്ലാ ആശംസകളും അറിയിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

# ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ക്നാനായ സമൂഹത്തിന് ഉത്സവമായ് 1678-ാം സിറിയൻ ക്നാനായ വാർഷിക സംഗമം

അനീഷ് ടി.സി. തകിടിയിൽ, ക്നാനായ കോൺഗ്രസ് ട്രഷറാർ

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1678-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളിയിലെ മോർ ക്ലീമ്മീസ് നഗറിൽ 2023 മെയ് 12, 13, 14 തീയതികളിൽ അതിവിപുലമായി ആചരിച്ചു. 2023 മെയ് 7 ഞായറാഴ്ച കോട്ടയം സെന്റ് മേരീസ് ക്നാനായ വലിയപള്ളിയിൽ പ്രഥമമെത്രാപ്പോലീത്ത ഗീവർഗീസ് മാർ സേവേറിയോസ് തിരുമേനിയുടെ കബറിടത്തിൽ ധൂപപ്രാർത്ഥനയ്ക്ക് ശേഷം പ്രസിഡന്റ് ഫാ.ജേക്കബ് കല്ലുകുളത്തിന്റെ അദ്ധ്യക്ഷതയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി പതാക-ദീപശിഖ ഛായാചിത്രപ്രയാണം ഉദ്ഘാടനം ചെയ്തു. പതാക ജനറൽ കൺവീനർ ബിജുമോൻ ചാക്കോയും, ഛായാചിത്രം റോയി പുത്തൻപുരയ്ക്കലിനും, ദീപശിഖ അനീഷ് തകിടിയിലിനും നൽകി. ഫാ. ഡോ. തോമസ് ഏബ്രഹാം മലേച്ചേരിൽ സന്നിഹിതനായിരുന്നു. വാകത്താനം സെന്റ് സൈമൺസ് ക്നാനായ പള്ളിയിൽ എത്തി തുടർന്ന് വെള്ളുത്തുരുത്തിപള്ളി, ചിങ്ങവനം ശാലേംപള്ളി, ചിങ്ങവനം ദയറാപള്ളിയിൽ പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനിയുടെ കബറിടത്തിൽ ധൂപപ്രാർത്ഥനയ്ക്കുശേഷം ചിങ്ങവനം പുത്തൻപള്ളി, മന്ദിരം തിരുശേഷിപ്പ് ചാപ്പൽ, കുറിച്ചി സെന്റ് മേരീസ് സൂനോറോ പുത്തൻപള്ളി, നീലംപേരൂർ സെന്റ് ജോർജ് വലിയപള്ളി എന്നീ പള്ളികളിലെ സ്വീകരണങ്ങൾക്ക് ശേഷം വാദ്യമേളങ്ങളുടെ അകമ്പടിയോടെ കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളിയിൽ എത്തി പ്രാർത്ഥനകൾക്കുശേഷം പ്രസിഡന്റ് ഫാ.ജേക്കബ് കല്ലുകുളം പതാക ഉയർത്തി. വളരെ ചിട്ടയായി സമുദായ അംഗങ്ങൾ ആഘോഷത്തോടെ പങ്കെടുത്ത പതാക- ദീപശിഖ-ഛായാചിത്ര പ്രയാണം വേറിട്ട ഒരു കാഴ്ചയായി. അനേക വാഹനങ്ങളും Flash Mob ഉം അകമ്പടി സേവിച്ചു.

**1-ാം ദിവസം 12-05-2023** വെള്ളിയാഴ്ച 8.00 A.M.ന് ഫാ. അജു കെ. തോമസ് കരിമ്പന്നൂർ വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് വിവിധ കലാമത്സരങ്ങൾക്കുശേഷം 6.00 P.M.ന് അഭി. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ മുൻ കേന്ദ്ര മാനവശേഷി വികസനവകുപ്പു മന്ത്രി ശ്രീ. പ്രകാശ് ജാവേദ്ക്കർ M.P.1678-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം ഉദ്ഘാടനം ചെയ്തു. **രാജ്യത്ത് സാമൂഹിക നീതി നടപ്പാക്കാനും വിദ്യാഭ്യാസ ആരോഗ്യ മേഖലകൾ മികവുറ്റതാക്കാനും ക്രൈസ്തവ സമൂഹം നൽകിയിട്ടുള്ള സേവനങ്ങൾ വിലമതിക്കാനാവാത്തതാണെന്ന് അദ്ദേഹം പ്രസ്താവിച്ചു.** ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി.കുറിയാക്കോസ് മോർ സേവേറിയോസ് ആമുഖപ്രസംഗം നടത്തി. റൈറ്റ് റവ.ഡോ.ജോഷാമാർ ഇഗ്നാത്തിയോസ് മുഖ്യ പ്രഭാഷണം നടത്തി. റൈറ്റ് റവ. അഭി. ഗീവർഗീസ് മാർ അപ്രേം അനുഗ്രഹ പ്രഭാഷണം നടത്തി. ശ്രീ.കൊടിക്കുന്നിൽ സുരേഷ് M.P., ശ്രീ ജോബ് മൈക്കിൾ M.L.A., ശ്രീ.പി.കെ.വൈശാഖ് (ജില്ലാപഞ്ചായത്തംഗം), ശ്രീ.തോമസ് ജേക്കബ് കണ്ണാട്ടുപറമ്പിൽ, ശ്രീ. ബിനു കല്ലേമണ്ണിൽ, ജയ്മോൻ മേപ്രത്ത്, ജോബി കാരിക്കോട്ട് എന്നിവർ പ്രസംഗിച്ചു. ശ്രീ.കെ.എം.പുന്നൂസ്(യൂണിയൻ ബ്ലോക്ക്) കുറ്റിയിലിന്റെ **ആത്മകഥ ജീവിതം ഒരു നേർകാഴ്ച** സമുദായ സെക്രട്ടറി ശ്രീ.റ്റി.ഒ. ഏബ്രഹാമിനു നൽകികൊണ്ട് ശ്രീ. പ്രകാശ് ജാവദേക്കർ M.P., പ്രകാശനം ചെയ്തു. ക്നാനായ കോൺഗ്രസിന്റെ ചാരിറ്റി പ്രവർത്തനങ്ങളോട് ചേർന്ന് **ശ്രീ. ബാബു ഏബ്രഹാം &റൂബി ബാബു പട്ടുകാലായിൽ** (ബഹ്റിൻ) കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളിയിലെ 20 കുടുംബങ്ങൾക്ക് പതിനായിരം രൂപാ വീതം നൽകിയതിന്റെ വിതരണം, അഭി. കുറിയാക്കോസ് മാർ സേവേറിയോസ് തിരുമേനി, അഭി. കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനി എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

തുടർന്ന് നടന്ന കലാസന്ധ്യ ഫാ. സേവേറിയോസ് തോമസ്, സിനിമാതാരങ്ങളായ തോമസുകുട്ടി ഏബ്രഹാം, വിനീത് വിശ്വം എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. റ്റിജു പുന്നൂസ് വേലങ്കടവിൽ, അമലു രാജു മുളംതുണ്ടിയിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് **കേണൽ ജോജൻ തോമസ് അശോകചക്ര** കുടുംബം സ്പോൺസർ ചെയ്തു ആലപ്പുഴ റെയ്ബാൻ ഓർക്കസ്ട്രയുടെ ഗാനമേളയും നടന്നു. ആരാധനാഗീതം, പുരാതനഗീതം, സുറിയാനി ഗീതം ഇവയ്ക്ക് ഒന്നാം സമ്മാനം നേടുന്നവർക്ക് അശോകചക്ര കേണൽ ജോജൻ തോമസ് എവർറോളിംഗ് ട്രോഫികൾ ഈ വർഷം മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്.

**രണ്ടാം ദിവസം** 13-05-2023 ശനിയാഴ്ച 8.00 A.M.ന് ഫാ. ബിനോജ് കുറിയാക്കോസ് തുണ്ടിയിൽ വി. കുർബ്ബാന അർപ്പിച്ചു 2.00 P.M. ന് കുടുംബവേദി ശ്രീ. ജസ്റ്റിൻ തോമസ് HRD (Trainer and Counselling Phycologist) നയിച്ചു.

ഫാ.ജയിൻ തോമസ് (മാനേജർ നസ്രേത്ത് ഫാർമസി കോളേജ്) അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി എൽസി രാജു കൊച്ചിടശ്ശേരിൽ, ശ്രീമതി ആലീസ് ഏബ്രഹാം കാരിയിൽ

എന്നിവർ പ്രസംഗിച്ചു. 6.00 P.M.ന് അഭി.കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ സാംസ്ക്കാരിക സമ്മേളനം ബഹു. മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. **ക്നാനായ സമൂഹത്തിന്റേത് ക്ഷമയുടെയും, സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും സംസ്ക്കാരമാണെന്ന് ബഹു. മന്ത്രി പറഞ്ഞു. തനതായ പാരമ്പര്യവും. സംസ്ക്കാരവും നിലനിർത്തി കൊണ്ടു തന്നെ ആർഷ ഭാരതസംസ്ക്കാരത്തെ സ്വീകരിച്ച ക്നാനായ സമൂഹത്തിന്റെ സാമൂഹികപ്രവർത്തനങ്ങൾ അഭിനന്ദാർഹമാണെന്ന് മന്ത്രി പറഞ്ഞു.** റൈറ്റ് റവ. സാബു മലയിൽ കോശി (C.S.I Bishop) അനുഗ്രഹപ്രഭാഷണം നടത്തി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ M.L.A., ഫാ.വി. എ.ഏബ്രഹാം ഇളയശ്ശേരിൽ (വികാരി ജനറാൾ), ശ്രീമതി സുമ എബി (പഞ്ചായത്തംഗം), ശ്രീ. അനീഷ് കെ.ജെ. കൈയ്യത്ര, ബിബിൻ കല്ലുംപറമ്പിൽ, സി.എ. ഏബ്രഹാം ചാങ്ങയിൽ, അനീഷ് തകിടിയിൽ, അനു കുര്യൻ പാടകശ്ശേരിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് **'ചരിത്രവഴികളിലൂടെ അന്നും ഇന്നും'** എന്ന കുടിയേറ്റത്തിന്റെ ക്നാനായ പാരമ്പര്യങ്ങളുടെയും നിറച്ചാർത്തായി കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായപള്ളി അവതരിപ്പിച്ച സ്കിറ്റ് ഏവരുടെയും പ്രശംസ പിടിച്ചു പറ്റി.

**മൂന്നാം ദിവസം** 14-05-2023 ഞായറാഴ്ച 8.00 A.M. ന് ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് 11.00 A.M. ന് **ആറും അറുപതും** (Family Entertainment Programme) JCI Trainer ശ്രീ. സിജോ പി. ജേക്കബ് & Team നയിച്ചു. ഫാ. ബിനോജ് കുറിയാക്കോസ് തുണ്ടിയിൽ, ബിനോ കുറിയാക്കോസ് കരിമ്പന്നൂർ, ഷാജി ജോസഫ് ഇടത്തുവീട്ടിൽ എന്നിവർ പ്രസംഗിച്ചു. 2.00 P.M. ന് ഫാ. ഡോ. ജയിംസ് ജേക്കബ് തോടത്തിൽ ക്നാനായ ചരിത്ര സെമിനാർ (A Search for Knanaya Identity) നയിച്ചു. സജി സ്ക്കറിയ കരിമ്പന്നൂർ, അനീഷ് പുന്നൂസ് വേലങ്കടവിൽ എന്നിവർ പ്രസംഗിച്ചു. കലാമത്സരങ്ങൾക്ക് ശേഷം 6.00 P.M.ന് 1678-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ സമാപന സമ്മേളനം ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ബഹു.മന്ത്രി ശ്രീ.വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. **സുറിയാനി ക്രിസ്ത്യാനികളുടെ ആഗമനം ഭാരത ചരിത്രത്തിൽ വഴിത്തിരിവുണ്ടാക്കിയെന്ന് ശ്രീ.വി.എൻ.വാസവൻ പ്രസ്താവിച്ചു ക്നാനായ സുറിയാനിസഭ പൊതുസമൂഹത്തിനുവേണ്ടിയുള്ള പരസ്നേഹത്തിന്റെ പ്രതീകമാണെന്ന് അദ്ദേഹം പറഞ്ഞു.** ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം മുഖ്യപ്രഭാഷണം നിർവ്വഹിച്ചു.1678-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ **മെഗാ സ്പോൺസർ ശ്രീ.സാജൻ സി. ആൻഡ്രൂസ് ചക്കാലയിലിന് (Sajco) ബഹു. മന്ത്രി ശ്രീ. വി.എൻ.വാസവൻ** ക്നായിത്തൊമ്മൻ വണിക്ശ്രേഷ്ഠ അവാർഡ് നൽകി. ക്നാനായ കോൺഗ്രസ് ചാരിറ്റി ഫണ്ട് ഉദ്ഘാടനം **മുഖ്യാതിഥി സിനിമാതാരം ശ്രീ. ദേവൻ ശ്രീ. റ്റി. റ്റി. തോമസുകുട്ടി തേവരുമുറിയിൽ** നിന്ന് ആദ്യസംഭാവന സ്വീകരിച്ചു കൊണ്ട് നിർവ്വഹിച്ചു.അഭി.കുറിയാക്കോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തി. ശ്രീ.ജോസ് കെ. മാണി M.P., ശ്രീ. രാജു ഏബ്രഹാം Ex.M.L.A., ശ്രീ.റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ സമുദായ സെക്രട്ടറി, ശ്രീ ബാബു കളക്കാട്ട്, ശ്രീ.കൊച്ചുമോൻ ഒറ്റത്തൈക്കൽ, ശ്രീ. സജി താന്നിക്കൽ ജനറൽ കൺവീനർ ശ്രീ.ബിജുമോൻ ചാക്കോ തേമ്പാറയിൽ എന്നിവർ പ്രസംഗിച്ചു.

കർണ്ണാടക മന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട **ശ്രീ. കെ. ജെ. ജോർജ് കേളച്ചന്ദ്രയെ അനുമോദിച്ചുകൊണ്ട് ഫാ. ജേക്കബ് കല്ലുകുളം അനുവാദകനായും അനീഷ് റ്റി.സി. അവതാരകനായും അനുമോദനപ്രമേയം അവതരിപ്പിച്ചു.** 1678-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തോടനുബന്ധിച്ച് നടന്ന കലാമത്സരങ്ങളിൽ കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളി കൂടുതൽ പോയിന്റ് നേടി ചാമ്പ്യൻഷിപ്പ് നേടി. ചിങ്ങവനം സെന്റ് മേരീസ് ശാലേംപള്ളി രണ്ടാസ്ഥാനവും, ചിങ്ങവനം സെന്റ് ജോൺസ് ദയറാപ്പള്ളി മൂന്നാം സ്ഥാനവും നേടി. ശ്രീ. എ.കെ. തോമസ് പടിഞ്ഞാറേതിൽ, ശ്രീ. കെ. കെ ചാക്കോ കൊച്ചുപുരയ്ക്കൽ, ശ്രീ. റെജിമോൻ പ്ലാമ്പറമ്പിൽ, ശ്രീ. ജയിംസ് അയിരൂർ, ശ്രീ.ജോബി വേലംങ്കടവിൽ, ശ്രീ.ജിത്തു സജി ചക്കാലയിൽ, ശ്രീ.അനു കുര്യൻ പാടകശ്ശേരിൽ, സ്വാഗത സംഘകമ്മിറ്റി അംഗങ്ങൾ എന്നിവർ വിവിധ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

മൂന്ന് ദിവസങ്ങൾ ഏവരുടെയും ഓർമ്മയിൽ തങ്ങിനിൽക്കുന്ന ഒരു കലാമാമാങ്കമായിരുന്നു. നേരം പുലരുവോളം കലാമത്സരങ്ങൾ നീണ്ടു. മത്സരാർത്ഥികളുടെ എണ്ണം മുൻവർഷങ്ങളിലേക്കാൾ കൂടുതൽ ആയിരുന്നു. അച്ചടക്കവും ചിട്ടയായ പ്രവർത്തനങ്ങളിലൂടെയും സംഗമത്തിന്റെ നെടുംതൂണായി നിന്ന കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായ ഇടവകാംഗങ്ങളെ എത്ര അനുമോദിച്ചാലും മതിയാകില്ല. ഈ കുടുംബമേളയെ ഒരു ദേശത്തിന്റെ ഉത്സവമാക്കി മാറ്റിയ കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായ ഇടവകാംഗങ്ങളോടും, ഭക്തസംഘടനകളോടും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. ഇതൊരു കലാമാമാങ്കമാക്കി മാറ്റുവാനും വന്നു ചേർന്ന എല്ലാ ക്നാനായ സമുദായ അംഗങ്ങളോടും, സംഭാവനകൾ, പരസ്യങ്ങൾ,സ്പോൺസർഷിപ്പുകൾ നൽകിയ എല്ലാവരോടും നന്ദി. **തനിമയിൽ-ഒരുമയിൽ-വിശ്വാസത്തോടെ മുന്നേറാം.**

# അറിയിപ്പ്

S.S.L.C, CBSC, ICSE, Plus Two പരീക്ഷകളിൽ **എല്ലാ വിഷയത്തിനും Full A+** നേടിയ കുട്ടികളുടെ ഫോട്ടോ ക്നാനായ ദീപത്തിൽ ജൂലൈ, ഓഗസ്റ്റ് ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്. ആയതിലേയ്ക്ക് വികാരിമാർ സാക്ഷിപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും, ഫോട്ടോയും മേൽവിലാസം സഹിതം ക്നാനായദീപം ഓഫീസിൽ നൽകേണ്ടതാണ്.

**E-mail: kna.deepam@gmail.com**
**whats app No. 8547584440**

**ഫാ. ജേക്കബ് കല്ലുകുളം**
(മാനേജിംഗ് എഡിറ്റർ)

# Mor Severios Education Trust



മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റിലേക്ക് Rs. 8.25 Lakhs (എട്ടുലക്ഷത്തി ഇരുപത്തയ്യായിരം) രൂപ സംഭാവനയായി നൽകിയ ആൽഫാ ലബോറട്ടറീസ്, കാനഡ, പ്രസിഡന്റ് & CEO Dr. C. ജോസഫ് കുര്യനോടൊപ്പം M.S.E. Trust എക്സി. ട്രസ്റ്റി ഫാ. എ.പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ.

Courtesy - Very. Rev. Fr. Abraham Thomas
Cor-Episcopa Vazhayil, Boston.

Advt - O

KNANAYA CONGRESS

# ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടന്ന 1678-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം

## കുറിച്ചി മാർ ഇഗ്നാത്തിയോസ് ക്നാനായ ദേവാലയം



പതാക ഉയർത്തൽ

പതാക – ഛായാ ചിത്ര– ദീപശിഖ പ്രയാണം

ഉദ്ഘാടന സമ്മേളനം– ശ്രീ. പ്രകാശ് ജാവദേക്കർ എം.പി.

സാംസ്കാരിക സമ്മേളനം– ബഹു. മന്ത്രി ശ്രീമതി വീണാ ജോർജ്

സമാപന സമ്മേളനം– ബഹു. മന്ത്രി ശ്രീ. വി.എൻ. വാസവൻ




ക്നായിത്തൊമ്മൻ വണിക് ശ്രേഷ്ഠ അവാർഡ് – സാജൻ സി. ആൻഡ്രൂസ്
മെഗാ സ്പോൺസർ (SAJCO)

ചാരിറ്റി ഫണ്ട് ഉദ്ഘാടനം

ജീവിതം ഒരു നേക്കാഴ്ച – പുസ്തക പ്രകാശനം

## ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടന്ന
# 1678 – ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം


15th Wedding Anniversary
06 -16 - 2023
Liju Abraham
&
Jeni Liju
Kuzikandathil House
Philadelphia
USA
Best
Compliments
from,
Jayden,
Jairus,
Jewel
&
Josh
Advt - O

## വിവാഹിതരായി



റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ കാരികൊമ്പിൽ സജി ഫിലിപ്പിന്റെയും ജെസ്സി സജിയുടെയും മകൻ **സച്ചിൻ സജിയും** അതേ ഇടവകയിൽപ്പെട്ട കുന്നിരിക്കൽ സോണി സക്കറിയായുടെയും ജിൻസി സോണിയുടെയും മകൾ **അനീറ്റ സോണിയും** തമ്മിലുള്ള വിവാഹം 23-04-2023-ൽ റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത **അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**യുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O





# CONGRATULATIONS!

**MISS NIDHI HOMEY PARAYIL**, daughter of Homey Cheriyan & Nisa Homey, Parayil House, Neelamperoor has been awarded the Queensland University of Technology Scholarship (Australia) for post graduate studies (QUTPRA-International and QUT HDR Tuition Fee Sponsorship) for PhD in Robotics and Artificial Intelligence. She joined Queensland University Of Technology (QUT) as PhD Scholar in March 2023. Nidhi had earlier done her B-Tech from NIT Calicut followed by MS in Robotics from Oregon State University, USA. She is the member of St. George Church, Neelamperoor.

*With Best Compliments,*
P H Cheriyan (Brother)

Advt - O

# ST. PAUL'S KNANAYA PRAYER GROUP

**Riyadh Saudi Arabia**



## MANAGING COMMITTEE 2023-2024

**PRESIDENT**



**SHIJU OOMMEN**
Thekkethil
St. Mary's Knanaya Church
Kattodu - Vallamkulam
+966 53 398 6635

**SECRETARY**



**TIJO THAMPY**
Ammanathu
St Marys knanaya bethel church - Vallamkulam
+966 56 896 4854

**TRUSTEE**



**BOBAN ABRAHAM**
Nedungattethu
St. Mary's Knanaya Church
Mazhukeer
+966 56 766 8230

**PRAYER LEADER**



**NIBIN BABU**
Aykkattu Maliakal
St. Mary's Knanaya Church
Cherukulanji - Ranni

**COMMITTEE MEMBER**



**VINOD ABRAHAM**
Karippal
St.Mary's Knanaya Church
Cherukulanji - Ranni

**COMMITTEE MEMBER**



**SHYNU JOY**
Nedungattethu
St.Mary's Knanaya Church
Mazhukeer

**COMMITTEE MEMBER**



**MON PUNNOOSE**
Aykkattumannil
St. Thomas Knanaya
Valiyapalli - Ranni

**COMMITTEE MEMBER**



**RIKKU ABRAHAM**
Kunnumpurathu
St.Mary's Knanaya
Valiyapalli - Kottayam

**COMMITTEE MEMBER**



**ALAN THOMAS**
Murikolipuzha
St.George Knanaya Church
Ozhuvanpara - Ranni

**AUDITOR**



**BINU JOY**
Nedungattethu
St.Mary's Knanaya Church
Mazhukeer

**SUNDAY SCHOOL HEADMISTRESS**



**ANU NIBIN**
Aykkattu Maliakal
St. Mary's Knanaya Church
Cherukulanji - Ranni

**VANITHASAMAJAM COORDINATOR**



**ASHA SHIJU**
Thekkethil
St. Mary's Knanaya Church
Kattodu - Vallamkulam

**YOUTH COORDINATOR**



**REMYA TINO**
Kavithazha
St. George Knanaya
Valiyapalli Neelamperoor

Advt - O

Happy 50th Wedding Anniversary
08-07-2023



OMANA JOSE
&
JOSE ABRAHAM

കല്ലുമല തൈയ്യിൽ, കുറ്റൂർ, തിരുവല്ല

*Best Compliments from*

മക്കൾ: ജെജി ജയൻ (USA), ജിനു ജോസ് (KWT), ജിറ്റി ബിനോജ് (USA)

മരുമക്കൾ: ജയൻ (USA), ലിജി(KWT), ബിനോജ് (USA)

കൊച്ചുമക്കൾ

Advt - S

ക്നാനായ സമുദായത്തിന്റെ അഭിമാനം



കർണ്ണാടക മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത

ശ്രീ. കെ. ജെ. ജോർജ്ജ് കേളചന്ദ്രയ്ക്ക്

അഭിനന്ദനങ്ങൾ

ക്നാനായദീപം & ക്ലീമിസ് പ്രസ്സ്



PROJECT BY
WAKE
WORLD ASSOCIATION OF KNANAYA ENTREPRENEURS

KNANAYA WEDDINGS.COM

ക്നാനായ വെഡ്ഡിംഗ്സ്

ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി

www.knanayaweddings.com

എറണാകുളം
+91 70254 22022

ചിങ്ങവനം
+91 94461 46000

knanayaweddings@gmail.com







Advt - O




Advt - O


# സേവേറിയോസ് ക്നാനായ ഹൗസിങ് പ്രൊജക്റ്റ് ഏഴില്ലം പദ്ധതി





ക്നാനായ സമുദായത്തിന്റെ കീഴിൽ "ഏഴില്ലം ഭവന" നിർമ്മാണ പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം മൃഗസംരക്ഷണ വകുപ്പ് **മന്ത്രി ജെ. ചിഞ്ചു റാണി** ഉദ്ഘാടനം ചെയ്യുന്നു **ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി,** സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, തോമസ് മാമ്മൻ, പ്രമോദ് നാരായണൻ എംഎൽഎ, വെരി. റവ. റോയ് മാത്യൂസ് കോർ–എപ്പി സ്കോപ്പ മുളമൂട്ടിൽ, വില്ലി വടാമറ്റം, റ്റി.സി.തോമസ് തോപ്പിൽ, റവ. ഫാ. ഏലിയാസ് ഇളവൻകളം, ജോജോ കോവൂർ, ആലിച്ചൻ ആറൊന്നിൽ, സാബു കണ്ണാട്ടിപ്പുഴ, അനിതാ അനിൽ കുമാർ, ഷൈനി രാജീവ്, ഡേബി സജി എന്നിവർ സമീപം



# കരിയർ : എടുത്തുചാട്ടം വേണ്ട!

സുനിൽ ഡി. കുരുവിള

പ്രിയ കുട്ടികളെ, എ പ്ലസ് ആഘോഷം ഒക്കെ കഴിയുമ്പോൾ ഒരു കാര്യം ഓർക്കുക, നിങ്ങളുടെ മാർക്ക് നിങ്ങളുടെ യഥാർത്ഥ മികവായിക്കൊള്ളണം എന്നില്ല. ഭാവി കാര്യങ്ങൾ പ്ലാൻ ചെയ്യുമ്പോൾ സൗജന്യമായി കിട്ടിയതൊക്കെ 'കിഴിച്ചു' മാത്രം ചിന്തിക്കുക.

"സാർ ഇപ്പോൾ എന്തിനാണ് സ്കോപ്പ്?

സാധാരണയായി നമ്മുടെ നാട്ടിൽ Career രംഗത്ത് കേൾക്കുന്ന ഒരു ചോദ്യമാണ്? ഒരു പക്ഷെ ഈ ഒരു വാക്ക് ആണ് എല്ലാ തട്ടിപ്പുകാരും ഉപയോഗിക്കുന്നത്. യഥാർത്ഥത്തിൽ Scope- അങ്ങനെ ഒരു കാര്യം ഇല്ല. ഒരു ഉദാഹരണം പറഞ്ഞാൽ കോവിഡ് കാലത്ത് ഓൺലൈൻ – ഡിജിറ്റൽ രംഗത്തെല്ലാം വലിയ ഉണർവ് ഉണ്ടായി, സംശയമില്ല. ഒരു പക്ഷെ ആ ഡിമാന്റ് തുടരുകയും ചെയ്തേക്കാം. അപ്പോൾ എന്ത് സംഭവിക്കും? ധാരാളം ആൾക്കാർ കമ്പ്യൂട്ടർ രംഗത്തേക്ക് പഠിക്കാൻ തയ്യാറാകും. അതോടുകൂടി ആ രംഗത്തു സപ്ലൈ ക്രമാതീതമായി കൂടും. സപ്ലൈ കൂടുമ്പോൾ ഡിമാന്റ് കുറയും. അപ്പോൾ long term ൽ ഒരു രംഗത്തും വലിയ ഡിമാന്റ് നിലനിൽക്കുകയില്ല. ഏറ്റവും മികച്ചവർക്കു മാത്രമായിരിക്കും scope ഉണ്ടാവുക.

"Entrance കോച്ചിംഗ് repeat ചെയ്യുന്നത് നല്ലതാണോ?

പല കുട്ടികളുടെയും സംശയമാണ്. നിങ്ങൾ medicine, IIT പോലുള്ള ഏറ്റവും കടുപ്പമേറിയ രംഗത്തൊക്കെ പോകാൻ ആഗ്രഹിക്കുന്നെങ്കിൽ entrance കോച്ചിങ്ങ് repeat ചെയ്യുന്നതിൽ തകരാറില്ല. എങ്കിലും നമ്മൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. നമ്മൾ പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന വിദ്യാർത്ഥിയാണോ? കൂടുതൽ അറിയാനും പഠിക്കാനും മനസ്സിലാക്കാനും ഇഷ്ടമാണോ?

എൻട്രൻസ് കോച്ചിംഗിന്റെ കാഠിന്യം ഏറ്റെടുക്കാനും ഒരു വർഷത്തോളം ആ motivation നിലനിർത്താനും തയ്യാറാണോ?

ഇനി ഉദ്ദേശിക്കുന്ന കോഴ്സ് repeat ചെയ്തിട്ടും ലഭിച്ചില്ലെങ്കിൽ നിരാശപ്പെടാതെ മുമ്പോട്ടു പോകാൻ കഴിയുമോ? ആഗ്രഹിച്ച കോഴ്സ് കിട്ടാതെ വന്നാൽ മറ്റു career പ്ലാനുകൾ മനസ്സിൽ കണ്ടിട്ടുണ്ടോ? ഏറ്റവും മികച്ച സ്ഥാപനങ്ങൾ തന്നെ കോച്ചിങ്ങിനു തിരഞ്ഞെടുക്കുക. ഇനി എത്ര നല്ല സ്ഥാപനമാണെങ്കിലും അവനവന്റെ കഠിനാദ്ധ്വാനത്തിന്റെ വെളിച്ചത്തിൽ മാത്രമാകും ഫലം ഉണ്ടാവുക.

മെഡിസിൻ opportunities തരും എന്ന് കരുതി ആരും ഇനി മെഡിക്കൽ പ്രൊഫഷനിലേക്ക് വരാതിരിക്കുക.

നിങ്ങൾക്ക് മെഡിസിനോട് വലിയ താല്പര്യവും പാഷനും അഭിരുചിയും ആരോഗ്യവും ഉണ്ടെങ്കിൽ മാത്രം പോവുക.

പണമോ സ്റ്റാറ്റസോ സുഖമോ അന്വേഷിച്ച് ഇനി ആരും പോകേണ്ടതില്ല.

വലിയ അദ്ധ്വാനവും commitment ഉം വർഷങ്ങളുടെ പഠന പരിശ്രമവും വേണ്ടിവരും ഒരു കരിയർ രൂപപ്പെടാൻ.

എ.ഐ/റോബോട്ടിക് മേഖലയിൽ നിന്ന് വലിയ വെല്ലുവിളിയും ഭാവിയിൽ പ്രതീക്ഷിക്കാം.

"സാർ ACCA ആണോ CA ആണോ നല്ലത്?" CA യുടെ നിലവാരവും മികവും ഭാവിയും CA ക്കു മാത്രമേ ലഭിക്കൂ. CA പഠനം കഠിനമാണ്. എന്നാൽ വിജയിച്ചാൽ വലിയ opportunity ആണ് ലഭിക്കുക. ACCA വിദേശ കോഴ്സാണ്. അതുകൊണ്ട് തന്നെ പ്രൈവറ്റ് മേഖലയിലും വിദേശ സ്ഥാപനങ്ങളിലും ഒക്കെയാവും ജോലി ലഭിക്കാൻ അവസരം ഉണ്ടാവുക. ACCA പഠിച്ചാൽ വിദേശത്തു ജോലി ലഭിക്കും എന്നൊന്നും കണ്ണും അടച്ചു വിശ്വസിക്കേണ്ടാ, തുടക്കത്തിൽ ഒരു entry കിട്ടാനും experience കിട്ടാനുമൊക്കെ പ്രയാസമാണ്. പിന്നീട് നിങ്ങളുടെ കഴിവുപോലെ മാത്രമായിരിക്കും career സാദ്ധ്യതകൾ. എന്നാൽ CA വിജയശതമാനം കുറവായതുകൊണ്ട് ജയിച്ചാൽ ഉടൻതന്നെ മികച്ച അവസരങ്ങൾ ലഭിക്കും. കുറച്ചു വർഷത്തെ experience നേടിക്കഴിഞ്ഞാൽ സ്വന്തമായി പ്രാക്ടീസ് ചെയ്യാം. എക്സ്പീരിൻസ് ഉള്ളവർക്ക് വിദേശത്തും വലിയ ഡിമാന്റാണ്. കണക്കിന് മിടുക്കരായ ആർക്കും ഈ രംഗത്തേക്ക് കടന്നുവരാം.

"കണക്കു പഠിച്ചാൽ സാധ്യതയുണ്ടോ?"

തീർച്ചയായും. കണക്കിന് മിടുക്കുള്ള കുട്ടികൾക്ക് എൻജിനിയറിംഗ് പഠനത്തിന് പോകണം എന്ന് നിർബന്ധമില്ല. കണക്കിൽ ഡിഗ്രി എടുത്താൽ Statistic, economics, software, Artificial intelligence, data science, banking, insurance, stock market, accounting, finance, management മുതലായവ മേഖലകളിൽ ഒക്കെ ഉന്നതപഠനം നടത്തുകയോ തൊഴിൽ നേടുകയോ ചെയ്യാൻ കഴിയും.

ജിയോളജി, cost accounting, company secretary, LLB ഒക്കെ നല്ല തൊഴിൽ അവസരങ്ങൾ നൽകുന്ന മേഖലകൾ ആണ്.

പഠിക്കാൻ വലിയ കഴിവില്ല/ താല്പര്യമില്ല- അങ്ങനെയുള്ളവർ ഏതെങ്കിലും trade പഠിക്കുന്നത് വലിയ ഗുണം ചെയ്യും. ഇന്ത്യയിലും വിദേശത്തും എല്ലാം front line workers നെ ആവശ്യമാണ്.

Beautician, hair cutting, tailoring, meat cutting, tree cutting, cook, farming, animal care, ഒക്കെ വളരെ ആവശ്യക്കാർ ഉള്ള മേഖലകൾ ആണ്. പാരാ മെഡിക്കൽ, പൊളിടെക് ഡിപ്ലോമ, computer ഓപ്പറേഷൻ, hotel management, sales & marketing, retailing & customer care, Montessori & kindergartent teachers, geriatric care, ഫുഡ് പ്രോസസ്സിംഗ്, fashion designing, interior design.. ഒക്കെ അഭിരുചി അനുസരിച്ചു പഠിച്ചു ജോലി നേടാം.

ഒരു ജോലിക്കും മാനക്കേട് തോന്നേണ്ടതില്ല. എല്ലാ

ജോലിക്കും അതിന്റേതായ മഹത്വമുണ്ട്! ഇഷ്ടപ്പെട്ടു ചെയ്താൽ ഏതു ജോലിയും മഹത്തരമാക്കാം. അവനവന്റെ കഴിവുകൾ അനുസരിച്ചു കലാരംഗത്തും കായിക രംഗത്തും സാംസ്കാരിക/സാമൂഹിക/രാഷ്ട്രീയ/ആത്മീയ രംഗത്തൊക്കെ പ്രവർത്തനമേഖല കണ്ടെത്താം.

പഠിക്കാൻ താല്പര്യമില്ലാത്ത കുട്ടികളെ ഒരു തൊഴിൽ പഠിക്കാൻ വിട്ടാൽ അവർക്ക് ജീവിത മാർഗ്ഗം ഉണ്ടാകും. മറിച്ചു അവരെ 'എടുത്താപൊങ്ങാത്ത' കോഴ്സുകൾക്കൊക്കെ പറഞ്ഞു വിട്ടാൽ അവർ തെറ്റിപ്പോകാനും തോറ്റുപോകാനും കുറഞ്ഞു പോകാനും ഒക്കെ കാരണമാകും! വൈകാരികമായല്ല, ജ്ഞാനംകൊണ്ടാണ് ജീവിതം പണിയേണ്ടത്? ഒരു കരിയർ നേടിയെടുക്കുന്നതിൽ നിങ്ങൾക്ക് വിജയിക്കണം എന്നുണ്ടെങ്കിൽ നിങ്ങൾക്ക് ഏറ്റവും യോജിക്കുന്നതും അഭിരുചിയുള്ളതും ഇഷ്ടമുള്ളതുമായ രംഗം കണ്ടുപിടിക്കാൻ ശ്രമിക്കണം. കരിയർ ഒരു രംഗത്തെ മികവാണ്... വൈദഗ്ധ്യമാണ്. ഏതു രംഗത്ത് എനിക്ക് ശോഭിക്കാൻ കഴിയും... മികവുറ്റതാക്കാൻ കഴിയും... sincere ആയി സത്യസന്ധമായി അത് കണ്ടെത്താൻ കഴിയണം. നല്ല ധൈര്യം വളരെ അനിവാര്യമാണ്. ഉയർന്ന വിശ്വാസം വളരെ പ്രധാനം! തോൽവിയും വീഴ്ചയും ഒക്കെ യാത്രയ്ക്കിടെ സംഭവിച്ചേക്കാം. എങ്കിലും അത്യന്തികമായി നിങ്ങൾ വിജയിച്ചിരിക്കും!

ഇപ്പോൾ + 2 കഴിയുമ്പോൾ തന്നെ വിദേശത്തു പഠിക്കാൻ പോകുന്നതാണ് പുതിയ trend. മിന്നുതെല്ലാം പൊന്നല്ല. വിദേശത്തു പോകുന്നവർ ശ്രദ്ധിക്കുക. കഴിവതും ഒരു ബിരുദമെങ്കിലും കഴിഞ്ഞു വിദേശത്തു പോകുന്നത് നല്ലത്. പഠന മികവുണ്ടെങ്കിൽ മാത്രം 'മുന്തിയ' കോഴ്സുകൾ ഒക്കെ തിരഞ്ഞെടുക്കുക. നിങ്ങൾ പഠനത്തിൽ പുറകോട്ടാണെങ്കിൽ വലിയ കടം എടുത്തു വിദേശത്തു പോകാതിരിക്കാം. ഒരു തൊഴിൽ പഠിച്ചു പ്രവർത്തിപരിചയം നേടി ജോലിക്കായി പോകാം. വിദേശ രാജ്യങ്ങളിൽ (Western countries) ഏറ്റവും കൂടുതൽ ആവശ്യമുള്ളത് trade പഠിച്ച skilled workers നെയാണ്.

Electricians, carpenters, plumbers, mechanic, painters, tree surgeons (മരം വെട്ടു)... Cook, meat processing experts (ഇറച്ചി വെട്ട്), Hair stylists, tailor... ഭാഷ കൂടി അറിയണം എന്ന് മാത്രം.

നല്ല സ്ഥാപനങ്ങളിൽ മാത്രം പഠിക്കാൻ ചേരാം. ഇംഗ്ലീഷ് ഭാഷയോ ലോക്കൽ ഭാഷയോ part time ജോലി കിട്ടാൻ പോലും ആവശ്യമാണ്. എന്ത് പഠിച്ചാലും നൈപുണ്യങ്ങൾ ഉണ്ടെങ്കിൽ മാത്രമേ വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭിക്കു. നല്ല തീരുമാനങ്ങൾ നല്ല ജീവിതത്തെ സൃഷ്ടിക്കുന്നു.

അദ്ധ്വാനം അത് മഹത്തരമാക്കുന്നു!

(Sunil D. Kuruvilla is a consultant Career Counsel and HR Trainer. He is the founder of Insight Mission. He can be contacted @
+ 919656144712, You Tube: sunil kuruvilla)


# Nazareth College of Pharmacy

## Othera P.O. Thiruvalla

### NOTICE INVITING TENDER

Sealed tenders are invited from experienced firms / contractors for below scheduled works for B.Pharm block at Nazareth College of Pharmacy, Othera

| Sl no | Name of work | Value of work | Cost of tender documents | EMD | Period of issue of tender | Last date of Receiving Tender |
|---|---|---|---|---|---|---|
| 1 | Electrical & Plumbing work | 12 lakhs | 1000 | 10000 | 20/6/2023 To 24/06/2023 | 30/6/2023 at 3.00 pm. |
| 2 | UPVC Window | 5 Lakhs | 500 | 5000 | 10.00 am to 3.00 pm | |
| 3 | Steel Windows | 4 Lakhs | 500 | 5000 | | |

The tender documents can be obtained from our office at othera on all working days only.

The cost of tender schedules /EMD as mention above should be in the form of D D drawn in favour of The Manager, Nazareth College of Pharmacy, Othera

# മരിച്ചു പോയവരോട് സംസാരിക്കുവാൻ കഴിയുമോ?

റിയു റോയി മുളമൂട്ടിൽ

മനുഷ്യന്റെ മരണശേഷം ശരിക്കും എന്താണ് സംഭവിക്കുന്നത് എന്നതിൽ വ്യത്യസ്ത അഭിപ്രായങ്ങൾ സമൂഹത്തിൽ നിലകൊള്ളുന്നു. ഒരു വശത്തു മതങ്ങൾ അവരവരുടേതായ സ്വർഗ്ഗവും നരകവും നമ്മളെ പഠിപ്പിക്കുമ്പോൾ മറുവശത്തു യുക്തിവാദികളും നിരീശ്വരവാദികളും മരണം കൊണ്ട് എല്ലാം അവസാനിക്കുകയാണെന്നും അതിനപ്പുറം ഒന്നുമില്ലെന്നും വാദിച്ചുകൊണ്ടിരിക്കുന്നു. തൽക്കാലം രണ്ടുകൂട്ടരുടെയും വാദങ്ങളിലേക്ക് കടക്കാതെ സുപ്രീംകോടതി ജഡ്ജിയും, ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ മന്ത്രിയും പണ്ഡിതനുമായിരുന്ന ജസ്റ്റീസ് വി. ആർ കൃഷ്ണയ്യർ തന്റെ പഠനങ്ങളുടെയും മരിച്ചുപോയ തന്റെ ഭാര്യയോട് സംസാരിച്ചതിന്റെയും അനുഭവത്തിൽ എഴുതിയ ഡി. സി. ബുക്ക്സ് പ്രസിദ്ധീകരിച്ച "മരണാനന്തര ജീവിതം" എന്ന പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ഒന്ന് പരിശോധിക്കാം.

നമ്മുടെ ജീവിതത്തിന്റെ പല ഘട്ടങ്ങളിൽ ഈ ലോകത്തു ജീവിക്കുന്ന അല്ലെങ്കിൽ ജീവിച്ചിരുന്ന എല്ലാ മനുഷ്യരും ഒരുപോലെ അഭിമുഖീകരിച്ചിട്ടുള്ള ഒരു മാനസിക വിഷമഘട്ടമാണ് വേണ്ടപ്പെട്ടവർ നമ്മെ വിട്ടു പോകുന്നത്. വേണ്ടപ്പെട്ടവർ എന്ന് പറയുമ്പോൾ അത് ആരും ആവാം, ആരായാലും ഇനിയും ഒരിക്കലും അവരെ കാണുവാൻ കഴിയില്ല എന്ന ചിന്തയിൽ ഉറ്റവർ അനുഭവിക്കുന്ന മാനസിക ആഘാതം വളരെ വലുതായിരിക്കും. എന്നാൽ ആരും വിഷമിക്കേണ്ടതില്ലെന്നും ആരും നമ്മളെ വിട്ടുപോയിട്ടില്ലെന്നും എല്ലാവരും നമ്മോടുകൂടെ തന്നെ മറ്റൊരു ഭാവത്തിൽ ഇവിടെ തന്നെയുണ്ട് എന്നും 'നമ്മൾ അവരെയെല്ലാം വീണ്ടും ഒരിക്കൽ കാണും എന്ന് ശാസ്ത്രത്തിന്റെ കൂടെ പിൻബലത്തിൽ നമുക്ക് പ്രത്യാശ നൽകുന്ന ഒരു പുസ്തകമാണ് "മരണാനന്തര ജീവിതം".

ആദ്യമേ പറയട്ടെ അപരിചിതമായ ആത്മാക്കളെ വിളിച്ചുവരുത്തുന്ന ഓജോ (Ouijja) ബോർഡ് പോലുള്ള അശാസ്ത്രീയമായ അപകടം നിറഞ്ഞ മാർഗ്ഗമല്ല ഇവിടെ പരാമർശിക്കുന്നത്. ശാസ്ത്രത്തിന്റെയും കൂടി അടിസ്ഥാനത്തിൽ അതീന്ദ്രീയ (ESP - Extra Sensory Perception) കഴിവുകളുള്ള ആളുകൾ വഴിയും അല്ലാതെ നേരിട്ടും, സ്വപ്നത്തിലൂടെയും മരിച്ചുപോയ തങ്ങളുടെ ഉറ്റവരോട് സംസാരിച്ചിട്ടുള്ളവരുടെ അനുഭവങ്ങളാണ് ഈ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളത്.

33 വർഷത്തെ വിവാഹജീവിതത്തിനുശേഷം കൃഷ്ണയ്യരുടെ ഭാര്യ ശാരദ 1974 ൽ അമേരിക്കയിലെ ആശുപത്രിയിൽവച്ച് മരണപ്പെടുകയുണ്ടായി. അതുവരെ യുക്തിവാദിയായിരുന്ന കൃഷ്ണയ്യർ മരണാനന്തര ജീവിതത്തെക്കുറിച്ച് അന്വേഷണം തുടങ്ങിയത് ഭാര്യയുടെ മരണത്തിനുശേഷമാണ്. അതിനുവേണ്ടി അദ്ദേഹം അമേരിക്കയിലും,യൂറോപ്പിലും, റഷ്യയിലും, കാനഡയിലും, ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും സഞ്ചരിച്ചു ഈ മേഖലയിൽ പഠനങ്ങൾ നടത്തുന്ന അല്ലെങ്കിൽ അനുഭവം ഉള്ള പല ശാസ്ത്രജ്ഞന്മാരെയും, സൈക്യാട്രിസ്റ്റുകളെയും,ഡോക്ടർമാരെയും, ആത്മീയ നേതാക്കളെയും, നിയമജ്ഞരെയും നേരിട്ട് കണ്ടു ലഭിച്ച അനുഭവങ്ങളാണ് ഈ പുസ്തകത്തിൽ.

ഭാര്യയുടെ മരണശേഷം ഡൽഹിയിൽ അവർ ഒരുമിച്ചു താമസിച്ചിരുന്ന വീട്ടിൽ താമസിക്കുവാൻ വിഷമമായതിനാൽ കൃഷ്ണയ്യർ വേറെ വീട്ടിലേക്കു താമസം മാറി. അതിനുശേഷം കൃഷ്ണയ്യർ ഒഴിഞ്ഞവീട്ടിൽ താമസിക്കുവാൻ വന്നത് ജസ്റ്റിസ് ഗുപ്തയും ഭാര്യയുമായിരുന്നു. അവർ ഇതിനുമുമ്പ് ശാരദയെ കണ്ടിട്ടുണ്ടായിരുന്നില്ല. എന്നാൽ ശാരദ മരിച്ചു ഒരു വർഷം തികയുന്നതിന്റെ തലേദിവസം ശുപ്തയുടെ ഭാര്യ അവരുടെ മുറിയിൽ ശാരദയെ കണ്ടു. ആദ്യം പേടിച്ചുപോയ മിസ്സസ് ഗുപ്തയോട് പേടിക്കേണ്ട ഞാൻ കൃഷ്ണയ്യരുടെ ഭാര്യയാണെന്നും കൃഷ്ണയ്യരോടു കുറച്ചു കാര്യങ്ങൾ പറയുവാൻ സഹായിക്കുമോ എന്നും ചോദിച്ചു. നിങ്ങൾ എന്താണ് ഇതെല്ലാം നേരിട്ട് കൃഷ്ണയ്യരോടു പറയാതെ എന്നോട് പറയുന്നത് എന്ന് ചോദിച്ച മിസ്സസ് ഗുപ്തയോട് കൃഷ്ണയ്യർ വിഷമഘട്ടത്തിൽ ഇരിക്കുന്നതിനാൽ എനിക്ക് അങ്ങോട്ട് പോകുവാൻ കഴിയുന്നില്ല എന്നായിരുന്നു ശാരദയുടെ മറുപടി. പിറ്റേന്ന് ശ്രാദ്ധ ചടങ്ങുകളിൽ ആയിരുന്ന കൃഷ്ണയ്യരെ വിളിച്ചു മിസ്സസ് ഗുപ്ത അത്യവശ്യമായി കാണണം എന്ന് പറഞ്ഞു. പിന്നീട് കൃഷ്ണയ്യരുടെ വീട്ടിൽ എത്തി ശാരദയുടെ ഫോട്ടോ കണ്ടപ്പോഴാണ് ശാരദ തന്നെയാണ് ഇന്നലെ വീട്ടിൽ വന്നതെന്ന് മിസ്സസ് ഗുപ്ത ഉറപ്പിച്ചത്. പിന്നീട് നടന്നതെല്ലാം മിസ്സസ് ഗുപ്ത കൃഷ്ണയ്യരോട് വിവരിച്ചു. ഞെട്ടലോടെ ഇതെല്ലാം കേട്ടിരുന്ന കൃഷ്ണയ്യർ ഇതിനുശേഷമാണ് മരണത്തിനപ്പുറം എന്തെങ്കിലും ഉണ്ടോ എന്ന് തേടി ഇറങ്ങുന്നത്.

അന്നത്തെ ഇന്ത്യയുടെ ഉപരാഷ്ട്രപതി ആയിരുന്ന B.D. Jatti യോട് കൃഷ്ണയ്യർ നടന്നതെല്ലാം സംസാരിച്ചു. ഈ വിഷയത്തിൽ താൽപര്യം ഉണ്ടായിരുന്ന B.D.Jatti ഈ സംഗതി തെളിയിക്കുവാൻ കഴിവുള്ള ടൈനി ത്യാഗരാജൻ എന്ന ശ്രീലങ്കൻ തമിഴ് സ്ത്രീയെ തന്റെ പ്രൈവറ്റ് സെക്രട്ടറിയായ ആർ. കെ. ശ്രീനിവാസനെ കൂട്ടി കൃഷ്ണയ്യരുടെ വീട്ടിലേയ്ക്ക് അയച്ചു. പ്രശസ്ത എഴുത്തുകാരൻ ആർ. കെ. നാരായണന്റെയും, കാർട്ടൂണിസ്റ്റ് ആർ.കെ.ലക്ഷ്മണിന്റെയും ജ്യേഷ്ഠനാണ് ആർ. കെ. ശ്രീനിവാസൻ.

ടൈനി ത്യാഗരാജനുമായുള്ള കൃഷ്ണയ്യരുടെ സംഭാഷണമദ്ധ്യേ ഭാര്യ ശാരദ വരികയും അവരിൽ കൂടി ഭാര്യ കൃഷ്ണയ്യരോടു സംസാരിച്ചതായും, സംസാരിച്ച കാര്യങ്ങൾ

എല്ലാം തങ്ങൾക്കു മാത്രം അറിയാവുന്ന രഹസ്യങ്ങൾ മാത്രമായിരുന്നു എന്നും കൃഷ്ണയ്യർ പറയുന്നു. ഞെട്ടിപ്പോയ കൃഷ്ണയ്യർ ഈ വിഷയം എഴുത്തുകാരൻ ആർ.കെ. നാരായണനുമായി സംസാരിച്ചപ്പോൾ ഇതെല്ലാം സത്യമാണെന്നും താൻ മരിച്ചുപോയ തന്റെ ഭാര്യയുമായും അമ്മയുമായും സംസാരിച്ച അനുഭവം തന്റെ തന്നെ "The English Teacher" എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും പറഞ്ഞു. പിന്നീട് പല പ്രാവശ്യവും കൃഷ്ണയ്യർ ശാരദയോട് സംസാരിച്ചിട്ടുണ്ടെങ്കിലും എന്താണ് സംസാരിച്ചത് എന്നത് അവരുടെ സ്വകാര്യത ആയതുകൊണ്ട് പുസ്തകത്തിൽ വിശദമായി പറയുന്നില്ലെങ്കിലും സമാനമായ മറ്റു പലരുടെയും അനുഭവങ്ങൾ പറയുന്നുണ്ട്. എല്ലാം ഒരു ലേഖനത്തിൽ വിശദീകരിക്കുവാൻ കഴിയാത്തതിനാൽ കഴിവതും ചുരുക്കി എഴുതാം.

മംഗലാപുരത്തുള്ള പ്രസ്സ് ഉടമ വി. എസ് കാമത്ത് തങ്ങളുടെ കേടായ മെഷീൻ നന്നാക്കുവാൻ തല പുകഞ്ഞിരുന്നപ്പോൾ മരിച്ചുപോയ അച്ഛൻ വന്നു പറഞ്ഞ കാര്യങ്ങൾ ചെയ്തപ്പോൾ മെഷീൻ ശരിയായതും ഒരിക്കൽ കാമത്ത് ചെന്നൈയിൽ തനിയെ പോയപ്പോൾ ഹൃദ്രോഗം ഉണ്ടായ സമയത്തു തന്നെ മംഗലാപുരത്തുള്ള ഭാര്യയ്ക്കും സഹോദരിയ്ക്കും മുൻപിൽ അച്ഛൻ വന്നു മകന് ഹൃദ്രോഗം ഉണ്ടായെന്ന് പറഞ്ഞതും, പ്രശസ്ത മനഃശാസ്ത്രജ്ഞൻ കാൾയുങ്ങിന്റെ സുഹൃത്ത് മരിച്ചശേഷം തന്റെ സ്വപ്നത്തിൽ വരികയും കാൾ യൂങിനെകൂട്ടി സുഹൃത്തിന്റെ വീട്ടിൽ കൊണ്ടുപോയി ലൈബ്രറിയുടെ മുകളിലത്തെ തട്ടിലെ ഒരു പുസ്തകത്തിനകത്തെ ഒരു പേജ് കാണിക്കുകയും രാവിലെ കാൾ യുങ് സ്വപ്നത്തിൽ കണ്ടതുപോലെ പിന്തുടർന്ന് ചെന്നപ്പോൾ അങ്ങനെ തന്നെ ആ പേജ് കണ്ടതും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അശോക ചക്ര ലഭിച്ച ആദ്യവനിതയായ ധീര രക്തസാക്ഷി നീർജ മരണശേഷം തന്റെ കുടുംബങ്ങളുമായി നടത്തുന്ന സംഭാഷണങ്ങളും പുസ്തകത്തിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രിസ്ത്യൻ പുരോഹിതനായ പൈക്ക് മരിച്ചുപോയ തന്റെ മകനോട് സംസാരിച്ചതും, റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജിയുടെ അടുത്ത് നിരന്തരം തന്റെ മരിച്ചുപോയ മകൻ വരുന്നതും ഒരു ദിവസം ജഡ്ജി ദേഷ്യപ്പെട്ടതിനു ശേഷം മുതൽ വരാതിരുന്നതും, ബ്രിട്ടന്റെ സുപ്രീം എയർ കമാൻഡർ ആയിരുന്ന ഡൗഡിങ് പ്രഭു ഹിറ്റ്ലറുമായുള്ള യുദ്ധത്തിൽ തന്റെ സൈനികർ എങ്ങനെയാണു മരിച്ചത് എന്നറിയുവാൻ അവരുമായി ബന്ധപ്പെടുകയും സൈനികർ പറഞ്ഞ കാര്യങ്ങളും, അമേരിക്കൻ പ്രസിഡന്റ് ആയിരുന്ന ഏബ്രഹാം ലിങ്കൺ പല തീരുമാനങ്ങളും എടുത്തിരുന്നത് മരിച്ചു പോയവരുമായി സംസാരിച്ചതിന് ശേഷമാണെന്നും പുസ്തകത്തിൽ പറയുന്നു.

മറ്റൊരു അനുഭവം നിരപരാധിയായിരുന്ന ഒരാളെ തൂക്കിക്കൊല്ലുവാൻ വിധിച്ച ജഡ്ജിയുടെ സ്വപ്നത്തിൽ മരണപ്പെട്ട ആൾ വരികയും താൻ തെറ്റൊന്നും ചെയ്തിട്ടില്ലെന്നും അതിനുള്ള തെളിവുകളും നൽകിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷിച്ച ജഡ്ജി അയാൾ പറഞ്ഞത് സത്യമാണെന്നു മനസ്സിലാക്കിയതിന്റെ മാനസിക വിഷമത്തിൽ ആത്മഹത്യ ചെയ്തതും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൃഷ്ണയ്യരുടെ സുഹൃത്തായിരുന്ന ടി. കെ. കുഞ്ഞനന്തൻ മരിച്ചതിനു ശേഷം ഭാര്യയുടെയും മകളുടെയും അടുത്ത് ഒരേ സമയം വ്യത്യസ്ഥ സ്ഥലങ്ങളിൽ ഒരേ വസ്ത്രം ധരിച്ചു വന്നതും പറയുന്നു. യുക്തിവാദികൾ പറയുംപോലെ മരണശേഷം ഒന്നുമില്ലെന്ന് ശാസ്ത്രം പറയുന്നില്ലെന്നും, ശാസ്ത്രം ഈ വിഷയത്തിൽ അതിവേഗം മുന്നേറിക്കൊണ്ടിരിക്കുകയാണെന്നും കൃഷ്ണയ്യർ പറയുന്നു. യൂറോപ്പിൽ Dr. Raudive നടത്തിയ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ എഴുതിയ "Breakthrough"എന്ന പുസ്തകത്തെപ്പറ്റിയും, Raudive മരിച്ചുപോയ സ്വാമി വിവേകാനന്ദൻ, വിൻസ്റ്റൺ ചർച്ചിൽ, ഹിറ്റ്ലർ തുടങ്ങിയവരുമായി നടത്തിയ റെക്കോർഡ് ചെയ്ത ഫോൺ സംഭാഷണങ്ങളെപ്പറ്റിയും പറഞ്ഞിട്ടുണ്ട്. അമേരിക്കയിലെ മെറ്റാ സയൻസ് വിഭാഗത്തിലെ ഡോ. മീക്ക് കാനഡയിലെ പ്രശസ്ത പാരാസൈക്കോളജിസ്റ്റ് Dr. Ian Stevenson, മരിച്ചു എന്ന് വിധി എഴുതിയശേഷം തിരികെ ജീവിതത്തിലേയ്ക്ക് വന്നവരെ നിരന്തരം പഠിക്കുന്ന (NDE - Near Death Experience) ഡോ. മൂഡി തുടങ്ങിയവരുമായും നടത്തിയ കൂടിക്കാഴ്ചകളെക്കുറിച്ചും, അമേരിക്കയിലെ ആദ്യ മൂന്നു ബഹിരാകാശ യാത്രികരിൽ തലവനായിരുന്ന എഡ്ഗാർ മിച്ചൽ നടത്തിയ പരീക്ഷണങ്ങളെക്കുറിച്ചും പുസ്തകത്തിൽ പറയുന്നുണ്ട്. ഈ പഠനങ്ങളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ മരണശേഷം എന്താണ് സംഭവിക്കുന്നതെന്നും പുസ്തകത്തിൽ പറയുന്നുണ്ട്.

നമുക്ക് മുൻപിൽ തന്നെ നിരവധി അനുഭവങ്ങൾ ഇന്ന് ലഭ്യമാണ്. ഡി.ജി.പി ആയിരുന്ന അലക്സാണ്ടർ ജേക്കബ് സാർ മരിച്ചുപോയ ആത്മാവിനെ വിളിച്ചുകേസ് തെളിയച്ച ഒരനുഭവത്തെക്കുറിച്ച് സഫാരി ചാനലിൽ പറഞ്ഞിട്ടുണ്ട്. അതുപോലെ മരിച്ച സിനിമാ നടി മോനിഷയെ നടൻ മണിയൻപിള്ള രാജു ചെന്നൈയിലെ ഒരു ഹോട്ടലിലെ 505-ാം മുറിയിൽവച്ചു സ്വപ്നം കണ്ടതും, ഈ വിവരം മോഹൻലാലിനോട് പറഞ്ഞപ്പോൾ മോനിഷ ജീവിച്ചിരുന്നപ്പോൾ കമലദളം സിനിമയുടെ അവാർഡ് ദാന ചടങ്ങിന് അതേ 505-ാം മുറിയിൽ വച്ച് മണിയൻപിള്ള സ്വപ്നത്തിൽ കണ്ട അതേ ഡ്രസ്സ് ഇട്ടുകൊണ്ടാണ് മോനിഷ മോഹൻലാലിനെ കാണാൻ വന്നത് എന്ന് അമൃത ടീവിയിലെ ഒരു പരിപാടിയിൽ പറഞ്ഞിട്ടുണ്ട്.

നമ്മൾ എല്ലാവർക്കും കാണും നമ്മൾ കേട്ടിട്ടുള്ള അല്ലെങ്കിൽ അനുഭവിച്ചിട്ടുള്ള ഇതുപോലെയുള്ള നിരവധി അനുഭവങ്ങൾ. അത് ചിലപ്പോൾ കുന്തിരിക്കത്തിന്റെ വാസനയാവാം, സ്വപ്നം ആവാം, നമ്മുടെ തൊട്ടടുത്ത് അവർ ഉണ്ട് എന്ന തോന്നൽ ആവാം. എന്താണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത് എന്നതിൽ പഠനങ്ങൾ ഇപ്പോഴും നടക്കുയാണെങ്കിലും ഒരു കാര്യം ഉറപ്പിക്കാം. മരണം ഒന്നിന്റെയും അവസാനമല്ല, ചിലപ്പോൾ അത് മറ്റെന്തിനെയോ തുടക്കം മാത്രമാകാം. ഈ ലോകത്തുള്ള യാതൊന്നും ഇവിടെ പൂർണ്ണമായും നശിപ്പിക്കപ്പെടുന്നില്ല, ഒരവസ്ഥയിൽ നിന്നും മറ്റൊരവസ്ഥിലേയ്ക്ക് അത് മാറ്റപ്പെടുക മാത്രമാണ് ചെയ്യുന്നത്. ശാസ്ത്രവും അതുതന്നെയാണ് പറയുന്നത്. "Energy can neither be created nor be destroyed, it can only be tranferred from one form to another- First Law of Thermodynamics" അങ്ങനെയെങ്കിൽ നമ്മളും മരണത്തോടെ ഇവിടെ നിന്നും പൂർണ്ണമായി ഇല്ലാതാവുന്നില്ല. അതുകൊണ്ട് ഉറ്റവർ നഷ്ടപ്പെട്ടവർ വിഷമിക്കാതെ പ്രത്യാശയോടെ ഇരിക്കുക. പ്രപഞ്ച രഹസ്യങ്ങളുടെ പൊരുൾ പൂർണ്ണമായും വെളിപ്പെട്ടു വരുന്നതുവരെ നമുക്ക് കാത്തിരിക്കാം.

# The Changed Cross

**സീമ തോമസ്, കന്നിയേൽ, റാന്നി**

Famous writer MRS Charles Hobart എഴുതിയ വളരെ ശ്രദ്ധേയമായ ഒരു കവിതയാണ് "മാറിയ ആ കുരിശ്" അഥവാ "The Changed Cross". മറ്റുള്ളവരുടെ കുരിശിനേക്കാൾ ഭാരമുള്ളതാണ് തന്റെ കുരിശ് എന്ന് കരുതിയ ഒരു സ്ത്രീയുടെ ചിന്തയാണ് ഈ കവിതയുടെ പ്രമേയം. തന്റെ കുരിശ് ഒന്ന് മാറിയെടുക്കണമെന്ന് ആ സ്ത്രീ ആഗ്രഹിക്കുന്നു. ഒരു ദിവസം നിദ്രയിലാണ്ട ആ സ്ത്രീ ഒരു സ്വപ്നം കാണുന്നു. ധാരാളം കുരിശുകളുള്ള ഒരു സ്ഥലത്തേക്ക് സ്വപ്നത്തിൽ ആരോ ആ സ്ത്രീയെ കൂട്ടിക്കൊണ്ട് പോകുന്നു. പല വലുപ്പത്തിലും ഇനത്തിലുമുള്ള ഒരുപാട് കുരിശുകൾ അവിടെയുണ്ടായിരുന്നു. രത്നക്കല്ലുകൾ പതിച്ച് സ്വർണ്ണം കൊണ്ട് പൊതിഞ്ഞ ഒരു കുരിശ് അവരെ ഒരുപാട് ആകർഷിച്ചു. പക്ഷെ കാഴ്ചയിൽ മനോഹരമാണെങ്കിലും അത് കൈകളിലെടുത്തപ്പോൾ ആ കുരിശിന്റെ ഭാരം താങ്ങാൻ ആ സ്ത്രീക്ക് കഴിഞ്ഞില്ല. അതുകൊണ്ട് അത് വേണ്ടെന്ന് വയ്ക്കേണ്ടിവന്നു. പിന്നീട് കണ്ടത് മനോഹരമായ പൂക്കൾക്കൊണ്ട് നിർമ്മിച്ച ഒരു കുരിശായിരുന്നു. അത് എടുത്തു നോക്കിയപ്പോഴാണ് ആ പൂക്കൾക്കിടയിൽ മറഞ്ഞിരുന്ന മുള്ളുകൾ ദേഹത്ത് തറച്ചുകൊള്ളുമെന്ന് മനസ്സിലായത്. അതുകൊണ്ട് അതും വേണ്ടെന്നു വച്ചു. അവസാനം സ്വർണ്ണവും, രത്നവും പൂക്കളും ഒന്നുമില്ലാത്ത, കൊത്തുപണികൾ ഒന്നുമില്ലാത്ത ഒരു കുരിശ് ആ സ്ത്രീ കണ്ടു. ദൈവസ്നേഹത്തെക്കുറിച്ചുള്ള ചില വാക്യങ്ങൾ അതിലെഴുതിയിട്ടുണ്ട്. അതവർ ധരിച്ചു. സ്വർഗ്ഗീയമായ ഒരു പ്രകാശം അതിൽ തട്ടിയപ്പോഴാണ് അത് തന്റെ കുരിശ് തന്നെയാണെന്ന് ആ സ്ത്രീക്ക് മനസ്സിലായത്.

നാം ചുമക്കേണ്ട കുരിശ് ഏതാണെന്ന് ദൈവത്തിനറിയാം. തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല എന്ന് യേശുക്രിസ്തു തന്റെ അനുയായികളോട് അരുൾ ചെയ്തിട്ടുണ്ട്. ജീവിതത്തിലെ കഷ്ടതകളുടേയും വേദനകളുടേയും കുരിശെടുത്ത് നാം യേശുക്രിസ്തുവിനെ അനുഗമിക്കുമ്പോൾ പ്രയാസങ്ങളുടെ മധ്യത്തിലും പ്രതീക്ഷയുടെ വെളിച്ചം നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരുന്നു. മറ്റുള്ളവരുടെ കുരിശുകൾ എത്ര ഭാരമുള്ളതാണെന്ന് നമുക്കറിയില്ല. പലപ്പോഴും ജീവിതത്തിൽ ധനികരായ, ആഡംബരജീവിതം നയിക്കുന്ന മനുഷ്യരെ കാണുമ്പോൾ നാം അസൂയപ്പെടാറില്ലേ? അത് രത്നക്കല്ലുകൾ പതിച്ച സ്വർണ്ണത്താൽ നിർമ്മിതമായ കുരിശാണ്. പക്ഷെ അത് ദൂരെനിന്നു നോക്കുന്നതുപോലെയല്ല, അടുത്ത് ചെന്ന് എടുക്കാൻ ശ്രമിച്ചു നോക്കുമ്പോൾ അവയുടെ ഭാരം നമുക്ക് താങ്ങാനാവുന്നില്ല. പിന്നീട് ജീവിതം വളരെ മനോഹരമായി തോന്നുന്ന മറ്റൊരാളെ നാം കാണുന്നു. അതാണ് സൗഗന്ധിക സൂനങ്ങൾ നിറഞ്ഞ കുരിശ്. പക്ഷെ ആ പൂക്കൾക്കിടയിൽ നമ്മുടെ മാംസം കീറുന്ന മുള്ളുകളുണ്ട്. അവസാനം തനിക്ക് കിട്ടിയ കുരിശുതന്നെയാണ് ഏറ്റവും നല്ലതെന്ന് ആ സ്ത്രീ മനസ്സിലാക്കുന്നു. നമ്മുടേതിനേക്കാൾ ഭാരം കുറഞ്ഞതായി കരുതുന്ന മറ്റെല്ലാ കുരിശുകളും പരീക്ഷിക്കാൻ നമുക്ക് കഴിയുമെങ്കിൽ അവയൊന്നും നമുക്ക് അനുയോജ്യമല്ലെന്ന് നമ്മൾ കണ്ടെത്തും. അതുകൊണ്ട് നാം വിശ്വസിക്കുന്ന നമ്മുടെ ഭാരങ്ങൾ അറിയുന്ന ആ സ്നേഹസ്വരൂപന്റെ ആണിപ്പഴുതുള്ള കരത്തിൽ മുറുകെ പിടിച്ചുകൊണ്ട് അവനവനു ദൈവം നൽകിയ കുരിശുമെടുത്ത് നമുക്കും സധൈര്യം മുന്നോട്ട് പോകാം. ദൈവമുണ്ട് കൂടെ.

# ഇന്നിന്റെ ജീവിതം ക്രമപ്പെടുത്തു

**ജയ്നമ്മ മർക്കോസ്**
**നടുവിലേപറമ്പിൽ, കുഴിമറ്റം**

അന്യന്റെ ദേഹത്ത് ചെളി പൂശിക്കൊണ്ട്
ആനന്ദിക്കുന്നു സോദരാ, നീ
തലമുറ ശാപത്തിലായിക്കൊണ്ട്
കയ്പിന്റെ വിഴുപ്പ് ചുമന്നിടുമേ
വാർദ്ധക്യത്തേരിലേറിടുന്ന
മാതാപിതാക്കളെ ചേർത്തു പിടിച്ച്
ജീവിത യാത്ര തുടർന്നിടുകിൽ
ഭാവി തലമുറ സുരക്ഷിതമാകും
പാപത്തെ പാൽപോൽ കുടിച്ചിടുന്ന
കൂട്ടരിൽനിന്ന് ഒഴിഞ്ഞുമാറി
കർത്തന്റെ പാദത്തിൽ
ചേർന്നിരുന്ന്
കർത്തന്റെ സ്നേഹം ഏറ്റുവാങ്ങു
വ്യാജമായി നേടുന്ന സമ്പത്തൊക്കെ
വേദന നൽകി ഇറങ്ങിപ്പോകും
സത്യത്തെ മുറുകെ പിടിച്ചുകൊണ്ട്
പുണ്യപ്രവർത്തികൾ ചെയ്തിടുക.
സ്ഥാനമാനങ്ങൾ മോഹിക്കുന്ന
കൂട്ടരിൽ ഒട്ടും നേരില്ലല്ലോ
എന്ത് അക്രമവും കാട്ടിടുവാൻ
അവരുടെ മനസ്സ് വെമ്പിടുന്നു.
കുടുംബം പവിത്രമാക്കിടുവാൻ
നോമ്പും ഉപവാസവും ഏറ്റെടുത്ത്
നാലു തലമുറയിലെ പൂർവ്വികർക്കുവേണ്ടി
കുർബ്ബാന ചൊല്ലിച്ച് പ്രാർത്ഥിക്കുവിൻ
ജീവിതം തീരാ ദുഃഖത്തിലാക്കി
സോദരൻ നൽകിയ മുറിവുകളോർത്ത്
സന്തോഷിപ്പിൻ നിങ്ങൾ സന്തോഷിപ്പിൻ
കർത്തന്റെ പദ്ധതി പൂർത്തിയാക്കി
നിന്ദനം ഏറ്റൊരു സോദരനെ
നിന്ദനം ഏറ്റൊരു കർത്തനീശോ
കൈയ്ക്കു പിടിച്ചു നടത്തിക്കൊണ്ട്
നിന്ദിച്ച സ്ഥാനത്ത് മാനിച്ചുയർത്തും.
ഞാനെന്ന ഭാവം മുറുകെപ്പിടിച്ച്
വിഡ്ഢിവേഷം കെട്ടിടാതെ
തലമുറയ്ക്ക് അനുഗ്രഹമായിടുവാൻ
കർത്തന്റെ കല്പന പാലിച്ചീടുക.
ഞൊടിയിട നേരത്തെ ഈലോകവാസം
വിടപിരിഞ്ഞു നാം പോയിടുമേ
ഈ ലോക ജീവിതം ധന്യമാക്കാൻ
വൈരാഗ്യബുദ്ധി ഒഴിവാക്കിടു
ഉറച്ചു നിന്നാൽ ഒരു ശ്വാസമായ
മനുഷ്യപുത്രാ ഓർത്തിടുക
സത്യകുമ്പസാരം നടത്തിക്കൊണ്ട്
കുർബ്ബാന ഭക്ഷിച്ചു ശക്തിപ്പെടുവീൻ
അമ്പുള്ള തമ്പുരാനെ ഇറങ്ങിവന്ന്
തലമുറ ശക്തരാക്കിടുവാൻ
കരുണക്കടലിൽ മുക്കി കുളിപ്പിച്ചു
നിന്നുടെ സ്നേഹത്തിൽ പൊതിഞ്ഞിടുക
അന്യന്റെ കണ്ണീർ കുടുംബത്തിൽ വീഴാതെ
മാന്യമാം ജീവിതം നയിച്ചു മടങ്ങാൻ
അമ്പുള്ള തമ്പുരാനെ നിന്നുടെ
കരുണ എന്നിൽ നിരക്കൂ!


# എം.സി. ശമുവേൽ കോർ-എപ്പിസ്കോപ്പാ മൂഴിയിൽ ഒരു അനുസ്മരണം

ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, വികാരി ജനറാൾ

വന്ദ്യ മൂഴിയിൽ എം. സി. ശമുവേൽ കോർ എപ്പിസ്കോപ്പാ ദിവംഗതനായിട്ട് പതിനൊന്നു വർഷങ്ങളായി. ക്നാനായ സമുദായ അംഗങ്ങളുടെയും, റാന്നിയിലെ നാനാജാതി മതസ്ഥരുടെയും ഹൃദയങ്ങളിലുള്ള ഒരു വലിയ ഓർമ്മയാണ് അച്ചൻ. ശമുവേൽ ബാലനെപ്പോലെ തന്നെ അച്ചനെയും മാതാപിതാക്കൾക്ക് നേർച്ച നേർന്ന് ലഭിച്ചതായിരുന്നു. അതിനാലാണ് ശമുവേൽ എന്ന് പേർ നൽകിയത്. ചെറുപ്പം മുതൽ തന്നെ മകനെ ദൈവീകമായ വഴികളിൽ വളർത്തിക്കൊണ്ടുവരുവാൻ മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഡിഗ്രി പഠനത്തിനായി ചങ്ങനാശ്ശേരി S.B. College ൽ ചേരുകയും അവിടെ നിന്ന് ഡിഗ്രി കരസ്ഥമാക്കുകയും ചെയ്തു. കോളേജ് പഠനകാലത്ത് പതിവായി ഞായറാഴ്ചകളിൽ ചിങ്ങവനത്തുള്ള ഏതെങ്കിലും ഒരു ക്നാനായ ദൈവാലയത്തിൽ ചെന്ന് വി. ആരാധനയിൽ സംബന്ധിച്ചിരുന്നു. ആരാധനയ്ക്കുശേഷം അടുത്തുള്ള അപ്രേം സെമ്മിനാരിയിൽ ചെന്ന് അഭി.മെത്രാപ്പോലീത്ത ഏബ്രഹാം മാർ ക്ലീമ്മീസ് തിരുമേനിയെ കാണുകയും പഠനത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്യുമായിരുന്നു. മാതാപിതാക്കളുടെ ആഗ്രഹവും അഭിവന്ദ്യ തിരുമേനിയുമായുള്ള ആത്മീയ ബന്ധവും പിൽക്കാലത്ത് ഒരു വൈദികനാകുവാനുള്ള പ്രേരണ അച്ചന്റെ ജീവിതത്തിലേയ്ക്ക് കടന്നുവന്നു. കൂടാതെ അക്കാലത്ത് റാന്നിയിലെ വി. ദൈവാലയങ്ങളിൽ ശുശ്രൂഷിച്ചിരുന്ന ബഹു. വൈദികരും ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്തു.

മുമ്പേ അവന്റെ രാജ്യവും, നീതിയും അന്വേഷിക്ക അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും എന്ന ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വൈദികവൃത്തിയിലേയ്ക്ക് കടന്നു വന്നു. മഞ്ഞനിക്കര ദയറായിലെ പഠനത്തിനുശേഷം അഭി. ക്ലീമ്മീസ് തിരുമേനിയിൽ നിന്ന് ബഹു. ആലുംമൂട്ടിൽ എ. റ്റി.ഏബ്രഹാം കശ്ശീശായോടൊപ്പം പുരോഹിത ശുശ്രൂഷയിലേയ്ക്ക് പ്രവേശിച്ചു. പുരോഹിത ശുശ്രൂഷയോടൊപ്പം തന്നെ ഒരു മാതൃകാദ്ധ്യാപകനുമായിരുന്നു അച്ചൻ. വിശുദ്ധിയും, നിർമ്മലതയുമുള്ള ഒരു പുരോഹിതനായും, അദ്ധ്യാപകനായും സ്തുത്യർഹ സേവനം ചെയ്യുവാൻ ദൈവം ഇടയാക്കി.

'പുരോഹിതൻ സൈന്യങ്ങളുടെ യഹോവയുടെ ദൂതനാകയാൽ അവന്റെ അധരങ്ങൾ പരിജ്ഞാനം സൂക്ഷിച്ചുവെക്കേണ്ടതും ഉപദേശം അവനോട് ചോദിച്ച് പഠിക്കേണ്ടതും അല്ലോ' (മാലാഖി 2:7). ഈ ദൈവീക വചനം സംഗ്രഹിച്ച് പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. പാപാന്ധകാരത്തിലും,



സാത്താന്റെ അടിമയിലും, ലൗകിക മോഹങ്ങളിലും ആയിരുന്ന ജനങ്ങളെ ഒരുക്കമുള്ളവരും, ഉണർവ്വുള്ളവരും, പ്രാർത്ഥനാ ശീലമുള്ളവരാക്കുവാനും ശ്രമിച്ചിരുന്നു. തൻമൂലം ശുശ്രൂഷിച്ചിരുന്ന എല്ലാ രംഗങ്ങളിലും ജനത്തെ വിശ്വാസത്തിലേക്കും, സ്നേഹത്തിലേയ്ക്കും, പ്രത്യാശയിലേയ്ക്കും, മാനസാന്തരത്തിലേക്കുമുള്ള വഴി ഉപദേശിച്ചുകൊടുത്ത് വെളിച്ചത്തിന്റെ മക്കളാക്കി മാറ്റി. അച്ചൻ വികാരിയായി സേവനമനുഷ്ഠിച്ചിരുന്ന ദൈവാലയങ്ങളിൽ കടന്നു വരുമ്പോൾ പൈതൃകമായ സ്നേഹത്തോടും, വാത്സല്യത്തോടും കൂടിയുള്ള നിർദ്ദേശങ്ങളാൽ പരിഹാരം കണ്ടിരുന്നു. പുരോഹിതൻ മുമ്പേ നടക്കുന്നവനും വഴികാണിച്ചുകൊണ്ട് നടക്കേണ്ടവനുമാണല്ലോ. ഉപദേശവും പ്രവൃത്തിയും തമ്മിൽ ബന്ധമുണ്ടായിരിയ്ക്കണം. സമുദായ പ്രതിസന്ധികളിലും ഇപ്രകാരം അഭി. തിരുമേനിയേയും സഹായിച്ചിരുന്നു.

മൂഴിയിലച്ചന്റെ സേവനകാലം അധികവും മാതൃദൈവാലയമായ ഐത്തല സെന്റ് കുറിയാക്കോസ് ദേവാലയത്തിലായിരുന്നു. റാന്നിയിലെ മറ്റു ദൈവാലയങ്ങളിലും, ദൈവാശ്രയത്തോടും, സേവന മനോഭാവത്തോടും ശുശ്രൂഷകൾ നടത്തിയിരുന്നു. ഐത്തല പള്ളിയിലെ സേവനകാലത്ത് സൺഡേസ്കൂൾ കെട്ടിടമായി ആരംഭിച്ചതാണ് ഇന്നു കാണുന്ന മനോഹരമായ ചെറുകുളഞ്ഞി ക്നാനായപള്ളി. ഐത്തലപള്ളിയുടെ വിശാലമായ പാരീഷ്ഹാൾ, വയോധിക മന്ദിരം എന്നിവയും ഈ സമയത്ത് ഉണ്ടായതാണ്. ഐത്തലപള്ളി ശുശ്രൂഷാകാലം തന്റെ ജീവിതത്തിലെ ഒരു പൊൻതൂവലായിരുന്നു. റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ ശുശ്രൂഷിച്ചിരുന്നപ്പോൾ പള്ളിയുടെ പല പ്രശ്നങ്ങൾക്കും പരിഹാരങ്ങൾ നിർദ്ദേശിയ്ക്കുന്നതിനും, സമാധാനം നിലനിർത്തുന്നതിനും സാധിച്ചു. ശബ്ദഗംഭീരമായ സ്വരത്തോടുള്ള പ്രസംഗങ്ങളും, അനുതാപത്തോടുകൂടിയുള്ള ആരാധനയും, നിഷ്കളങ്കമായ പെരുമാറ്റവും ഇടവക ജനങ്ങളെ ആകർഷിച്ചിരുന്നു.

വിദ്യാസമ്പന്നനായ ഒരു പുരോഹിതൻ എന്നതിനാൽ റാന്നിയിലെ ഹൈസ്കൂളിൽ അദ്ധ്യാപകനായും, യു.പി സ്കൂൾ പ്രധാനാദ്ധ്യാപകനായും സേവനമനുഷ്ഠിച്ചതിനാൽ അനേകം ശിഷ്യസമൂഹത്തിന്റെ ഒരു ഉടമകൂടിയാണച്ചൻ. വിദ്യാഭ്യാസ മേഖലയിലെപോലെ ആത്മീയ മേഖലയിലും അച്ചൻ ശോഭിച്ചിരുന്നു. അറിയപ്പെട്ടിരുന്ന ഒരു സുവിശേഷ പ്രാസംഗികനായിരുന്നതിനാൽ ക്നാനായ സമുദായത്തിലെയും, മലങ്കര യാക്കോബായ സഭയിലെ അനേക ദൈവാലയങ്ങളിലെ കൺവൻഷൻ പ്രസംഗങ്ങൾ നടത്തുവാനും ഭാഗ്യം ലഭിച്ചിട്ടുണ്ട്. ക്നാനായ സമുദായത്തിന്റെ മിഷ്യൻ ഡയറക്ടർ, സുവിശേഷ സമാജം വൈസ് പ്രസിഡന്റ്, സമുദായ വൈദിക ട്രസ്റ്റി, സമുദായ മാനേജിംഗ് കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. അച്ചൻ പ്രത്യേകമായി നേതൃത്വം നൽകി ആരംഭിച്ച മറ്റൊരു വലിയ പ്രസ്ഥാനമാണ് മുടങ്ങാതെ വർഷംതോറും നടത്തിവരുന്ന റാന്നി ക്നാനായ കൺവൻഷൻ. ബഹു. അച്ചൻ അവസാനനാൾവരെയും അതിന്റെ രക്ഷാധികാരിയും, സംഘാടകനും, ഉപദേഷ്ഠാവുമായിരുന്നു. ശുശ്രൂഷിച്ചിരുന്ന ദൈവാലയങ്ങളിൽ എല്ലാം സുവിശേഷ പ്രചാരണത്തോടൊപ്പം, കാരുണ്യപ്രവർത്തനങ്ങളും, സാമ്പത്തിക സഹായങ്ങളും നൽകിയിരുന്നു.

സഹോദരി സമുദായങ്ങളുമായുള്ള ഉറ്റ സൗഹൃദം സൂക്ഷിച്ചിരുന്നതിനാൽ, നിലയ്ക്കൽ എക്യുമിനിക്കൽ പ്രസ്ഥാനത്തിന്റെ ഒരു വലിയ സംഘാടകനും അന്ത്യം വരെ അതിന്റെ പ്രവർത്തകനുമായിരുന്നു. റാന്നിയിലെ രാഷ്ട്രീയ, സാമുദായിക, സാംസ്ക്കാരിക മേഖലകളിൽ അച്ചൻ ഒരു നിറഞ്ഞ സാന്നിദ്ധ്യം ആയിരുന്നു. വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, ലീഡർഷിപ്പ് ട്രയിനിംഗ് കരസ്ഥമാക്കുവാനും ഇടയായി. പരി.കുറിയാക്കോസ് സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുള്ള ഇടവക ശുശ്രൂഷകളിലെ ഒരു പ്രധാന ഘടകമായിരുന്നു അച്ചന്റെ രഹസ്യ പ്രാർത്ഥനകൾ. ദൈവം നൽകിയ പൗരോഹിത്യവും, വിദ്യാഭ്യാസവും, സാമ്പത്തികമായ ദാനങ്ങളും പരമാവധി വർദ്ധിപ്പിച്ച് നല്ലവനും, വിശ്വസ്തനുമായി ജീവിച്ച് അല്പത്തിൽ വിശ്വസ്തനായതിനാൽ ദൈവം അധികത്തിലും വിശ്വസ്തനാക്കി. യജമാനന്റെ സന്തോഷത്തിലേയ്ക്ക് പ്രവേശിക്കുവാൻ അച്ചൻ യോഗ്യനായി. ദൈവജനത്തെയാണ് തന്നെ ഏല്പിക്കുന്നത് എന്ന ബോധ്യം അച്ചന് ഉണ്ടായിരുന്നതിനാൽ അവരെ സ്നേഹിച്ചിരുന്നത് വാക്കുകൾ കൊണ്ടല്ല ഹൃദയം കൊണ്ടായിരുന്നു. ചന്ദനം മുറിച്ചാലും അതിന് ഒരു ദൗത്യം ഉണ്ട്. സുഗന്ധം പരത്തും. മൂഴിയിലച്ചന്റെ സ്മരണകൾ ചന്ദനം കണക്കെ സുഗന്ധം പരത്തുന്നു. ഏതൊരു മനുഷ്യനും ശ്രദ്ധേയനായി മാറുന്നതും ചിരകാല സ്മരണയായി അവശേഷിക്കുന്നതും അവർ ചെയ്ത നന്മകളുടെയും, പകർന്നു തന്ന ജീവിതാനുഭവങ്ങളുടെയും വെളിച്ചത്തിലാണ്.

എല്ലാവരെയും സ്നേഹിച്ച്, സകലവും ശോധന ചെയ്ത്, നല്ലത് മുറുകെപിടിച്ച്, ദോഷം വിട്ടകന്ന് 50 വർഷത്തിലധികം ക്നാനായ സമുദായത്തിൽ ആത്മീയ സേവനം അനുഷ്ഠിച്ച അച്ചനെ ദൈവം തന്റെ വിശ്വസ്ത പുരോഹിതനായി സ്വീകരിയ്ക്കാൻ പ്രാർത്ഥിക്കാം.

വിശ്വസ്ത പുരോഹിതന്മാർക്കായി സ്വർഗ്ഗീയ ഊർശ്ലേമിൽ ഒരുക്കിയിരിക്കുന്ന മുടികൾ മുടഞ്ഞതായ കിരീടം ചൂടുവാൻ ദൈവം കൃപ നൽകട്ടെ

"ആചാര്യേശാ മശിഹാ കൂദാശകൾ അർപ്പിച്ചോരി
ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

## അഞ്ചാനി സെന്റ് ജോർജ് ക്നാനായ പള്ളി ജൂബിലി



അഞ്ചാനി സെന്റ് ജോർജ് ക്നാനായ പള്ളിയുടെ ജൂബിലിയുടെ ഭാഗമായുള്ള കുടുംബ സംഗമവും കലാസന്ധ്യയും കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്യുന്നു. അനിൽ ബോസ്, റവ. ഫാദർ ജോസഫ് വരംവയ്ക്കൽ, സാബു പാറുമലയിൽ, ജോസഫ്കുട്ടി ഇടയാടിയിൽ, റവ. ഫാദർ എബി സക്കറിയ, ഷൈനി രാജീവ്, ബ്രില്ലി ബോബി, സീമ ബിജു, ജയ്മോൻ മേപ്രത്ത് എന്നിവർ സമീപം

# ക്നാനായ ഫാമിലി ഡയറക്ട്‌റേറ്റിന്റെ രജതജൂബിലി ആഘോഷം

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

25 വർഷം പൂർത്തിയാക്കിയ ക്നാനായ ഫാമിലി ഡയറക്ടറേറ്റ് സിൽവർ ജൂബിലി 13-05-2023 ൽ ആഘോഷിച്ചു. അഭി. സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്ത സമ്മേളനത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിച്ചത് അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനിയാണ്. അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തി. മുഖ്യപ്രഭാഷണം നിർവ്വഹിച്ചത് കോട്ടയം മെഡിക്കൽ കോളേജിന്റെ മുൻ പ്രിൻസിപ്പലായിരുന്ന ഡോ.ജോസ് ജോസഫാണ്. ഈ പ്രസ്ഥാനത്തിന്റെ സ്ഥാപക ഡയറക്ടറായിരുന്ന റവ. ഫാ. എ.പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ നാളിതുവരെയുള്ള ചരിത്രം ചുരുക്കമായി അവതരിപ്പിച്ചു. സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം ആശംസകൾ അറിയിച്ചു. വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുത്തിട്ടുള്ളവരെ പ്രതിനിധാനം ചെയ്തുകൊണ്ട് ശ്രീമതി എൽനാ ഡിറ്റോ വളയനാട് അനുഭവം പങ്കുവച്ചു. ഡയറക്ടർ, ഫാ.ഡോ.ജയിംസ് തോടത്തിൽ സ്വാഗതവും സെക്രട്ടറി റവ.ഫാ. ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ കൃതജ്ഞതയും അറിയിച്ചു. റവ. ഫാ. രാജൻ കുളമടയിൽ Master of Ceremony ആയിരുന്നു.

ഈ ആഘോഷത്തിന്റെ പിന്നിലെ പ്രധാനലക്ഷ്യം കുടുംബജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സമുദായാംഗങ്ങളെ പ്രബോധിപ്പിക്കുക എന്നതാണ്. ക്രിസ്തുവിലധിഷ്ഠിതമായ കുടുംബജീവിതം നിലനിൽക്കുമെന്ന ബോധ്യം വിശ്വാസികളുടെ ഉള്ളിലുണ്ടാകണം. വിവാഹത്തിനുമുമ്പ് മാത്രമല്ല വിവാഹശേഷവും ആവശ്യമായ ഉപദേശങ്ങൾ നൽകുവാൻ ഫാമിലി ഡയറക്ടറേറ്റിനു കഴിയും. എങ്കിലും Premarital Councelling ന്റെ ആവശ്യകത ബോധ്യപ്പെടുകയെന്നതാണ് പ്രധാനം.

വിവാഹജീവിതത്തിൽ പ്രവേശിക്കുന്നവർക്ക് നല്ല അറിവും വിദ്യാഭ്യാസവും ഉണ്ട്. മാത്രമല്ല കുടുംബജീവിതത്തെക്കുറിച്ച് മാതാപിതാക്കൾ നല്ല പ്രബോധനം നൽകാറുണ്ട്. എങ്കിലും മാതാപിതാക്കൾക്ക് നൽകുവാൻ കഴിയുന്ന ബോധ്യങ്ങളെക്കാൾ അപ്പുറം ഈ പ്രസ്ഥാനത്തിന് നൽകാൻ കഴിയും. കുടുംബജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള Doctors, Phycologist, വൈദികർ എന്നിവർ നൽകുന്ന ക്ലാസ്സുകളിലൂടെ നിങ്ങളുടെ മക്കളെ വിവാഹ കൂദാശയെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുവാൻ കഴിയും. പ്രത്യേകിച്ച് വിവാഹമോചനങ്ങൾ വർദ്ധിച്ചു വരുന്ന ഇക്കാലത്ത് സമുദായാംഗങ്ങൾ Premarital Councelling പ്രാധാന്യം തിരിച്ചറിയണം.

ചില മാതാപിതാക്കൾ ഞങ്ങളോട് ചോദിക്കാറുണ്ട്:

“ഞങ്ങളുടെ കാലത്ത് വിവാഹ ഒരുക്ക സെമിനാർ ഉണ്ടായിരുന്നില്ല. പക്ഷെ അക്കാലത്ത് വിവാഹമോചനങ്ങളും സാധാരണമല്ലായിരുന്നു. കൗൺസിലിംഗ് നൽകിയപ്പോഴാണ് കുടുംബപ്രശ്നങ്ങൾ വർദ്ധിച്ചത്”.

ഇത് കാര്യങ്ങൾ ശരിയായി മനസ്സിലാക്കാത്തതിന്റെ പ്രശ്നമാണ്. മുൻകാലങ്ങളിൽ വിവാഹമോചനങ്ങൾ കുറവായിരുന്നുവെന്നുള്ളത് ശരിയാണ്. ഇക്കാലത്ത് യുവതിയുവാക്കൾ സ്വന്തം കാലിൽ നിൽക്കുവാൻ കെൽപ്പുള്ളവരാണ്. സ്വാതന്ത്ര്യം കൂടുതൽ ലഭിച്ചിട്ടുള്ളവരാണ്. അവകാശബോധം പണ്ടുണ്ടായിരുന്നതിൽ കൂടുതൽ ഇക്കാലത്തുണ്ട്. വിദ്യാഭ്യാസപരമായും വളരെ ഉയരങ്ങളിലാണ്. ആത്മാഭിമാനവും ആത്മബോധവും വർദ്ധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് സ്ത്രീകൾ അവരുടെ വ്യക്തിത്വത്തെക്കുറിച്ച് കൂടുതൽ ബോധ്യമുള്ളവരാണ്. അവർ നൽകുന്ന സ്നേഹവും ബഹുമാനവും തിരികെ കിട്ടണമെന്ന അവരുടെ അവകാശത്തെ നിഷേധിക്കുവാനും കഴിയില്ല.അതുകൊണ്ട് വിവാഹമോചനങ്ങൾക്കുള്ള സാദ്ധ്യത വർദ്ധിച്ചിട്ടുണ്ട്.

ആയതിനാൽ യുവതിയുവാക്കൾ അവകാശബോധമുള്ളവരാകുന്നതുപോലെ ചുമതലാബോധവും ഉള്ളവരാകണമെന്ന ബോധ്യം നൽകുവാൻ ഈ പ്രസ്ഥാനത്തിനു കഴിയും. പ്രശ്നങ്ങളിൽ ചെന്ന് വീഴാതെ Give respect and take respect എന്ന policy കൈക്കൊള്ളും.

ഭാര്യാഭർത്താക്കന്മാരുടെ ധർമ്മം, വിവാഹം ഒരു ദൈവവിളി, വിവാഹകൂദാശയുടെ ദൈവശാസ്ത്രം, ലൈംഗിക ധാർമ്മികത, ആശയവിനിമയം, വി.കുമ്പസാരം, പ്രാർത്ഥന, പേരന്റിംഗ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിശദമായും ആധികാരികമായും ക്ലാസ്സുകൾ ഈ മൂന്നുദിവസത്തെ സെമിനാറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അടിയന്തിരമായി നടക്കുന്ന വിവാഹങ്ങൾക്കു മാത്രമാണ് ഒരു ദിവസത്തെ എമർജൻസി ക്ലാസ്സ് നൽകുന്നത്.

സമുദായാംഗങ്ങൾ Premarital Councelling ന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വിവാഹിതരാകുവാൻ പോകുന്ന യുവതിയുവാക്കൾ ഈ സൗകര്യം പ്രയോജനപ്പെടുത്തണമെന്ന് താൽപര്യപ്പെടുന്നു ക്നാനായ ഫാമിലി ഡയറക്ടറേറ്റ് കമ്മിറ്റിയ്ക്കുവേണ്ടി

**ഫാ. ഡോ. ജയിംസ് ജേക്കബ് തോടത്തിൽ**

(ഡയറക്ടർ)

# ഏവൻഗേലിയോൻ ദീപം



ഫാ. പി.റ്റി. മാത്യു പയ്യനാട്ട്

## പെന്തിക്കോസ്തിയ്ക്കു ശേഷം മൂന്നാം ഞായർ
## വി. യോഹ. 6:35–46 (18–06–2023)

ഈ വേദഭാഗം ധ്യാനിക്കുമ്പോൾ പൊതുവായി ചില കാര്യങ്ങൾ നാം അറിഞ്ഞിരിക്കണം. പെന്തിക്കോസ്തി പെരുന്നാളിനുശേഷം ഈ വർഷം ഒൻപതു ഞായറാഴ്ചകളാണുള്ളത്. ചില വർഷങ്ങളിൽ 12 ഞായറാഴ്ചകൾ വരെ ഉണ്ട്. ഈ കാലയളവിലെ ഏറെ ഞായറാഴ്ചകളിലും ഏവൻഗേലിയോനിൽ; പിതാക്കന്മാർ ഉൾപ്പെടുത്തിയിരിക്കുന്നത്; "എന്റെ ശരീരം ഭക്ഷിക്കണം, രക്തം പാനം ചെയ്യണം, ഞാൻ തന്നെയാണ് സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന അപ്പം തുടങ്ങിയ വേദഭാഗങ്ങളോ; അഞ്ചപ്പം കൊണ്ടയ്യായിരത്തെ പോഷിപ്പിച്ചതും, ഏഴപ്പംകൊണ്ടു നാലായിരത്തെ പോഷിപ്പിച്ച വേദഭാഗങ്ങളുമാണ്. അതായത് വിശുദ്ധ കുർബ്ബാനാനുഭവത്തിന്റെ ആവശ്യകത സഭയുടെ മക്കളോടു വെളിപ്പെടുത്തുന്ന വേദഭാഗങ്ങൾ.

കർത്താവ് പിതാവിന്റെ സന്നിധിവിട്ടു ഈ ലോകത്തിലേക്കിറങ്ങി വന്നതു, തന്റെ ശരീരം മുറിച്ചു നമ്മെ ഭക്ഷിപ്പിപ്പാനും, തന്റെ രക്തം പകർന്നു നമ്മെ കുടിപ്പിപ്പാനും, തന്റെ സ്വർഗ്ഗരാജ്യം നമുക്കവകാശപ്പെടുത്തിത്തരുവാനുമാണ്. ഈ ചിന്ത എപ്പോഴും നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം.

നമ്മുടെ ചിന്തയ്ക്കായി ഇവിടെ തന്നിരിക്കുന്ന വേദഭാഗം തുടങ്ങുന്നത് "ഞാൻ ജീവന്റെ അപ്പമാകുന്നു. എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളും ദാഹിക്കയുമില്ല (യോഹ. 6:35).

നാം ഓരോരുത്തരും ഉൾപ്പെടുന്ന പരിശുദ്ധ സുറിയാനി സഭയുടെ വേദശാസ്ത്രം വി. യോഹന്നാന്റെ സുവിശേഷത്തെ ആധാരമാക്കിയാണ്; നമ്മുടെ പിതാക്കന്മാർ പഠിപ്പിക്കുന്നത്. വിശുദ്ധ കുർബ്ബാനയുടെ ആവശ്യകത ഈ സുവിശേഷത്തിൽ മാത്രമാണ് വ്യക്തമായി കാണാൻ സാധിക്കുന്നത്. പ്രത്യേകിച്ച് 6–ാം അദ്ധ്യായത്തിൽ വി. കുർബ്ബാന എന്താണെന്നും അതില്ലെങ്കിൽ നമുക്ക് സംഭവിക്കുന്ന നഷ്ടവും എല്ലാം രേഖപ്പെടുത്തിയിരിക്കുന്നു.

കർത്താവു പറയുന്നു; ഞാൻ ജീവന്റെ അപ്പമാണ്. ഇതൊരു അലങ്കാര പ്രസ്താവനയല്ല. ഇതൊരു യാഥാർത്ഥ്യമാണ്. അപ്പം കൂടാതെ ജീവൻ നിലനിർത്താൻ സാധ്യമല്ല! എങ്കിൽ ജീവൻ എന്താണ്? ജഢത്തിലുള്ള നിലനില്പുമാത്രമല്ല! ജീവൻ. യഥാർത്ഥ ജീവനെന്നു പറയുന്നത് ജീവനുള്ള ദൈവത്തോടുള്ള ബന്ധമാണ്. ദൈവാശ്രയവും, ദൈവത്തോടുള്ള അനുസരണവും, അവനോടുള്ള അകമഴിഞ്ഞ സ്നേഹവുമാണ്. ദൈവത്തോടുള്ള ബന്ധം തന്റെ പുത്രനായ യേശുവിലൂടെ മാത്രമേ സാധിക്കുകയുള്ളു.

ദൈവസൃഷ്ടിയായ മനുഷ്യൻ ദൈവത്തോടു നേരിട്ടുള്ള ബന്ധത്തിലാണ് ജീവിച്ചിരുന്നത്. എന്നാൽ പിശാചു മനുഷ്യനെ വഞ്ചിച്ചു. വിലക്കപ്പെട്ട മരണവൃക്ഷത്തിന്റെ ഫലം തീറ്റിച്ചു. ദൈവസംസർഗ്ഗവും, പറുദീസാനഷ്ടവും അവനുണ്ടായി. അതായത് അവൻ മരണത്തിനടിമപ്പെട്ടു. ജീവ വൃക്ഷത്തിന്റെ സമീപത്തുനിന്നും അവൻ നിഷ്കാസനം ചെയ്യപ്പെട്ടു. അനുസരണക്കേടുമൂലം, മുള്ളും പറക്കാരയും നിറഞ്ഞ ഈ ഭൂമിയിലേക്കവൻ ഇറങ്ങിപ്പോരേണ്ടി വന്നു. നിത്യജീവനെ പ്രദാനം ചെയ്യുന്ന ജീവവൃക്ഷ ഫലമായ മശിഹാ തമ്പുരാൻ ഇറങ്ങി വന്നു, അപ്പവും വീഞ്ഞുമായി തന്റെ തിരുശരീര രക്തങ്ങളായി നമുക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ വിശുദ്ധ കുർബ്ബാനയുടെ പ്രാധാന്യം മനസ്സിലാക്കി, സുറിയാനി സഭയുടെ അംഗങ്ങളായി ജീവിതാവസാനം വരെ തുടരാൻ ദൈവം സംഗതിയാക്കട്ടെ.

## പെന്തിക്കോസ്തിയ്ക്കു ശേഷം നാലാം ഞായർ
## മത്താ. 14:14–23 (25–06–2023)

അഞ്ചപ്പവും രണ്ടുമീനുംകൊണ്ട് 5000 പേരെ പോഷിപ്പിക്കുന്ന സംഭവം വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ നിന്നുമാണ് പിതാക്കന്മാർ ധ്യാനത്തിനായി ക്രമീകരിച്ചിരിക്കുന്നത്. നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്ന, നമ്മുടെ കർത്താവ് പ്രവർത്തിച്ച ഏക അത്ഭുതവും ഇതുമാത്രമാണ്.

തന്റെ മുന്നോടിയായ യോഹന്നാൻ സ്നാപകൻ, ശിരഛേദം ചെയ്യപ്പെട്ടു. സ്നാപകന്റെ ശിഷ്യന്മാർ ഉടലെടുത്തു കുഴിച്ചിട്ടു. വിവരം യേശുവിനെ അറിയിച്ചു. അതുകേട്ട നമ്മുടെ കർത്താവ്, വിജന പ്രദേശത്തേക്കു വാങ്ങിപ്പോയി. അതറിഞ്ഞ ജനം അന്വേഷിച്ചു അവന്റെ അടുക്കൽ ചെന്നു. സന്ധ്യയായപ്പോൾ അവർക്ക് അപ്പം കൊടുക്കുന്ന കർത്താവിനെയാണ് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്.

നമ്മുടെ കർത്താവ് ആത്മീയമായ കാര്യങ്ങൾ മാത്രമല്ല ശാരീരികമായ ആവശ്യങ്ങളെയും നിർവ്വഹിക്കുന്നവനാണ്. വലിയ പുരുഷാരത്തെക്കണ്ടു മനസ്സലിഞ്ഞു. അവരുടെ രോഗികളെ സൗഖ്യമാക്കി. വിശക്കുന്നവരായി അവരെ ഭവനങ്ങളിലേക്കു മടക്കി അയപ്പാൻ കർത്താവിനു മനസ്സു വന്നില്ല.

കർത്താവ് ഒരിക്കൽ പറഞ്ഞു; "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവീൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം". കേവലം ആത്മീയമായ കാര്യങ്ങളിൽ മാത്രമുള്ള ആശ്വാസമല്ല, ജഢിക കാര്യങ്ങളിലുള്ള കരുതലും ഈ പ്രസ്താവനയിൽ പ്രതിഫലിക്കുന്നുണ്ട്.

ആഹാബു രാജാവിനെയും അവന്റെ ഭാര്യയായ ഇസബേലിനെയും ഭയന്നോടി മരുഭൂമിയിൽ ചൂരച്ചെടി തണലിൽ ക്ഷീണിതനായി കിടന്നുറങ്ങുന്ന ഏലിയാ പ്രവാചകനെ തട്ടിയുണർത്തി അപ്പവും തുരുത്തിയിൽ വെള്ളവും കൊടുത്തു ദൈവദൂതൻ പറയുന്നത്, എഴുന്നേറ്റു ഭക്ഷിക്കുക, നിനക്കു വളരെ ദൂരം സഞ്ചരിപ്പാനുണ്ട് എന്നത്രേ! (1 രാജ.19). ദൈവദൂതനെ അനുസരിച്ച ഏലിയാവ് 40 രാവും 40 പകലും യാത്ര ചെയ്തു ദൈവത്തിന്റെ പർവ്വതമായ ഹോരേബിൽ എത്തി; ദൈവത്തിന്റെ തിരുമുഖത്തുനിന്ന്, ഹസായേലിനെ

അരാമിനും, യേഹൂവിനെ യിസ്രായേലിനും രാജാവായി അഭിഷേകം ചെയ്യാനുള്ള കല്പന ലഭിച്ചതു മാത്രമല്ല തന്റെ പിൻഗാമിയായ ഏലീശായെ വാഴിക്കാനുള്ള അധികാരവും, ഉടലോടെ ദൈവസന്നിധിയിലേക്കു പോകുവാനുള്ള സൗഭാഗ്യവും, വി. കുർബ്ബാനയുടെ മുൻകുറിയായ ഈ അപ്പവും വെള്ളവും ഭക്ഷിച്ചതു മൂലമാണ്.

പിതാക്കന്മാർ പാടുന്നു:

ദൈവസുതാ വഴിയാത്രയിലെൻ
പാഥേയം നീയാം
ജഗതീപോഷകനെ പശിയിൽ നീയെന്നെപ്പോറ്റി.
ഞാനെരിയരുതെ നിൻ തനുരുധിരങ്ങൾ
എൻ തനുവീന്നും വാസന വീശുമ്പോൾ....

നമ്മുടെ കർത്താവിന്റെ തിരുശരീര രക്തങ്ങൾ സ്വർഗ്ഗസീയോനിലേക്കു യാത്ര ചെയ്യുന്ന നമുക്ക് വഴിയാഹാരമാണ്. ആകയാൽ വിശുദ്ധ കുർബ്ബാനയോടുള്ള ബന്ധത്തിൽ സ്ഥിരമായി നിൽക്കുവാൻ, ദൈവമായ കർത്താവ് സംഗതിയാക്കട്ടെ.

## പെന്തിക്കോസ്തിയ്ക്കു ശേഷം അഞ്ചാം ഞായർ ലൂക്കോ. 9:10– (02–07–2023)

അഞ്ചപ്പംകൊണ്ട് 5000 പേരെ പോഷിപ്പിച്ച സംഭവം, വി ലൂക്കോസിന്റെ സുവിശേഷത്തിൽ നിന്നും വീണ്ടും നാം ധ്യാനിക്കയാണ്. ശാരീരിക പോഷണമാണ് ഇവിടെ ഉദ്ദേശിക്കുന്നതെങ്കിലും നമ്മുടെ ചിന്ത സ്വർഗ്ഗീയ ആഹാരത്തിലേക്കും ചെന്നെത്തണം.

മരുഭൂമിയിൽകൂടി നടത്തപ്പെട്ട യിസ്രായേലിലെ പിതാക്കന്മാർക്ക്, അതായത് നമ്മുടെ പൂർവ്വികർക്ക് സ്വർഗ്ഗത്തിൽനിന്നു വീഴ്ത്തിക്കൊടുത്ത 'മന്ന' അവർക്ക് ജഢീക പോഷണം മാത്രമായിരുന്നില്ല; മറിച്ചു, ആത്മീയ പോഷണംകൂടി ആയിരുന്നു. മനുഷ്യൻ ദൈവദൂതന്മാരുടെ അപ്പം ഭക്ഷിച്ചു എന്നാണ് സങ്കീർത്തനക്കാരൻ 'മന്ന'യെ വിശേഷിപ്പിക്കുന്നത്.

"മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം കുടിക്കാതെയും നിങ്ങൾക്കുള്ളിൽ ജീവനുണ്ടാകുകയില്ല" എന്നാണു കർത്താവു നമ്മെ പഠിപ്പിക്കുന്നത്. മാത്രമല്ല നിങ്ങൾ എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്താൽ ഞാൻ നിങ്ങളിലും നിങ്ങൾ എന്നിലും വസിക്കും. നിങ്ങൾക്ക് നിത്യജീവനുണ്ടാകും. അവസാന നാളിലെ പുനരുത്ഥാനത്തിന് നാമും യോഗ്യരായിത്തീരും. വി. കുർബ്ബാനാനുഭവത്തിൽ നിന്നു നാം അന്യരായിപ്പോയാൽ, ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന നിത്യതയ്ക്ക് അനർഹരായി തീരുകയും ചെയ്യും. വി. കുർബ്ബാനയെക്കുറിച്ചു വരും ദിവസങ്ങളിലും നമുക്ക് ചിന്തിക്കാം.

കർത്താവിന്റെ അടുക്കൽ വന്നവർക്ക് രോഗശാന്തിയും, പൈശാചിക ബന്ധത്തിൽ നിന്നുള്ള വിടുതലുമായിരുന്നു ആവശ്യം. കർത്താവ് അത് ജനത്തിന് നൽകി എന്നു മാത്രമല്ല രോഗശാന്തി വരവും അശുദ്ധാത്മാക്കളെ പുറത്താക്കാനുള്ള അധികാരവും തന്റെ ശിഷ്യന്മാർക്ക് നല്കുകയും ചെയ്തു (മത്താ 10:1–15) ഉയിർത്തെഴുന്നേറ്റവനായ കർത്താവ് പാപമോചനാധികാരവും അവർക്ക് നൽകി. യോഹ. (20:23) ഇന്നത്തെ സമൂഹത്തിനും ഇതൊക്കെ ത്തന്നെയാണാവശ്യം.

നമ്മുടെ കർത്താവ് രോഗശാന്തി നൽകിയിരുന്നത് പാപമോചനത്തിലൂടെയാണ്. പക്ഷവാതക്കാരന്റെയും (മർക്കോ. 2:1–9) ബഥേസ്താ കുളത്തിൻ കരയിൽ കിടന്നിരുന്ന തീരാരോഗിയുടെയും രോഗസൗഖ്യത്തെപ്പറ്റി ചിന്തിക്കുക (യോഹ.5:1–4).

മശിഹാതമ്പുരാൻ, പരിശുദ്ധ സഭയെ ഭരമേൽപ്പിച്ചിരിക്കുന്ന, കുമ്പസാരമെന്ന കൂദാശയിൽ പട്ടക്കാരൻ കുമ്പസാരാർത്ഥിയുടെ തലയിൽ കൈവച്ചു പ്രാർത്ഥിക്കുന്നത്, രോഗസൗഖ്യം പ്രാപിപ്പാൻ കർത്താവ് ഉച്ചരിച്ച അതേ വാചകം തന്നെയാണ്. "കർത്താവു ശ്ലീഹന്മാർക്കും, ശ്ലീഹന്മാർ പ്രധാനാചാര്യന്മാർക്കും, പ്രധാനാചാര്യന്മാർ എന്റെ ബലഹീനതയ്ക്കും നല്കിയിരിക്കുന്ന അധികാരത്താൽ "ഞാൻ" നിനക്കു പാപമോചനം നല്കുന്നു" എന്നത്രേ! നമ്മുടെ കർത്താവ് ഉച്ചരിച്ച അതേ വാചകം!

കുമ്പസാരത്തിനെത്തുന്ന വിശ്വാസിയും കുമ്പസാരിപ്പിക്കുന്ന പുരോഹിതനും സ്വയം വിലയിരുത്തി വേണം ഈ വി. കൂദാശയിൽ ഭാഗഭാക്കുകളാക്കുവാൻ. അല്ലാത്തപക്ഷം ഈ കൂദാശാനുഷ്ഠാനങ്ങൾ വെറും നാടകങ്ങളായി പരിണമിക്കും.

## പെന്തിക്കോസ്തിയ്ക്കു ശേഷം ആറാം ഞായർ മത്താ. 15:32–39 (09–07–2023)

ഈ വേദഭാഗത്തു, നമ്മുടെ കർത്താവ് ഏഴപ്പവും കുറെ ചെറുമീനുകളുംകൊണ്ട്, സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ നാലായിരം പുരുഷന്മാരെ പോഷിപ്പിച്ചതായി കാണുന്നു.

കർത്താവ് തന്റെ പരസ്യശുശ്രൂഷ കാലത്ത് മൂന്നു വിരുന്നുകളാണ് ജനത്തിനുവേണ്ടി ഒരുക്കിയത്. നാം മുമ്പു കണ്ട വിരുന്ന് മൂന്നു വർഷത്തെ പരസ്യ ശുശ്രൂഷയുടെ ഒടുവിൽ യഹൂദന്മാർ തിങ്ങിപ്പാർക്കുന്ന ബെത്സെയ്ദാ പട്ടണത്തിൽ വച്ചാണ് നടത്തിയത്. ഇപ്പോൾ നാം ചിന്തിക്കുന്ന വിരുന്ന് തന്റെ പരസ്യശുശ്രൂഷയുടെ അവസാനത്തെ ആറു മാസത്തിനൊടുവിൽ കനാന്യർ തിങ്ങിപ്പാർക്കുന്ന സോർ, സീദോൻ തുടങ്ങിയ പട്ടണ പ്രദേശത്തുവച്ചാണ്. ഈ പ്രദേശങ്ങളും, യഹൂദന് ദൈവം അവകാശമായി കൊടുത്തതാണെങ്കിലും, അവർ അതു കൈവശപ്പെടുത്താതെ കനാന്യരെ താമസിക്കുവാൻ അനുവദിച്ച പ്രദേശമാണ്. (യോശുവ. 19:24 –31) യിസ്രായേലിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കു അയയ്ക്കപ്പെട്ട കർത്താവിന് ഇവിടെയെല്ലാം സഞ്ചരിക്കേണ്ടിയത് അത്യന്താപേക്ഷിതമായിരുന്നു. അങ്ങനെ ഈ രണ്ടു വിരുന്ന് പുറജാതികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തു നടത്തി.

കർത്താവ് ഒരുക്കിയ മൂന്നാമത്തെ വിരുന്ന്, താൻ തിരഞ്ഞെടുത്തവരും, തന്റെ കല്പനകൾ അനുസരിക്കുന്നവരുമായ ശ്ലീഹന്മാർക്കും അവരുടെ പിൻതലമുറക്കാർക്കുംവേണ്ടി സെഹിയോന്റെ മാളികയിൽ വച്ചു നടത്തിയ മഹാ വലിയ വിരുന്നാണ് കർത്താവിന്റെ രണ്ടാമത്തെ വരവുവരെ നാം അനുഷ്ഠിക്കേണ്ടിയ വിരുന്നത്രേ ഇത്. കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും, നിത്യജീവനുമായി നമ്മെ ഭരമേല്പിച്ചിരിക്കുന്ന വിരുന്നാണ്. ഈ വിരുന്നിനായി കർത്താവാണ് ശ്ലീഹന്മാരെയും അവരിലൂടെ നമ്മെയും തിരഞ്ഞെടുത്തിരിക്കുന്നത്. അല്ലാതെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചതുകൊണ്ട് നമുക്കു ലഭിച്ച പാരിതോഷികമല്ല. കർത്താവ് ഈ വിരുന്നു പൂർത്തീകരിക്കുന്നത് കാൽവറിയിലാണ്.

ഒരു കാര്യംകൂടി ഈ വേദഭാഗത്തുനിന്ന് വ്യക്തമാക്കട്ടെ. സ്ത്രീകളെയും പൈതങ്ങളേയും കൂടാതെ നാലായിരം പുരുഷന്മാർ ഈ വിരുന്നിൽ പങ്കാളികളായി. മത്തായിയുടെ സുവിശേഷത്തിലും ഈ പ്രസ്താവന കാണാം. (മത്താ.14:21).

യഹൂദാസമൂഹം പുരുഷമേധാവിത്വമുള്ള സമൂഹമാണ്. പുരുഷന്മാരുടെ കാര്യമേ അവർ ചർച്ചാവിഷയമാക്കൂ. സഭ

യുടെ ആരംഭം മുതൽ ശിശുസ്നാനം സഭയിൽ ഉണ്ടായിരുന്നു. അത് വിശുദ്ധ ഗ്രന്ഥത്തിൽ എഴുതിയില്ല എന്ന കാരണത്താൽ ശിശുസ്നാനം തെറ്റാണെന്ന് ആരും പറയരുത്. പുതിയ നിയമത്തിൽ സ്നാനത്തെ സംബന്ധിച്ചു വേദഭാഗം കാണുക.

"എന്നാൽ വചനം കേട്ടവരിൽ പലരും വിശ്വസിച്ചു. പുരുഷന്മാരുടെ എണ്ണം തന്നെ അയ്യായിരത്തോളം ആയി (അ. പ്ര.4:4) എന്താണിതിനർത്ഥം. സ്ത്രീകളും കുട്ടികളും കൂടാതെ അയ്യായിരം പുരുഷന്മാർ സ്നാനമേറ്റു സഭയോടു ചേർന്നു എന്നല്ലേ?

ആയതുപോലെ, ഫറവോന്റെ അടിമത്വത്തിൽനിന്ന് വിടുതൽ പ്രാപിച്ച യിസ്രായേൽ ജനം ചെങ്കടൽ കടന്നതിനെ സ്നാനത്തോടാണ് പരിശുദ്ധനായ പൗലോസ്ശ്ലീഹാ ഉപമിച്ചിരിക്കുന്നത് (1 കൊരി. 10:1-6). ആറു ലക്ഷത്തി അറുപതിനായിരം പുരുഷന്മാരും, അവരുടെ ഭാര്യമാരും പൈതങ്ങളും ഈ സ്നാനത്തിൽ പങ്കാളികളായി. പുരുഷന്മാരുടെ കണക്കുമാത്രമേ വി. ഗ്രന്ഥത്തിലുള്ളു. സ്ത്രീകളുടേയും കണക്ക് എടുത്തു പറഞ്ഞിട്ടില്ല.

"മാമോദീസാ എനിക്കോർത്താൽ മുങ്ങാത്തൊരു നൗക<br>
നാഥ നിൻകൃപകാണണമേ ഞാനുത്ഥാനത്തിൽ ഹാ. ഉ. ഹാ.


## വസ്തു വില്പനയ്ക്ക്


കുറിച്ചി കരുനാട്ടുവാലയിൽ കൈനടി റോഡിൽ വലിയ പള്ളിക്ക് സമീപം, കോട്ടയം തോടിന്റെ കരയിൽ കടവ്, കിണർ, വൈദ്യുതി മുതലായവയുള്ള 12 അടി വഴിയോടുകൂടിയ 80 സെന്റ്, Gated Community, Villa Project, മറ്റ് വാണിജ്യാവശ്യങ്ങൾക്കും അനുയോജ്യമായ 80 സെന്റ് ഒന്നായോ, പ്ലോട്ടുകളായോ വില്ക്കപ്പെടും.

WhatsApp- 0049 15773320315<br>
8301968799

## വസ്തു വില്പനയ്ക്ക്

കുറിച്ചി മന്ദിരം കവലയിൽ M.C. Road-ൽ നിന്നും 100 മീറ്റർ കിഴക്ക് Homeo College Road -ൽ ഒരേക്കർ Gated Property ഒന്നായോ ചെറു പ്ലോട്ടുകളായോ, വില്ക്കപ്പെടും Villa Project മുതലാവയ്ക്ക് അനുയോജ്യം.

WhatsApp- 0049 15773320315<br>
8301968799

## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി,** വടപുറം

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി,** വടപുറം

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, ചിങ്ങവനം**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി, രാമങ്കരി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**ഒരു വിശ്വാസി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**ഒരു വിശ്വാസി, വള്ളംകുളം**




## അത്ഭുതമാന്ത്രികൻ

നഗരത്തിൽ ഒരു അത്ഭുത മാന്ത്രികൻ വന്നിട്ടുണ്ടെന്നു വാർത്ത പരന്നു. അല്പസമയത്തിനുള്ളിൽ എല്ലാ ഭാഗങ്ങളിൽ നിന്നും ജനങ്ങൾ പ്രവഹിച്ചു.

എവിടെയും പ്രദർശിപ്പിച്ചിട്ടില്ലാത്ത ഒരേ ഒരു വിദ്യ മാത്രമേ ഞാൻ കാണിക്കുകയുള്ളു. 'മാന്ത്രികൻ പറഞ്ഞു: ഈ കോട്ടു കണ്ടില്ലേ ഇതു വെറും കോട്ടാണ്. ഞാൻ യാതൊന്നും ഇതിനകത്തു ഒളിപ്പിച്ചിട്ടില്ല. ആർക്കും വന്നു പരിശോധിക്കാം. പക്ഷേ, ഒരു വശത്തു ഞാൻ കടിച്ചാൽ മതി, ഒരു പന്നി വേദനയോടെ കരയുന്നതു നിങ്ങൾക്കു കേൾക്കാം'.

മാന്ത്രികൻ അങ്ങനെ പ്രവർത്തിച്ചു കാണിക്കുകയും ശബ്ദം കേൾപ്പിക്കുകയും ചെയ്തു. ജനങ്ങൾ ആഹ്ളാദത്തോടെ കൈയ്യടിച്ചു. പക്ഷേ, സദസ്സിന്റെ മൂലയിൽനിന്നും ഒരു കർഷകൻ എഴുന്നേറ്റു പറഞ്ഞു: 'സുഹൃത്തുക്കളേ, അതു പന്നിയുടെ ശബ്ദമൊന്നുമല്ല. ഞാൻ ശരിക്കും അതു കേൾപ്പിച്ചു തരാം. നാളെ വരൂ നമ്മുടെ മാന്ത്രികൻ സ്ഥലം വിടുകയില്ലെന്നു കരുതട്ടെ' ജനങ്ങൾ പിറുപിറുത്തു കൊണ്ടു പിരിഞ്ഞു. അടുത്ത ദിവസം കാണികൾ വളരെ വർദ്ധിച്ചിരുന്നു. സ്റ്റേജിൽ രണ്ടുപേർ പ്രത്യക്ഷപ്പെട്ടു. ഒന്ന് കർഷകനും മറ്റൊന്നു മാന്ത്രികനും.

വെല്ലുവിളിയല്ലേ! ജനങ്ങൾ ശ്രദ്ധയോടെ ഇരുന്നു. ആദ്യം കണ്ട മാന്ത്രികൻ കോട്ടിനുള്ളിൽ മുഖമമർത്തി പന്നിയുടെ ശബ്ദമുണ്ടാക്കി. അതു കേട്ടു ജനങ്ങൾ ഹർഷാരവം മുഴക്കി. പിന്നെ കർഷകനും സ്വന്തം കോട്ടിനുള്ളിൽ മുഖം ചേർത്തു. ഉടനെ പന്നിയുടെ ദീനരോദനവും കേൾക്കാറായി.

എന്നാൽ ജനം കൂകി വിളിച്ചു പറഞ്ഞു: 'അതു പന്നിയുടേതല്ല; ഏതോ കഴുതയുടെ ശബ്ദംപോലെ തോന്നുന്നു' മറ്റു ചിലർ ആർത്തുവിളിച്ചു: 'ഇറങ്ങിപ്പോടോ! ഉള്ള സമയം പോയി പാടത്തെ കളപറിക്കുന്നതാണു നല്ലത്'

കർഷകൻ ഒട്ടും പരുങ്ങിയില്ല. അയാൾ തന്റെ കോട്ടിനുള്ളിൽ ഒളിപ്പിച്ചിരുന്ന പന്നിക്കുട്ടിയെ പുറത്തെടുത്തു. അതിന്റെ ചെവിയിൽ നുള്ളി നോവിച്ചു. അപ്പോൾ അതു ദയനീയമായി നിലവിളിക്കുകയും ചെയ്തു.

'ഈ ശബ്ദം കഴുതയുടേതാണോ?' കർഷകൻ രോഷത്തോടെ ചോദിച്ചു: 'നിങ്ങൾ എത്ര വിഡ്ഢികളാണെന്നു മനസ്സിലായില്ലേ? മേലിലെങ്കിലും കേട്ടറിഞ്ഞ വിവരം വെച്ചോ മുൻധാരണയോടെയോ കാര്യങ്ങളെ സമീപിക്കരുതെന്നേ എനിക്കു പറയാനുള്ളൂ.

***(അനുകരിക്കപ്പെട്ടതിനെ അഭിനന്ദിക്കുന്നതിനു വേണ്ടി സത്യമായ ഒന്നിനെ പുറന്തള്ളിപ്പറയരുത്).***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ ദിവസം?
2. പത്രോസ് അന്ത്യോഖ്യായിൽ സിംഹാസനം സ്ഥാപിച്ച വർഷം?
3. ക്രിസ്ത്യാനികൾ എന്ന പേര് ലഭിച്ചതെവിടെ വച്ച്?
4. സെഹിയോൻ മാളികയുടെ പില്ക്കാലത്തെ പേര്?
5. പൊതു സുന്നഹദോസുകൾ ഏതെല്ലാം?
6. കുടൽ പൊട്ടി മരിച്ച വേദവിപരീതി?
7. സ്വർണ്ണ നാവുകാരൻ എന്നറിയപ്പെടുന്ന ആൾ?
8. തോമാശ്ലീഹാ കേരളത്തിൽവന്ന് കാശീശന്മാരെ വാഴിച്ച കുടുംബങ്ങൾ ഏതെല്ലാം?
9. സിറിയൻ കുടിയേറ്റത്തിന് നേതൃത്വം നൽകിയ കച്ചവട പ്രമാണി?
10. പൗലോസിനെയും പത്രോസിനെയും വധിച്ച രാജാവ്?

**മെയ് മാസത്തിലെ ഉത്തരങ്ങൾ**

1. യേശുക്രിസ്തു
2. സെഹിയോൻ മാളികയിൽ
3. വിശ്വാസികളുടെ കൂട്ടം
4. പെന്തിക്കോസ്തി
5. പിളർക്കപ്പെട്ട അഗ്നിനാവിന്റെ രൂപത്തിൽ
6. സ്തേഫാനോസ്
7. യാക്കോബ്
8. ശൗൽ
9. കൊർന്നേല്യോസ്
10. പൗലോസ്

**01 – ാം ചരമവാർഷികം**
**09-06-2023**



**ഏലിയാമ്മ ഇടിക്കുള**
**കിഴക്കില്ലത്ത്, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

**4th Death Anniversary**
**07-06-2023**



**Sosamma Abraham**
(Kunjumol James)
**Moozhiparampil**
**Chingavanam**
**Sorrowing Family**

# ഫാമിലി ഡയറക്ട്‌റേറ്റ് രജത ജൂബിലി



ക്നാനായ ഫാമിലി ഡയറക്ടറേറ്റിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവഹിക്കുന്നു. ഡോ. ജോ ജോസഫ്, ഫാ. രാജൻ കുളമട, ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ, അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത, ഫാ. ജിജി പുന്നൂസ് പുത്തൻപുരക്കൽ, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ. ഡോ. ജെയിംസ് ജേക്കബ് തോടത്തിൽ എന്നിവർ സമീപം


## 1 – ാം ചരമവാർഷികം

19 – 06 – 2023



# ഏലിയാമ്മ ഏബ്രഹാം


(W/o K.O. ഏബ്രഹാം)

**തോടത്തിൽ കയ്യാലയിൽ, ഇരവിപേരൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"


*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



## 1 – ാം ചരമവാർഷികം

12 – 06 – 2023



Advt - O

# K.T.THOMAS

Kunnumpurathu (H), Thazhathangady, Kottayam

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

## 11 – ാം ചരമവാർഷികം

15 – 06 – 2023



Advt - O

# ചിന്നമ്മ കുര്യൻ (കുഞ്ഞമ്മ)

കുഴിപറമ്പിൽ സജി വില്ല, കറ്റോട്

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ, സണ്ണി, സുജി, സജി, തോമസ്, ജോയൽ

## 6 – ാം ചരമവാർഷികം

12 – 06 – 2023



Advt - S

# എൻ. ഐ. കുര്യൻ

നെടുന്തറ താഴ്ചയിൽ, കുറ്റൂർ, തിരുവല്ല

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 11 – ാം ചരമവാർഷികം

25 – 06 – 2023



Advt -S

# സി. പി. തോമസ് (ബേബി)

ചെട്ടുവള്ളിൽ, തുരുത്തിക്കാട്

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

# 10 –ാം ചരമവാർഷികം

07 – 07 – 2023



# Molly Jacob

## (W/o K. T. Jacob)

## Kannankeril House, Mannar


"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

**Kannankeril & Kannanthanathu Family**

Advt - R

## 6 – ാം ചരമ വാർഷികം

14 – 06 – 2023



Advt -S

# T. I. Thomas (Kunjachen)

**(Rtd. Asst. Engineer K.S.E.B)**

തോട്ടുപുറത്ത്, എം.എം.വില്ല, തോലശ്ശേരി, തിരുവല്ല – 1

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്തുകാണാമെന്നുള്ളപ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 5th Death Anniversary

28-06-2023



Advt - S

# T. T. CHACKO

**Thekumthara (H) Kalamassery**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ

ഭാര്യ – മേരിക്കുട്ടി ചാക്കോ

മക്കൾ – റെജി ജേക്കബ്, സജി ജേക്കബ്, ബെജി ജേക്കബ്, മഞ്ജു ജേക്കബ്

മരുമക്കൾ – സൂസൻ റെജി, ഷീല സജി, മിനി ബെജി, ജോസി ആലപ്പാട്ട്

## 23 – ാം ചരമവാർഷികം

13 – 06 – 2023



Advt - O

# E.G. കുഞ്ഞുമോൻ ഏബ്രഹാം

ഇളംപുരയിടത്തിൽ, റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## Second Birthday in Heaven

11-06-2023



Advt - O

# KURUVILA SABU

**Kappiyaruseril House, Trivandrum**

**(Retd. from Indian Air Force)**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

**15 – 06 – 2023**



# ഏലിക്കുട്ടി ഇട്ടിയവിര

**തുണ്ടിയിൽ ഹൗസ്, ഈരയിൽകടവ്, കോട്ടയം**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

*Forever in our Hearts*

## 2 – ാം ചരമവാർഷികം

**12 – 06 – 2023**



# ഷീല ജോസഫ്

**കാടാത്ത് പുറത്തേരിൽ, നീലംപേരൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## വേർപാടിന്റെ 10 – ാം വാർഷികം

**05-07-2023**



# Er. James K. Jacob (Vinumon)

B.Tech, M.S.

DOB : 27-04-1987

## 13 – ാം ചരമ വാർഷികം

**09-06-2023**



# മറിയാമ്മ ചാക്കോ

DOB : 21-04-1933

## Kandathil Kaleeckal, Thiruvanvandoor

കണ്ടുകൊതിതീരുംമുമ്പേ സ്നേഹിച്ചുമതിവരുംമുമ്പേ
ഞങ്ങളിൽനിന്നു വേർപെട്ടുപോയ പ്രിയപ്പെട്ട വിനുക്കുട്ടനെ
ഇനി നിത്യതയുടെ തീരത്തു കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

മറക്കാത്ത ഓർമ്മകളുമായി
Principal, Staff and Students
J.H.Lab, Kuttoor, Chengannoor
U.P.R. Institute, Angamaly

Advt - O

## 12 – ാം ചരമവാർഷികം
28 – 05 – 2023

## 40 – ാം ചരമദിനം
04 – 06 – 2023



Advt - O

# Dr. T.C. Skaria

# Alice Skaria

Thyparampil (Kattayil),
Pooventhuruthu, Kottayam

By Sorrowing Family

## 25 – ാം ചരമവാർഷികം
03 – 07 – 2023



# മോളി ജോസഫ്

**കൈതാരം, ചിങ്ങവനം**

## 10 – ാം ചരമവാർഷികം
02 – 07 – 2023



Advt - S

# വിജി ആൻഡ്രൂസ്

**പന്ത്രണ്ടാംകുഴി, വാകത്താനം**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

16 – 05 – 2023



Advt - O

## ആലീസ് ജോസഫ്

**കൊടിഞ്ഞൂർ, തോട്ടപ്പുഴ, ഇരവിപേരൂർ**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 30 – ാം ചരമവാർഷികം

22 – 06 – 2023



Advt - O

## വി. ഒ. ജോസഫ്

**വെളുത്തേടത്ത് മാവേലിൽ, ചിങ്ങവനം**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

*ദു:ഖാർത്തരായ കുടുംബാംഗങ്ങൾ*

## 8 – ാം ചരമവാർഷികം

15 – 06 – 2023



Advt -R

## T. A. Thomas (George)

**Thattarumannil, Eraviperoor**

“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ”

സന്തപ്ത കുടുംബാംഗങ്ങൾ

## 1 – ാം ചരമവാർഷികം

8 – 05 – 2023



Advt -R

## സി. എം. ജോസഫ്

**കട്ടയിൽ, മൂലംകുളം, ചിങ്ങവനം**

**സന്തപ്ത കുടുംബാംഗങ്ങൾ**

## 32 –ാം ചരമവാർഷികം
20–06–2023

## 6 –ാം ചരമവാർഷികം
13–05–2023





**കെ. റ്റി. ആൻഡ്രൂസ്**

**ശോശാമ്മ ആൻഡ്രൂസ്**

Advt -O

**നെടുഞ്ചിറ കൊമറത്തുംപറമ്പിൽ, ചെങ്ങളം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 7 –ാം ചരമവാർഷികം
27–06–2023



Advt -R

**ശോശാമ്മ തോമസ്**

**പഴയകളം നെയ്ശ്ശേരിൽ, കുറിച്ചി**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ"


*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 –ാം ചരമവാർഷികം
4–06–2023

## 22 –ാം ചരമവാർഷികം
25–06–2023

## 15 –ാം ചരമവാർഷികം
14–06–2023







**ശോശാമ്മ ഏബ്രഹാം**

**ചാക്കോ ഏബ്രഹാം (തങ്കച്ചൻ)**

**കെ.എ. പുന്നൂസ് (ജോയി)**

Advt -R

**കൊറ്റുചാലിൽ, ഇരവിപേരൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

"അച്ചോ വിശക്കുന്നു. Lunch കഴിക്കേണ്ടെ. ക്ലാസ്സ് വളരെ പ്രസക്തമായതിനാൽ സമയം പോയതറിഞ്ഞില്ല" ടോണി പറഞ്ഞു.

"ശരിയാണച്ചോ. വിശപ്പറിയാതെപോയി. അത്രയ്ക്ക് interesting ആയിരുന്നു ക്ലാസ്സ്. കൗമാരക്കാരെ വളർത്തിക്കൊണ്ട് വരുന്നവർക്കല്ലെ ഇതാവശ്യം. ഏതായാലും ടോണി പറഞ്ഞപ്പോഴാണ് Lunch ന്റെ കാര്യം ഓർത്തത്".

രേഷ്മാ ടോണിയെ support ചെയ്തു.

"ഉള്ളത് പറഞ്ഞാൽ ഞാനും നല്ല മൂഡിലായിരുന്നു. അതുകൊണ്ട് വിശപ്പിന്റെ വിളി ടോണി പറയുമ്പോഴാണ് കേൾക്കുന്നത്".

Lunch കഴിഞ്ഞ് രണ്ടുമണി ആകുമ്പോൾ എല്ലാവരും കോൺഫറൻസ് ഹാളിൽ എത്തിച്ചേരണം. കൗമാരക്കാരായ ആൺകുട്ടികളുടെ മാനസികാവസ്ഥയെക്കുറിച്ച് ചില ചിന്തകൾ പങ്കുവയ്ക്കാം.

വിഭവസമൃദ്ധമായ Lunch കഴിഞ്ഞ് ഒട്ടും സമയം കളയാതെ എല്ലാവരും കോൺഫറൻസ് ഹാളിൽ എത്തി. അച്ചൻ ഹാളിൽ എത്തിയപ്പോൾ എല്ലാവരും ഹാജർ. അച്ചനും ഉത്സാഹമായി. അച്ചൻ ക്ലാസ്സ് ആരംഭിച്ചു.

**കൗമാരക്കാരായ ആൺകുട്ടികൾ**

ഈ പ്രായത്തിലുള്ള ആൺകുട്ടികളെ rough and tough എന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. പിടിവാശിക്കാരും തന്റേടികളുമാണെങ്കിലും സ്നേഹത്തിനുവേണ്ടി കൊതിക്കുന്നവരാണ് കൗമാരക്കാരായ ആൺകുട്ടികൾ. പെൺകുട്ടികൾ കുറെക്കൂടി മൃദുലതയുള്ളവരാണെങ്കിൽ ആൺകുട്ടികൾ അങ്ങനെയല്ല. അവർ സ്നേഹം പിടിച്ചുപറ്റുവാൻ ശ്രമിക്കും. സ്നേഹപ്രകടനങ്ങളിൽ ഒട്ടും മൃദുത്വം കാണില്ല. അപ്പന്മാരുടെ മുൻപിൽ ഒതുങ്ങി നിൽക്കുന്ന ആൺകുട്ടികൾ അമ്മമാരുടെ മുൻപിൽ തുറന്ന പുസ്തകമായിരിക്കും. അമ്മയോടുള്ള അവരുടെ സ്നേഹം അമ്മയെ കെട്ടിപ്പിടിച്ചും ഉമ്മ വച്ചും കടിച്ചും പിച്ചിയും അടിച്ചും പ്രകടിപ്പിക്കുവാൻ അവർക്കു മടിയില്ല. മാതാപിതാക്കളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും മുതിർന്ന ബന്ധുക്കളിൽ നിന്നും സ്നേഹം കിട്ടുവാൻ അവർക്കു കൊതിയാണ്. എന്നാൽ സ്നേഹം ലഭിക്കാൻ വിധത്തിലുള്ള മൃദുലസ്വഭാവം അവരിൽ കാണാൻ പ്രയാസമാണ്.

സ്നേഹത്തോടെ പറയുന്ന ഒരു വാക്ക്, നോട്ടം, തലോടൽ, ആലിംഗനം, ചുംബനം അവരെ മറ്റൊരു തലത്തിലേയ്ക്ക് ഉയർത്തും. പെൺകുട്ടികളെപ്പോലെയല്ല ആൺകുട്ടികൾ. അവർ സ്നേഹം പിടിച്ചെടുക്കുവാനുള്ള ശ്രമത്തിൽ അക്രമസ്വഭാവം പോലും കാട്ടിയേക്കും. അവരുടെ സ്വഭാവത്തിന്റെ പ്രത്യേകതയാണിത്. ഇത് കണ്ട ഭയപ്പെടേണ്ടതില്ല. അവരെ ശ്രദ്ധിക്കാതെ പോകരുത്. പെട്ടന്നൊരു കെട്ടിപ്പിടുത്തം, ഓർക്കാപ്പുറത്തൊരു അടി, അപ്രതീക്ഷിതമായി ഒരു കടി. ഇങ്ങനെ പലവിധത്തിൽ സ്നേഹം പ്രകടിപ്പിക്കുമ്പോൾ അവരോട് കോപിപ്പിക്കുകയല്ല; സ്നേഹത്തോടെ പ്രതികരിക്കണം.

"ചെറുക്കാ, എനിക്കു നോവുന്നുണ്ട് കേട്ടോ"

"ശ്ശോ; എന്തൊരു കടിയായിരുന്നെടാ"

എന്നൊക്കെ പറഞ്ഞ് സ്നേഹത്തോടെ ഒരു കൊട്ട്, ഒരു ചുംബനം, ഒരു ആലിംഗനം. ഇങ്ങനെയൊക്കെ പ്രതികരിച്ചാൽ സ്വർഗ്ഗം കിട്ടിയ സന്തോഷം ആയിരിക്കും കുട്ടികൾക്ക്.

ചിലപ്പോൾ അമ്മ എവിടെയെങ്കിലും ഇരിക്കയാണെങ്കിൽ അമ്മയുടെ മടിയിലോട്ട് തലചായിച്ച് കിടന്നെന്നിരിക്കും. അപ്പോൾ സ്നേഹത്തോടെ അവന്റെ തലമുടിയിഴകൾക്കിടയിലൂടെ അമ്മയുടെ വിരലൊന്നു ഓടിച്ചാൽ മുഖത്ത് തടവിയാൽ അവൻ സന്തോഷവാനാകും. കൗമാരത്തിൽ അപ്പനോടുള്ളതിനേക്കാൾ കൂടുതൽ വൈകാരികാടുപ്പം അമ്മയോടായിരിക്കും ആൺകുട്ടികൾക്ക്..

"അച്ചോ, 11-ാം ക്ലാസ്സിൽ പഠിക്കുന്ന എന്റെ മകൻ പഠിച്ച് ക്ഷീണിക്കുമ്പോൾ ഞാൻ ഇരിക്കുന്നിടത്തോട്ട് വന്ന് ഞാൻ വായിച്ചുകൊണ്ടിരിക്കുന്ന പുസ്തകം എന്റെ കൈയ്യിൽ നിന്നും വാങ്ങി മാറ്റി വച്ചതിന് ശേഷം എന്റെ മുൻപിൽ മുട്ടിന്മേൽ നിൽക്കും. അവന്റെ തല മസ്സാജ് ചെയ്തു കൊടുക്കണം. അത് അവന് ഒരു വലിയ relaxation ആണ്. അല്പം കഴിയുമ്പോൾ അവൻ എഴുന്നേറ്റു പോകും". മഞ്ചു പറഞ്ഞു.

"മഞ്ചുവിന് അറിയാമോ ആ മസ്സാജിലൂടെ അവൻ നേടി



യെടുക്കുന്ന ആത്മസംതൃപ്തി എത്ര വലിയതാണെന്ന്. അവന്റെ അമ്മയിൽ നിന്നും അവന് ലഭിക്കുന്ന അംഗീകാരവും വാത്സല്യവും ആണത്. പഠിക്കുവാനുള്ള ഉത്തേജനം നേടിയാണ് മടങ്ങിപ്പോകുന്നത്. മഞ്ചു ചെയ്യുന്ന ആ പ്രവൃത്തിയുടെ ഫലം എത്ര ശ്രേഷ്ഠമാണ്"

അച്ചൻ പറഞ്ഞു.

കുട്ടികളെ സ്വയം പര്യാപ്തതയിലേയ്ക്ക് നയിക്കേണ്ടത് സ്നേഹവും അടുപ്പവും വൈകാരിക ബന്ധവും നൽകിക്കൊണ്ടാണ്. മുൻകാലങ്ങളിൽ അപ്പന്മാർ ആൺമക്കളെ വളർന്നു കഴിഞ്ഞാൽ സ്പർശിക്കുകയോ, ചേർത്ത് നിർത്തുകയോ, തലോടുകയോ, ഒന്നു ചുംബിക്കുകയോ, കൂടെ കിടത്തുകയോ ചെയ്യാറില്ലായിരുന്നു. അതുകൊണ്ട് ആൺമക്കളും അപ്പന്മാരും തമ്മിൽ പ്രകടമായ ബന്ധമില്ലായിരുന്നു. അപ്പന്മാരുടെ നേരെ നിൽക്കുകയോ വാദിക്കുക പോയിട്ട് സംസാരിക്കുക പോലുമില്ലായിരുന്നു ആൺകുട്ടികൾ. മക്കൾക്ക് എന്തെങ്കിലും അമ്മമാരോട് പറഞ്ഞ് അമ്മമാരെക്കൊണ്ട് പറയിക്കുകയായിരുന്നു സാധാരണ ചെയ്യാറുള്ളത്.

"എന്റെ അച്ചോ സ്കൂളിൽ നിന്നും എസ്കേർഷന് പോകുന്ന കൂട്ടത്തിൽ എന്നെയും അയയ്ക്കാമോ എന്ന് അപ്പനോട് ചോദിക്കുവാൻ ധൈര്യമില്ലാതിരുന്നതിനാൽ അമ്മയെക്കൊണ്ടാണ് അന്ന് ചോദിപ്പിച്ചത്. മുറിക്ക് പുറത്ത് നിന്ന് അമ്മ അച്ചായനോട് ചോദിക്കുന്നത് ഞൻ മറഞ്ഞുനിന്ന് കേൾക്കുകയായിരുന്നു. അമ്മ വിഷയം അവതരിപ്പിച്ചതും അച്ചായൻ പൊട്ടിത്തെറിച്ചു. എങ്കിലും അമ്മ, അച്ചായനെ സാന്ത്വനിപ്പിച്ച് സാവധാനം ടൂർ പോകാൻ അനുവാദം വാങ്ങിതന്നു"

ജോസഫ് പഴയ ഓർമ്മ പങ്കുവച്ചു.

ജോസഫെ, പഴയകാലത്തെ സാധാരണ സംഭവമാണിത്. അപ്പൻ മക്കളെ സ്നേഹിച്ചിരുന്നുവെങ്കിലും സ്നേഹം പുറമെ കാട്ടുകയോ സ്നേഹത്തോടെ പെരുമാറുകയോ ഇല്ലായിരുന്നു. കുട്ടികൾ വഴിതെറ്റിപ്പോകുമെന്ന ഭയമായിരുന്നു. അപ്പൻ മക്കളോട് എപ്പോഴും അകലം കാണിച്ചിരുന്നു. അച്ചൻ ചേർത്ത് പറഞ്ഞു.

ഇക്കാലത്ത് വ്യത്യസ്ഥമായിട്ടാണ് അപ്പന്മാർ മക്കളോട് സംസാരിക്കുന്നതും ഇടപെടുന്നതും. കൂട്ടുകാരെപ്പോലെ എല്ലാം പങ്കുവച്ചും കളിതമാശകൾ പറഞ്ഞും അപ്പന്മാർ മക്കളുടെ പ്രിയപ്പെട്ടവരായി. അവർക്ക് എന്തും അപ്പന്മാരോട് പറയാമെന്നായി. ഇത്രയും സ്വാതന്ത്ര്യം ലഭിച്ചിട്ടും ആൺമക്കൾ പൊതുവെ അമ്മമാരോട് കൂടുതൽ അടുക്കുന്നു. ഒരു നിശ്ചിത അകലം അപ്പന്മാരോട് കാട്ടാറുണ്ട്

സ്നേഹം കൊതിക്കുന്ന ഈ പ്രായത്തിൽ ചിലപ്പോൾ അവർ പറയും:

"എനിക്ക് ആരുടെയും സ്നേഹമൊന്നും ആവശ്യമില്ല".

സത്യത്തിൽ സ്നേഹം ആവശ്യമില്ലാതിരുന്നിട്ടല്ല; കിട്ടാതെ വരുമ്പോഴുള്ള സങ്കടം കൊണ്ടും നിരാശകൊണ്ടും പറയുന്ന പ്രസ്താവനയാണ്. മറ്റുള്ളവരുടെ സ്നേഹം കിട്ടുവാൻ വേണ്ടി അവർ കാണിക്കുന്ന പരാക്രമങ്ങൾ തെറ്റിദ്ധരിക്കപ്പെടുന്നു. അവർ rebellious ആണെന്നും അനുസരണം കെട്ടവരാണെന്നും മറ്റുള്ളവർ വിധിക്കുമ്പോൾ തങ്ങൾ മനസ്സിലാക്കപ്പെടുന്നില്ലല്ലോ എന്ന ദുഃഖമാണ് അവർക്കുള്ളത്.

കൗമാരത്തിൽ പ്രത്യേകിച്ച് ആൺകുട്ടികൾ വെടിമരുന്നുപോലെയാണ്. പെട്ടെന്ന് പൊട്ടിത്തെറിക്കും. മുതിർന്നവർ അവരെ മനസ്സിലാക്കുന്നുണ്ടെന്ന് അവർക്ക് ബോധ്യപ്പെട്ടില്ലെങ്കിൽ മറ്റുള്ളവരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും അവർക്ക് അരോചകങ്ങളാകും. അവയെ വൻതോതിൽ ലംഘിക്കുന്നതിന് അവർ മടിക്കില്ല. അവർ മുതിർന്നവരെ ഒഴിവാക്കുവാൻ ശ്രമിക്കും. അവരുടെ പരാതികളും പരിഭവങ്ങളും കേൾക്കുവാനും അവയെ ആദരവോടെ കാണുവാനും മുതിർന്നവർക്ക് മനസ്സുണ്ടാകണം.. അവരുടെ തീരുമാനങ്ങളോടും കാഴ്ചപ്പാടുകളോടും മുതിർന്നവർക്ക് എതിർപ്പുണ്ടെങ്കിൽ നേരിട്ട് പറയുന്നതാണ് അവർക്കിഷ്ടം.

ആത്മീയതയോടും വ്യവസ്ഥകളോടും എതിർപ്പ് പ്രകടിപ്പിക്കുന്ന പ്രായമാണിത്. എന്നാൽ മുതിർന്നവരുടെ അവസരോചിതമായ ഇടപെടലിലൂടെ അവയെ അംഗീകരിക്കുവാനും ഉൾക്കൊള്ളുവാനും അവർ തയ്യാറാകും. പ്രാർത്ഥിക്കുന്നതിനും പള്ളിയിൽ പോകുന്നതിനും ധ്യാനത്തിനു പോകുന്നതിനുമൊന്നും യാതൊരു താൽപര്യവും കാണില്ല. എന്നാൽ അവരെ വെറുപ്പിക്കാതെ ഇതിന്റെയൊക്കെ പ്രസക്തി മനസ്സിലാക്കിക്കൊടുത്താൽ ആദ്യമൊക്കെ മനസ്സില്ലാമനസ്സോടെ ഒരു അനുഷ്ഠാനംപോലെ ചെയ്താലും പിന്നീട് അവർ ആവശ്യബോധത്തിലേയ്ക്ക് വരികയും മുതിർന്നവർ പറയാതെ അതൊക്കെ പാലിക്കുവാനും തയ്യാറാകും. നാം അവരെ മനസ്സിലാക്കുന്നുവെന്ന് അവർക്ക് ബോധ്യപ്പെടണം.

സ്വാതന്ത്ര്യത്തിനുവേണ്ടി കൊതിക്കുന്ന കാലമാണ് കൗമാരപ്രായം. അവരുടെ സ്വാതന്ത്ര്യത്തിന് തടസ്സം നിൽക്കാതെ അവരെ സ്വതന്ത്രരായി ചിന്തിക്കുവാനും പറയുവാനും പ്രവർത്തിക്കുവാനും പ്രചോദിപ്പിക്കണം. നിയന്ത്രണങ്ങളെ അടിച്ചമർത്തലുകളായി കാണുന്ന പ്രായമായതിനാൽ വളരെ കരുതലോടെ വേണം 'അരുതുകളെ' പറയുവാൻ. നാം കൊടുക്കുന്ന നിയന്ത്രണങ്ങൾ അവരുടെ നന്മയ്ക്കായിട്ടാണെന്ന് അവർക്ക് ബോധ്യപ്പെടുമ്പോൾ അവർ അസ്വസ്ഥരാകില്ല.

(തുടരും)

# ആരും ഒന്നും നിസ്സാരമല്ല

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ കമ്മിറ്റി അംഗം)

ഒരു കാര്യവും നിസ്സാരമെന്നു കരുതി തള്ളിക്കളയുവാൻ നമുക്ക് അവകാശമില്ല. ചെറു തുള്ളികൾ ചേർന്ന് മഹാസമുദ്രവും ചെറുതരികൾ ചേർന്ന് കരയും ഉണ്ടാകുന്നു. ദൈവം പ്രകൃതിയിൽ ആവശ്യമില്ലാത്തതൊന്നും സൃഷ്ടിക്കുന്നില്ല. പലതിന്റെയും ഉപയോഗം നമുക്ക് കണ്ടെത്താനാകുന്നില്ലന്നു മാത്രം. അലക്സാണ്ടർ ഫ്ളെമിംഗ് വൃത്തിയാക്കി വെക്കുവാൻ മറന്ന പളുങ്കു പാത്രത്തിലെ പൂപ്പലിൽ ദൈവം ഒളിപ്പിച്ചു വച്ചിരുന്ന മാന്ത്രിക മരുന്നായിരുന്നു പെൻസിലിൻ. കൊച്ചു കൊച്ചു സംഗതികൾ ലോകത്തിന്റെ ഗതിവിഗതികൾ തന്നെ മാറ്റി മറിക്കുവാൻ പര്യാപ്തമാണ് എന്നതിന്റെ ഉത്തമ ഉദാഹരണമാണ് പെൻസിലിന്റെ കണ്ടു പിടിത്തം. ഈശ്വര ദൃഷ്ടിയിൽ എല്ലാവരും തുല്യരാണ്. ആരും പൂർണ്ണരല്ല. ആരെയും വില കുറച്ചു കാണുവാൻ നമുക്ക് സാധിക്കില്ല. നിസ്സാരമെന്നു കരുതി നാം അവഗണിക്കുന്ന പലതും വളരെ വിലപ്പെട്ടതാണ്. സമയം തന്നെ എടുക്കാം. ഓരോ നിമിഷത്തിലും എത്ര സാദ്ധ്യതകളാണുള്ളത്. കൊച്ചു കൊച്ചു തെറ്റുകൾ മുളയിലെ നുള്ളിക്കളഞ്ഞില്ലെങ്കിൽ ഭാവിയിൽ അവ വലിയ കുറ്റവാളിയെ സൃഷ്ടിക്കും. തെറ്റു ചെയ്താലും മക്കളെ പ്രോത്സാഹിപ്പിക്കുന്ന മാതാപിതാക്കൾ കുട്ടികളുടെ ഭാവിയെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. നാം പലപ്പോഴും നിസ്സാരമായി കാണുന്ന ഒരു നല്ല വാക്ക്, ഒരു പ്രോത്സാഹനം, ഒരു പുഞ്ചിരി തുടങ്ങിയവയ്ക്ക് ഈ ലോകത്ത് വളരെയധികം ഫലങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും. ഓരോരുത്തരും വ്യത്യസ്തമായ കഴിവുകളോടെയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ആരും ആരെക്കാളും വലിയവരല്ല. ആരും ചെറിയവരുമല്ല. ഏറ്റവും ചെറിയ കാര്യങ്ങളിൽ അവിശ്വസ്തൻ വലിയ കാര്യങ്ങളിലും അവിശ്വസ്തനായിരിക്കും.

"ചെറിയ കാര്യവും ചിതമായി ചെയ്യുകിൽ

ചെറിയവൻ മെല്ലെ വലിയവനാകും". എന്നു കുഞ്ഞുണ്ണി മാഷ് തന്റെ കവിതയിൽ പറയുന്നു. ചെറിയ കാര്യങ്ങളിൽ ക്ഷമ ശീലിക്കണം. ദിനം പ്രതി നേടുന്ന ബുദ്ധിമുട്ടുകളും ഇച്ഛാഭംഗങ്ങളും ക്ഷമയോടും ശാന്തതയോടും സഹിക്കുവാൻ ശീലിച്ചാൽ ആകസ്മികമായി വരുന്ന വിപത്തുകളെ നേരിടുവാൻ ധൈര്യമുണ്ടാകും. നാം നിസ്സാരമെന്നു കരുതി തള്ളിക്കളയുന്നവ വളരെ പ്രാധാന്യമുള്ളതെന്നു പിന്നീട് തെളിഞ്ഞേക്കാം. ശരീരത്തിലെ ഒരവയവത്തെയും നമുക്ക് നിസ്സാരമെന്ന് കരുതാനാകില്ല. ഓണവും വിഷുവും ക്രിസ്തുമസ്സും ഈദ് ഉൽഫിത്തറും സ്വാതന്ത്ര്യ ദിനവും മറ്റും പ്രധാനമെന്നു കരുതി നാം ആഘോഷിക്കുന്നു. പക്ഷേ ഏതു ദിവസവും പ്രധാനമുള്ളതാണ്. ഗാന്ധിജി പറയുന്നു നിങ്ങൾ ചെയ്യുന്ന കാര്യങ്ങളിൽ ഏതാണ്ട് എല്ലാം തന്നെ നിസ്സാരമെന്നു തോന്നിയേക്കാം. പക്ഷേ അതു നിങ്ങൾ ചെയ്യണമെന്നതു പ്രധാനമാണ്. ഭാര്യക്കു ജോലിയുണ്ടോ എന്നു ചോദിച്ചാൽ പല ഭർത്താക്കന്മാരും പറയും ഹൗസ് വൈഫ് ആണ്. പക്ഷേ കുടുംബത്തിലെ സുപ്രധാന ജോലികൾ കാഷ്വൽ ലീവ് പോലുമില്ലാതെ ചെയ്യുന്നവരാണവർ. പക്ഷേ അതു നിസ്സാരമെന്ന വികലവീക്ഷണം പലരും പുലർത്തുന്നു. തീരെ നിസ്സാരമായ പരമാണുവിനെ പിളർന്നുണ്ടാക്കുന്ന ന്യൂക്ലിയർ ഊർജ്ജമാണ് അണുബോംബിന്റെ മാരക ശക്തിക്ക് പിന്നിലുള്ളതെന്നു നാം വിസ്മരിക്കരുത്. നിസ്സാരനായ ശത്രുവില്ല. നെപ്പോളിയൻ പറയുന്നു തീരെ നിസ്സാരമായ എന്തെങ്കിലുമാവും യുദ്ധത്തിന്റെ ഫലം നിർണ്ണയിക്കുക. കേവലം ഒരാണി പോയതു കാരണം കുതിരയുടെ ലാടം ഇളകിപ്പോയതും കുതിര നേരത്തെത്താതിരുന്നതും അങ്ങനെ യുദ്ധം തോറ്റതുമായ കഥ നാം കേട്ടിട്ടുള്ളതാണ്. ഒരിക്കൽ മൈക്കൽ ആഞ്ചലോ മുഴുവൻ ശ്രദ്ധയും താൻ നിർമ്മിക്കുന്ന പ്രതിമയിൽ കേന്ദ്രീകരിച്ച് ചില മിനുക്കുപണികൾ നടത്തുമ്പോൾ അദ്ദേഹത്തിന്റെ സുഹൃത്ത് ചോദിച്ചു. പ്രതിമയുടെ പണികൾ കഴിഞ്ഞല്ലോ. ഈ മിനുക്കുപണികൾ നിസ്സാരമല്ലേ? അപ്പോൾ മൈക്കൽ ആഞ്ജലോ പറഞ്ഞു നിസ്സാര കാര്യങ്ങളാണ് പൂർണ്ണത വരുത്തുന്നത്. പൂർണ്ണത കൈവരിക്കുന്നത് അത്ര നിസ്സാര കാര്യമല്ല. ഒരു ക്ലാസ്സിലെ മിടുക്കന്മാരായ വിദ്യാർത്ഥികളെ അണിനിരത്തിക്കൊണ്ട് അദ്ധ്യാപകൻ ക്വിസ് മത്സരം നടത്തുകയായിരുന്നു. ഓരോരോ ചോദ്യങ്ങൾ കഴിഞ്ഞുപോയി. അങ്ങനെ അവസാനത്തെ ചോദ്യമെത്തി. നമ്മുടെ ക്ലാസ് റൂം വൃത്തിയാക്കുന്ന സ്ത്രീയുടെ പേരെന്താണ്? എല്ലാവരും അദ്ധ്യാപകനെ അത്ഭുതത്തോടെ നോക്കി. അദ്ധ്യാപകൻ പറഞ്ഞു എന്റെ അവസാന ചോദ്യമാണ് ആരും ഉത്തരമെഴുതാതെ എന്നെ നോക്കുന്നതെന്ന് എനിക്ക് മനസ്സിലായി. നിങ്ങൾ കരുതുന്നുണ്ടാകും തൂപ്പുകാരിക്ക് എന്താണിത്ര പ്രാധാന്യമെന്ന്. തൂപ്പുകാരിക്കു മാത്രമല്ല നിങ്ങൾ കാണുന്ന ഓരോരുത്തർക്കും പ്രാധാന്യമുണ്ട്. അവർക്കൊക്കെ നമ്മുടെ ജീവിതത്തിൽ വ്യക്തമായ സ്ഥാനമുണ്ട്. തൂപ്പുകാരി സ്വന്തം ജോലി വൃത്തിയായി ചെയ്യുന്നില്ലെങ്കിൽ നമുക്ക് ഈ ക്ലാസ്സിൽ സ്വൈര്യമായി ഇരിക്കാനാകില്ല. അതേപോലെ ചെറിയവരെന്നു നാം കരുതുന്ന നമുക്ക് ചുറ്റുമുള്ള ഓരോരുത്തരും പല രീതിയിൽ നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നു. അവരെ മനസ്സിലാക്കേണ്ടതും അംഗീകരിക്കേണ്ടതും ആവശ്യമാണ്. ലോകത്തുള്ള എല്ലാം നിങ്ങൾക്കറിയാം എന്നാൽ അയൽക്കാരന്റെ പേരുപോലും അറിയില്ലെങ്കിൽ നിങ്ങളുടെ അറിവ് അപൂർണ്ണമാണ്. വലിയ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനിടയ്ക്ക് ചെറിയ കാര്യങ്ങൾ വിട്ടുകളയുന്നത് ജീവിതത്തിൽ പല നഷ്ടങ്ങളും ഉണ്ടാക്കുന്നു. ചെറിയവനെന്നു കരുതി ആരെയും അവഗണിക്കരുത്.

മനുഷ്യ മനസ്സിന്റെ ആഴങ്ങൾ അളന്ന ഷെയ്ക്സ്പിയർ ചില നിസ്സാര വസ്തുക്കൾ കേന്ദ്രമാക്കി മഹാനാടകങ്ങളുടെ കഥാഗതി അതിവിദഗ്ധമായി മാറ്റുന്നുണ്ട്. പറഞ്ഞ സമയത്ത് കടം വീട്ടിയില്ലെങ്കിൽ അന്റോണിയോയുടെ ഒരു പൗണ്ട് മാംസം തരണമെന്ന വിചിത്ര വ്യവസ്ഥ വച്ചിട്ടാണ് കൊള്ളപ്പലിശക്കാരനായ ഷൈലോക്ക് പണം കടം കൊടുക്കുന്നത്. വ്യവസ്ഥ പ്രകാരം മാംസം മുറിച്ചെടുക്കാമെന്ന് വക്കീലായി പ്രത്യക്ഷപ്പെടുന്ന പോർഷ്യ പറയുന്നു. പക്ഷേ മാംസം മുറിക്കുമ്പോൾ ഒരു തുള്ളി ചോര വീഴുകയോ തൂക്കത്തിൽ നേരിയ വ്യത്യാസം പോലും വരുകയോ ചെയ്താൽ ഷൈലോക്കിന്റെ വസ്തുവകകൾ മുഴുവൻ കണ്ടുകെട്ടു

*(ശേഷം പേജ് 43-ൽ)*

# "ശൂന്യ"

ഡോ.ഐബി ജോസ്, കിഴക്കേടത്ത്, റാന്നി (തുടർച്ച)

**നമ്മുടെയുള്ളിലെ ശുദ്ധബോധത്തിനു രൂപമോ, പരിമിതിയോ, സ്ഥലകാല പരിധിയോ ഇല്ല.** (Limitless, Egoless, and Ageless). ***ശുദ്ധബോധം പരിശുദ്ധാത്മാ*** വാണ്. അത് ഒന്നിലും ബാധിക്കപ്പെടുകയില്ല. ജലം,വായു എന്നിവയിൽ നിന്നൊക്കെ ഊർജ്ജം വേർതിരിച്ച് ഇലക്ട്രിസിറ്റി ഉണ്ടാക്കുന്നു. കറണ്ടിനു രൂപമില്ല. അതിനെ കാണാൻ പറ്റില്ല. എന്നാൽ അനുഭവിച്ചറിയുവാൻ പറ്റും. കറണ്ടുപയോഗിച്ചു പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്കു രൂപമുണ്ട്. ബൾബിൽ വെളിച്ചമായും, ഫാനിൽ കാറ്റായും, മിക്സി മുതലായവ പാചക യന്ത്രങ്ങളിൽ ആഹാര പരിണാമകരഭാവങ്ങളായി മാറിയാലും കറണ്ട് പലതിൽ പലതായി മാറിയാലും, കറണ്ട് എന്നും എപ്പോഴും ഒന്നായിരിക്കും. സത്യത്തിൽ ഉറച്ചു നിൽക്കുന്ന മനുഷ്യൻ ഏതു സാഹചര്യത്തിലും എന്നും എപ്പോഴും സത്യ ദൈവരൂപിയുടെ കൃപയിൽ നിറഞ്ഞിരിക്കും. സുഖദുഖങ്ങളോ, മാനാപമാനങ്ങളോ ഇവരെ ബാധിക്കില്ല. നെഗറ്റീവിനും, പോസിറ്റീവിനും അതീതമാണ്, മനസ്സിന്റെ neutral/ ശൂന്യ/പൂജ്യാവസ്ഥ. സാമാന്യമായ വ്യത്യസ്തത പുലർത്തികൊണ്ടു തന്നെ ആധികാരികമായ (authentic) സ്വാധീനം (സമൂഹത്തിന്റെ നന്മയ്ക്കും, നിലനിൽപ്പിനും) ചെലുത്താൻ ഒരേ സത്യാരൂപിയുള്ളിലുള്ള വ്യത്യസ്തരായ മനുഷ്യർക്ക് കഴിയും. പരിശുദ്ധാത്മാവിന്റെ സാമാന്യഗുണം സമൂഹത്തിൽ ഐക്യവും നവീകരണവും ഉണ്ടാക്കുന്നു.

രൂപരഹിതമായ പരിശുദ്ധാത്മാവും, പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച മനുഷ്യരും പരിശുദ്ധ സ്നേഹത്തിന്റെ നറുമണം പകരുന്നവരും, പരത്തുന്നവരുമായിരിക്കും.

ഭൗതിക ശരീരത്തിനു ഒരു രൂപമുണ്ട്. ആത്മീയ ശരീരത്തിനു രൂപമില്ല. ജഡത്തിന്റെ പ്രവർത്തികളുടെയും, ആത്മാവിന്റെ പ്രവർത്തികളുടെയും വ്യത്യാസങ്ങളെക്കുറിച്ചും, ഗുണദോഷങ്ങളെക്കുറിച്ചും വിശദമായി 'ഗലാതൃരുടെ (ഗലാത്യർ 5) പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. ജഡത്തിന്റെ പ്രവർത്തികളെ അഴിപ്പാൻ മനുഷ്യപുത്രൻ വെളിവായി.

ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടെ ക്രൂശിച്ചിരിക്കുന്നു. (ഗലാത്യർ 5:24). ദേഹം, ദേഹി, ആത്മാവ് എന്ന മനുഷ്യന്റെ വ്യത്യസ്ത തലങ്ങളെക്കുറിച്ച് ബൈബിളിൽ വിശദമായി എഴുതിയിരിക്കുന്നു. ജഡബോധ മരണത്തിൽ, പരിശുദ്ധമായ ആത്മബോധത്തിന്റെ 'വീണ്ടും ജനന' അനുഭവത്തിൽ, ദേഹി ദൈവത്തോടു പറ്റിച്ചേരുന്നു.

ദേഹബോധമില്ലാത്തവരും, ദേഹചിന്ത കുറഞ്ഞിരിക്കുന്നവരും, ശുദ്ധമായ ആത്മബോധമുള്ളവരും 'സ്വയമറിയാതെ' പരിശുദ്ധാത്മാവായിത്തീരുന്നു. മഹത്തായ/മഹനീയമായ ആത്മാവുള്ളവരെ 'മഹാത്മാ' എന്നു വിളിക്കുന്നതുപോലെ പരിശുദ്ധാത്മാവു നിറഞ്ഞിരിക്കുന്നവരെ 'പരിശുദ്ധാത്മാ' എന്നും വിളിക്കുന്നു. അവരെ കാണുന്നവർ പരിശുദ്ധാത്മാവിന്റെ വരങ്ങൾ, സ്വഭാവ ഗുണങ്ങൾ അളന്നു പഠിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഭാവങ്ങൾ പെട്ടെന്നു പകരുന്നതാണ്. അത് മറ്റുള്ളവരിലേക്കും, ലോകം മുഴുവനിലേക്കും പെട്ടെന്ന് പരന്നൊഴുകി സകലതിനെയും പരിപാവനമാക്കുന്നു.

സ്വസ്നേഹത്തിനുമപ്പുറം ഒരു ആത്മസ്നേഹം. സ്വാർത്ഥതയ്ക്കുമപ്പുറമൊരു ആത്മാർത്ഥത. വാക്കുകൾക്കുമപ്പുറം സഹൃദയരോടൊന്നാകുന്ന പരമാത്മലയം/പരബ്രഹ്മലയം. അന്യന്റെ ആത്മാവിലാകുന്ന നിസ്വാർത്ഥ സ്നേഹം, സേവനം, കരുണ, തന്മയീഭാവം (empathy), മാനവസേവ. യേശു പറഞ്ഞു "നിങ്ങളീ ചെറിയവർക്ക് ഒരു ഗ്ലാസ് പച്ചവെള്ളം കൊടുത്താൽ അതു എനിക്കു തരുന്നതിനു തുല്യം.

നാം മറ്റുള്ളവരോടെന്തു ചെയ്താലും അതു ദൈവത്തോടു ചെയ്തതുപോലെയായിരുന്നു എന്നു പറഞ്ഞ് സത്കർമ്മികളെ വലത്തും, ദുഷ്കർമ്മികളെ ഇടത്തും നിർത്തി സ്വർഗ്ഗവും നരകവും പ്രതിഫലമായി നൽകുന്ന ദൈവത്തെ നാം ബൈബിളിൽ കാണുന്നു. (മത്താ. 25:41–43) 'കൊടുത്താൽ കൊല്ലത്തും കിട്ടും'എന്നു പറയുന്നതുപോലെ കർമ്മ ഫലം (തലയിലെഴുത്തു) വിധിപോലെ സ്വീകരിക്കുവാൻ വിധിക്കപ്പെട്ടവരാണ്/കടപ്പെട്ടവരാണ് സാധാരണ മനുഷ്യർ. ഒഴുക്കിനെതിരെ നീന്തി, വിധിയോടു പടപൊരുതി, തലയിലെഴുത്ത് തിരുത്തിയെഴുതണമെങ്കിൽ നല്ലൊരു 'കർമ്മയോഗിയായിരിക്കുക. പ്രതിഫലമാഗ്രഹിക്കാതെ സത്കർമ്മങ്ങൾ ചെയ്യുക. അഭിമാനബോധമോ, അഹങ്കാരബോധമോ, ഇല്ലാതെ സ്വയമറിയാതെ, നിസ്വാർത്ഥമായി സത്കർമ്മങ്ങൾ ചെയ്യുക.

അഹങ്കാരികമായ/സ്വാർത്ഥമതിയായ മനസ് 'രൂപത്തിന്റെ" പരിമിതിയിലുൾപ്പെട്ട് മായയുടെ കെണിയിലകപ്പെടുന്നു. ബലൂണിന്റെയുള്ളിൽ വായുവിന് താത്ക്കാലിക രൂപമുണ്ടെന്ന് പറഞ്ഞപോലെ, ബലൂൺപോലെ ഊതിവീർപ്പിച്ച അഹം/സ്വാർത്ഥതയുടെ ആർഭാടങ്ങളും, പൊങ്ങച്ചങ്ങളും, പൊള്ളത്തരങ്ങളും, പ്രദർശനകമ്പങ്ങളും (Exhibitionisms) etc, യാഥാർത്ഥ്യബോധ സത്യത്തിന്റെ മൊട്ടു സൂചിയുടെ കുത്തേറ്റു ഊതി വീർപ്പിച്ച ബലൂൺ പെട്ടെന്നു പൊട്ടിപ്പോകുന്നതുപോലെ, വിശ്വമായയുടെ ഉന്നത ശ്രേണിയിൽ ശോഭിച്ചു വിരാജിക്കുന്നവർ "ക്ഷണപ്രഭാചഞ്ചലം" കാലത്തിന്റെ ശാശ്വത സത്യത്തിന്റെ 'അഗ്നി ശുദ്ധി'യിൽ മാറ്റുരയ്ക്കപ്പെടും.

പല നിറങ്ങളിൽ, രൂപങ്ങളിൽ, ഭാവങ്ങളിലുള്ള പല തരം ബലൂണുകൾ പൊട്ടിക്കഴിയുമ്പോൾ അതിനുള്ളിലെ വായു രൂപരഹിതമായി, വർണ്ണ രഹിതമായി, നിർഗുണമായി, സ്വതന്ത്രമായി പരന്നൊഴുകുന്നു.അതുപോലെയാണ് ആന്തരികവും ആത്മീകവുമായ സ്വാതന്ത്ര്യവും, വിടുതലും ലഭിച്ച ദൈവ പൈതങ്ങൾ, സമസ്ത ലോകത്തെയും, പരിശുദ്ധാത്മബോധത്തിന്റെ ഊർജ്ജത്തിൽ ക്രിസ്തുവിന്റെ തിരുഹൃദയത്തുടിപ്പിൽ 'ഒന്നായി' സമാനതയുടെ/ സമത്വഭാവത്തിൽ അനുഭവിച്ചറിയുന്നു. തിരു സഭയാം മണവാട്ടിയുടെ പരിപാവന സ്നേഹത്തിന്റെ ചങ്കിടിപ്പാണ് ക്രിസ്തു.

പല ബലൂണുകളിൽ 'വായു' പല തരത്തിൽ വ്യത്യസ്തങ്ങളായി തോന്നുമെങ്കിലും പൊട്ടിക്കഴിഞ്ഞാൽ ('ഉടലുറ'

എന്ന ദേഹബോധത്തിനതീതമായി ചിന്തിച്ചാൽ) ഒറ്റ വായു ചൈതന്യമായി, ഒന്നിന്റെയുള്ളിൽ മാത്രം കെട്ടിക്കിടക്കാതെ, കുടുങ്ങിക്കിടക്കാതെ സർവ്വവ്യാപിയായി, സകലത്തിനും സമ്മതമായി ശുദ്ധതയിൽ പരന്നൊഴുകും. അതുപോലെ മനുഷ്യരും ആഹങ്കാരികവും സ്വാർത്ഥതയുമാർന്ന ദേഹബോധത്തിൽ പലരായി, പലതായി തോന്നിയാലും (ദ്വൈത ഭാവം), 'അഗപ്പെ' എന്ന പരബ്രഹ്മ സ്നേഹബോധത്തിൽ ഒന്നായി അനുഭവപ്പെടും (അദ്വൈതം).

നമ്മുടെ വി. സഭയുടെ വിവാഹ, മാമ്മോദീസ, പെരുന്നാൾ, ശവസംസ്ക്കാരം, ദുഃഖവെള്ളി, ഈസ്റ്റർ, നോമ്പുകൾ തുടങ്ങി എല്ലാ ശുശ്രൂഷകളും, കൂദാശകളും ആരാധന ക്രമങ്ങളും ആഴത്തിൽ ധ്യാനിച്ചു മനനം ചെയ്തു പഠിച്ചാൽ അതെല്ലാം തന്നെ പരമാത്മാവായ 'ദൈവത്തിനു' ജീവാത്മാവായ ഭൂലോക മനുഷ്യനോടുള്ള പ്രണയാർദ്രതയുടെ സംഗീതം, പ്രിയതമന് പ്രിയതമയോടുള്ള ഉത്തമ ഗീതവും, പ്രണയ കാവ്യവുമായി പൊഴിയുന്നതാണെന്നു തിരിച്ചറിയാം, രുചിച്ചറിയാം. സത്യമണവാളനായ ക്രിസ്തു, സഭയാം മണവാട്ടി എന്ന ഭൂലോകത്തെ പ്രണയിക്കുന്ന 'തിരുഹൃദയ' സ്പന്ദനമായ ദിവ്യബലിയിലാണ് പ്രപഞ്ചത്തിന്റെ ജീവതാളം. തന്നെക്കാളധികം തന്റെ പ്രിയതമയായ സഭയെ സ്നേഹിച്ച ക്രിസ്തു, തന്നെത്തന്നെ ദാനമായേകി ഉലകത്തെ തന്റേതാക്കി മാറ്റിയത് സ്വന്തം ജീവനും, രക്തവും നൽകി സ്വയം ബലിയായി, ഇല്ലാതായി ശൂന്യവത്കരിച്ചതുകൊണ്ടാണ്. സ്വന്തം ജീവനെക്കാൾ ക്രിസ്തുദേവൻ വിലമതിച്ചത് സഭയുടെ വീണ്ടെടുപ്പാണ്. നിത്യസത്യ മണവാളനും മണവാട്ടിയും ഒന്നാകുന്നത് അവരുടെ ശൂന്യതകളെ പരസ്പരം പൂരിപ്പിച്ചൊരു മഹാശൂന്യതയാക്കി അതിനുള്ളിൽ (ആ പരിശുദ്ധ പരമദിവ്യകാരുണ്യ തിരുഹൃദയ ബലിക്കുള്ളിൽ) നമസ്ത പ്രപഞ്ചത്തെയും ഭദ്രമായി സംരക്ഷിച്ചു നിലനിർത്തുന്നു. പോസിറ്റീവിനും, നെഗറ്റീവിനും മധ്യത്തിലായ പൂജ്യം (ശൂന്യ) സകലതും ഉൾക്കൊള്ളുന്നു. സ്വർഗ്ഗത്തിനും, ഭൂമിയ്ക്കും മദ്ധ്യേ 'നാട്ടപ്പെട്ട' ക്രൂശിലെ ക്രിസ്തു സകലരേയും വീണ്ടെടുക്കുന്നു. നിറഞ്ഞവൾക്കെ സ്വയം ഒഴിഞ്ഞുകൊടുക്കുവാൻ കഴിയൂ. ഒഴിഞ്ഞ പാത്രത്തിലെ പകരുവാനും നിറയ്ക്കുവാനും കഴിയൂ. സ്വയം എളിമപ്പെടുന്നവരുടെയുള്ളിൽ ഒരിക്കലും ചോരാത്ത. തീർന്നു പോകാത്ത 'അക്ഷയ പാത്രത്തിനുള്ളിലെ' പരമ പുണ്യങ്ങളായ 'പരിശുദ്ധ അരൂപിയുടെ വരദാനങ്ങൾ എന്നുമെന്നും നിറഞ്ഞു കവിയൂ.

സ്വയം ശൂന്യവത്കരിച്ച് അരൂപിയിൽ നിറയപ്പെടുന്നവർക്കു മാത്രമെ അപരന്റെ ശൂന്യതകളെ പ്രണയിക്കുവാനും, അംഗീകരിക്കുവാനും, ഉൾക്കൊള്ളുവാനും, സംരക്ഷിച്ചു വിജയിപ്പ് പ്രേഷിത വേല പൂർണ്ണതയിലെത്തിക്കുവാനും കഴിയൂ. ആത്മവിശ്വാസത്തോടെ, ആത്മസ്നേഹത്തോടെ, ആത്മസ്വരൂപമറിഞ്ഞ് ബഹുമാനിച്ച് (Self respect) ആത്മാർത്ഥമായി ശൂന്യതകളെ തിരിച്ചറിഞ്ഞുകൊള്ളുമ്പോൾ അത് പരിശുദ്ധാത്മാവിന്റെ വിളനിലമായി മാറുന്നു.

അപരന്റെ ശൂന്യതകളെ തിരിച്ചറിയുക. ഇല്ലായ്മയും, വല്ലായ്മയും, നൊമ്പരങ്ങളും, കഷ്ടപ്പാടുകളും തൊട്ടറിഞ്ഞു തടവി തലോടി മുറിവുണക്കുക. വേദനിക്കുന്നവരെ അമ്മയെപ്പോലെ ലാളിച്ച് ആശ്വസിപ്പിക്കുവാൻ 'പരിശുദ്ധ കന്യക മാതാവിന്റെ' താരാട്ടിന്റെ ജപമാല നെഞ്ചിലേറ്റിയവർക്കു സാധിക്കും. അവരിൽനിന്നും കാരുണ്യത്തിന്റെ ജീവജലനദി ഒഴുകും. ഉണർവിന്റെ കൊടുങ്കാറ്റു വീശും. 'മണവാളനു'വേണ്ടിയുള്ള 'സഭ'യുടെ ചമയങ്ങൾ പൂർത്തീകരിക്കപ്പെടും. 'അമലോത്ഭമായ ദിവ്യമാതൃത്വ ത്തിന്റെ' സൗഖ്യദായക ശക്തിയുടെ ദിവ്യസ്നേഹ ഹൃദയത്തുടിപ്പുകളായി, പരിലാളനയുടെ, പരമാശ്വാസത്തിന്റെ, പരമാനന്ദത്തിന്റെ പരിശുദ്ധാരൂപിയുടെ ചാലക ശക്തിയായി 'ലോകമായയിൽ മുഴുകി മരവിച്ചു മരിച്ചവരിലേക്ക്, അശരണരിലേക്ക് ഒഴുകട്ടെ. സ്വയം 'ശൂന്യ' വത്ക്കരണത്തിന്റെ പാതയിലൂടെ ആത്മബലി സമ്പൂർണ്ണമാക്കി പ്രപഞ്ച താളത്തിന്റെ ആരോഗ്യം വീണ്ടെടുക്കാം.

●

# നീലംപേരൂർ ഡിസ്ട്രിക്റ്റ് വാർഷികം

ക്നാനായ സണ്ടേസ്കൂൾ സമാജം നീലംപേരൂർ ഡിസ്ട്രിക്റ്റ് വാർഷിക മീറ്റിംഗ് 21-5-2023 ൽ ഈര സെന്റ്മേരീസ് പള്ളിയിൽ വച്ച് സണ്ടേസ്കൂൾ സമാജം ജനറൽ സെക്രട്ടറി ബഹു. ജിനു കുരുവിള അച്ചന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഈര സെന്റ്മേരീസ് സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ ഷിബു ജേക്കബ് സ്വാഗതവും ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ തങ്കച്ചൻ പാടകശ്ശേരി കൃതജ്ഞതയും പറഞ്ഞു. ഡിസ്ട്രിക്റ്റ് സെക്ര. ജോമോൻ കളത്തിൽ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. 25 വർഷം സേവനം പൂർത്തിയാക്കിയ 6 അദ്ധ്യാപകരെയും, 10 -ാം ക്ലാസ്സിൽ A+ ലഭിച്ച 4 കുട്ടികളെയും അനുമോദിച്ചുകൊണ്ട് ഓർഗനൈസിംഗ് സെക്രട്ടറി സജി കരിമ്പന്നൂർ പ്രസംഗിക്കയുണ്ടായി. ചർച്ചകൾക്കുശേഷം സമ്മാനങ്ങളും ട്രോഫികളും വിതരണം ചെയ്യുകയും ചെയ്തു.

## *ആരും ഒന്നും നിസ്സാരമല്ല*

*(പേജ് 41 തുടർച്ച)*

മെന്ന നിയമവും വക്കീൽ ചൂണ്ടിക്കാട്ടുന്നു. നിയമക്കുരുക്ക് ഷൈലോക്കിനെ വിഷമത്തിലാക്കുന്നു. മെർച്ചന്റ് ഓഫ് വെനീസിന്റെ കഥ തിരിയുന്നത് കേവലം ഒരു പൗണ്ട് മാംസത്തിലാണ്. ലോകചരിത്രത്തെ രണ്ടായി വിഭജിച്ചുകൊണ്ട് പിറവിയെടുത്ത ക്രിസ്തു ജനിച്ചത് താരതമേന്യ പ്രാധാന്യമില്ലാത്ത പശുത്തൊഴുത്തിലാണ്. ക്രിസ്തുവിന്റെ കണ്ണുകൾ ദർശിച്ചത് സമൂഹത്തിലെ ഉയർന്നവരെയായിരുന്നില്ല. മറിച്ച് പാർശ്വവത്ക്കരിക്കപ്പെട്ടവരെയും പരിത്യജിക്കപ്പെട്ടവരെയും ആയിരുന്നു. അതുകൊണ്ടുതന്നെയാവാം പൊക്കമില്ലാത്ത ചെറിയ സക്കായിയെ ആൾക്കൂട്ടത്തിനിടയിൽ നിന്ന് ക്രിസ്തു കണ്ടത്. ദൈവാലയ ഭണ്ഡാരത്തിൽ രണ്ടു ചില്ലിക്കാശു നിക്ഷേപിച്ച വിധവയുടെ ചില്ലിക്കാശിനെ യേശു വില മതിച്ചത്. വലുതിനെ നേടിയെടുക്കാനുള്ള വ്യഗ്രതയിൽ ചെറുതിനെ ഒക്കെ നാം നഷ്ടപ്പെടുത്തിക്കളയാറുണ്ട്. ചെറിയ സന്തോഷങ്ങളെയും സാദ്ധ്യതകളെയും നിസ്സാരമെന്നു കരുതാതെ അവയെ വില മതിക്കാൻ നമുക്ക് സാധിക്കട്ടെ.

●

# സഹനങ്ങളുടെ ഉത്ഭവവും, പ്രതിവിധിയും

പ്രൊഫ. എം.എ. ഏബ്രഹാം, മണിമലേത്ത്, കോതമംഗലം

ലോകവും മനുഷ്യഗണവും ഒരു വലിയ പ്രതിസന്ധിയുടെ കാലഘട്ടത്തിലൂടെ കടന്നു പോവുകയാണല്ലോ. പ്രത്യേകിച്ച് കുടുംബ ജീവിതത്തിൽ ഏർപ്പെട്ടിരിക്കുന്നവർ വളരെയധികം കഷ്ടപ്പാടിലും പ്രതികൂല സാഹചര്യങ്ങളിലൂടേയും ആണല്ലോ കടന്നുപോകുന്നത്. മനുഷ്യജീവിതം സുഖദു:ഖ സമ്മിശ്രമാണെന്ന് എല്ലാവർക്കും അറിയാമെങ്കിലും ഈ അവസ്ഥയിലൂടെ കടന്നുപോകുമ്പോൾ ഈ യാഥാർത്ഥ്യത്തെ മനുഷ്യൻ വിസ്മരിക്കുന്നു. മനുഷ്യ ജീവിതത്തിലെ സഹനങ്ങൾ ഒഴിച്ചുകൂടാൻ പാടില്ലാത്തവയാണെന്ന് മനസ്സിലാക്കിയ നമ്മൾ ഇതിന്റെ ഉത്ഭവത്തെക്കുറിച്ച് ഒരവലോകനം നടത്തുന്നത് ഉചിതമായിരിക്കും. ഉല്പത്തി പുസ്തകത്തിലെ തിരുവചനങ്ങളിലൂടെ കടന്നുപോകുമ്പോൾ ഇതിന് വ്യക്തമായ മറുപടി നമുക്ക് ലഭിക്കുന്നുണ്ട്.

ദൈവത്തിന്റെ അനന്തമായ സ്നേഹം മൂലം മനുഷ്യനെ സൃഷ്ടിക്കാൻ ദൈവം തീരുമാനം എടുക്കുകയും, പുരുഷനും സ്ത്രീയുമായി മനുഷ്യനെ സൃഷ്ടിക്കുകയും ചെയ്തു. ഏദൻതോട്ടത്തിൽ പാർപ്പിക്കപ്പെട്ട അവർ സന്തോഷത്തോടും സമാധാനത്തോടും, ദൈവത്തിൽ ആശ്രയിച്ച് ജീവിക്കണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. അതിന്റെ സഫലീകരണത്തിനുവേണ്ടി അവർക്ക് വേണ്ടതെല്ലാം അവിടുന്ന് ഒരുക്കുകയും ചെയ്തു. ദൈവം അവരെ നിത്യമായി സന്ദർശിക്കാറുള്ളതായി വചനത്തിൽനിന്നും വ്യക്തമാകുന്നുണ്ട്. എന്നാൽ സർപ്പത്തിന്റെ വാക്കുകേട്ട് അവർ ദൈവവചനം ലംഘിക്കുകയും അങ്ങനെ ആദിമാതാപിതാക്കന്മാരിലൂടെ മനുഷ്യരിലേക്ക് പാപവും, സഹനവും, കഷ്ടപ്പാടുകളും കടന്നുവന്നു. ഇതിന്റെ കാരണം അവരുടെ അനുസരണക്കേടായിരുന്നു. പാപഹേതുവിന് ആദ്യചുവടുവച്ച സ്ത്രീയോടായി, സ്ത്രീവർഗ്ഗത്തിന് ഗർഭാരിഷ്ടതകൾ വർദ്ധിപ്പിക്കുമെന്ന് ദൈവം കൽപ്പിച്ചു. ആദവും ഈ അനുസരണക്കേട് മൂലം ദൈവകോപത്തിന് പാത്രമാവുകയും ചെയ്തു. പുരുഷന് നൽകിയ ശിക്ഷയെക്കുറിച്ച് ഉല്പത്തി 3:17-19 വരെയുള്ള വചനങ്ങളിലൂടെ വ്യക്തമായി പറയുന്നുണ്ട്. “നീ നിന്റെ ഭാര്യയുടെ വാക്ക് അനുസരിക്കുകയും തിന്നരുതെന്ന് ഞാൻ കല്പിച്ച വൃക്ഷഫലം തിന്നുകയും ചെയ്തതുകൊണ്ട് നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിന്റെ ആയുഷ്ക്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽ നിന്ന് അഹോവൃദ്ധി കഴിക്കും. മുള്ളും പറക്കാരയും നിനക്ക് അതിൽനിന്ന് മുളയ്ക്കും. വയലിലെ സസ്യം നിനക്ക് ആഹാരമാകും. നിലത്തുനിന്നും നിന്നെ എടുത്തിരിക്കുന്നു. അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും. നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും.”

ഇന്ന് ജീവിതത്തിൽ കഷ്ടപ്പാടുകളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ, അവ സഹിക്കാൻ പറ്റാത്ത അവസ്ഥയിൽ എത്തിച്ചേരുമ്പോൾ മനുഷ്യൻ ദൈവത്തിനെതിരെ പിറുപിറുക്കുകയും, ഈ സഹനങ്ങൾ തനിക്കെന്തിന് നൽകിയെന്ന് ദൈവത്തോട് പരാതി പറയുകയും ചെയ്യാറുണ്ട്. മനുഷ്യർക്കുണ്ടാകുന്ന സഹനങ്ങളുടെ കാരണം ദൈവം തരുന്നതല്ലെന്ന് മനുഷ്യൻ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഭൂരിഭാഗം സഹനങ്ങളും കഷ്ടപ്പാടുകളും മനുഷ്യന്റെ പാപ പ്രവർത്തികളുടെ ഫലമായി ഉണ്ടാകുന്നതാണ്. അവ ദൈവം അനുവദിക്കുന്നതാണെന്ന് മാത്രം. ഇതിന്റെ സ്ഥിരീകരണമാണല്ലോ മുമ്പ് നാം കണ്ട വചനം.

പുതിയ നിയമത്തിലേക്ക് കടന്നു വരുമ്പോൾ സഹനത്തെക്കുറിച്ച് യേശു ഇപ്രകാരം അരുളി ചെയ്യുന്നുണ്ടല്ലോ. “ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സ്വയം പരിത്യജിച്ച് തന്റെ അനുദിനജീവിതത്തിലെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.” ഇപ്രകാരം സഹനങ്ങളും കഷ്ടപ്പാടുകളും വേണ്ടാ എന്ന് പറയുന്നതിനു പകരം ദൈവം നമുക്കനുവദിക്കുന്ന സഹനങ്ങളെ സന്തോഷത്തോടുകൂടി സ്വീകരിച്ച്, യേശു സ്വീകരിച്ച മാർഗ്ഗം തുടരുവാനാണ് അവിടുന്ന് നമ്മോട് കൽപ്പിക്കുന്നത്. മാമ്മോദീസാ സ്വീകരിച്ച നാം സാത്താനെ തള്ളിപ്പറഞ്ഞ് യേശുവിനെ നമ്മുടെ രക്ഷകനായി സ്വീകരിക്കുകയാണല്ലോ ചെയ്യുന്നത്. മാമ്മോദീസായിലൂടെ യേശുവിനെ സ്വീകരിക്കുന്നതുവഴിയായി അവിടുത്തെ അനുധാവനം ചെയ്യുവാനാണ് നമ്മെപ്പറ്റി ദൈവത്തിന്റെ പദ്ധതി. തന്റെ ഇഹലോക ജീവിതത്തിൽ പരസ്യശുശ്രൂഷയിൽ ഏർപ്പെടുന്നതിനുമുമ്പ് അനേകവിധത്തിലുള്ള കഷ്ടപ്പാടുകളിലൂടെയും സഹനങ്ങളിലൂടെയും അവിടുന്ന് കടന്നുപോയതായി ബൈബിളിലൂടെ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. യേശു കാലിത്തൊഴുത്തിലാണ് പിറന്നു വീണതെങ്കിൽ ഇതു വായിക്കുന്ന ഒരു വ്യക്തിപോലും കാലിത്തൊഴുത്തിൽ പിറക്കുവാൻ ഇടയായിട്ടില്ലല്ലോ. ഈജിപ്റ്റിലേക്കുള്ള മരുഭൂമിയാത്രയിൽ യേശു ഉൾപ്പെട്ട തിരു:കുടുംബം എത്രമാത്രം കഷ്ടപ്പെട്ടുവെന്ന് നമുക്ക് ഊഹിക്കാമല്ലോ. (മരുഭൂമിയിലെ പൊടിക്കാറ്റും, ചൂടും തണുപ്പും നിറഞ്ഞ കാലാവസ്ഥയും). തിരുകുടുംബം വളരെ കഷ്ടപ്പാടുകൾ സഹിച്ചാണ് അപരിചിതമായ ആ സ്ഥലത്ത് ജീവിച്ചത്. വീണ്ടും കഷ്ടപ്പാടുകൾ സഹിച്ച് അവിടെനിന്ന് നസ്രത്തിലേക്ക് മടങ്ങിവരുകയും ചെയ്തു. ജോസഫും മറിയയും വളരെയധികം കഷ്ടപ്പാടുകൾ സഹിച്ചും കഠിനാധ്വാനം ചെയ്തുമാണ് ദൈവപുത്രൻ ഉൾപ്പെട്ട കുടുംബത്തെ പുലർത്തിയത്. ദൈവപുത്രനായ യേശുവിനെ വെറും ഒരു തച്ചന്റെ മകനായിട്ടാണല്ലോ കുടുംബക്കാരും സമൂഹവും കണ്ടിരുന്നത്. അവർക്കവിടെ വലിയ അംഗീകാരം ഒന്നും ലഭിച്ചിരുന്നില്ല. ചുങ്കക്കാരുടെയും പാപികളുടെയും കൂട്ടത്തിൽ ഗണിക്കപ്പെട്ടതുവഴി യേശു അപമാനിതനായി മാറി. പാപികളുടേയും, വേശ്യകളുടേയും കൂടെ സഹവസിക്കുന്നവനായി അവിടുന്ന് മുദ്രകുത്തപ്പെട്ടു. താൻ നൽകിയ ആത്മീയ വെളിപ്പെടുത്തലുകൾ മനസ്സിലാക്കുവാനും, ഉൾക്കൊള്ളുവാനും, കഴിയാത്ത അവിടുത്തെ ജനം, ഒരു ഭ്രാന്തനായി തന്നെ ചിത്രീകരിച്ചു.

പരസ്യജീവിതകാലത്ത് മനുഷ്യനുവേണ്ടി അനേകം നന്മകൾ ചെയ്തപ്പോൾ ഒരു വലിയ പാപിയായും ദൈവനിഷേധിയായും അവിടുത്തെ ജനം പറഞ്ഞു പരത്തി. പീഠാസഹനവേളയിൽ നിന്ദനവും പരിഹാസവും, ദേഹോപദ്രവവുമെല്ലാം അവിടുന്ന് ഏൽക്കേണ്ടിവന്നു. അങ്ങനെ ചെയ്യാത്ത കുറ്റ

ത്തിനുവേണ്ടി മനുഷ്യരാശിയുടെ രക്ഷയ്ക്കായി അവിടുന്ന് സ്വന്തശരീരത്തിലും മനസ്സിലും അവ സ്വീകരിച്ചു. കാൽവറി കുരിശിൻമേൽ പൂർണ്ണ നഗ്നനായി മൂന്നാണികളാൽ തുറക്കപ്പെട്ട് പാപികളായ നാം ഓരോരുത്തരുടെയും രക്ഷയ്ക്കായി അവിടുന്ന് ജീവൻ ബലിയർപ്പിച്ചു. പീലാത്തോസിന്റെ മുമ്പിൽ താൻ തെറ്റു ചെയ്തിട്ടില്ല എന്ന് പറഞ്ഞ് സ്വയം ന്യായീകരിക്കാൻ അവിടുന്ന് ശ്രമിച്ചില്ല. ഇതെല്ലാം നമുക്കുവേണ്ടി അവിടുന്ന് സഹിക്കുകയായിരുന്നു. പാപം ചെയ്തിട്ട് അതിനെ സ്വയം ന്യായീകരിക്കുന്ന മനുഷ്യരുടെ, ആ പാപത്തെ ഉൻമൂലനം ചെയ്യുവാനായിട്ടാണ് യേശു നിശ്ശബ്ദനായത്. അതിനാൽ മുപ്പത്തിമൂന്നര വർഷത്തെ ജീവിതകാലത്ത് തനിക്ക് അനുവദിക്കപ്പെട്ട സഹനങ്ങൾ സന്തോഷത്തോടെയും, പരാതി കൂടാതെയും അവിടുന്ന് സ്വീകരിച്ചതുപോലെ അനുദിന ജീവിതത്തിലെ കഷ്ടപ്പാടുകളും, സഹനങ്ങളുമാകുന്ന കുരിശെടുത്തുകൊണ്ട് തന്നെ അനുഗമിക്കാനാണ് അവിടുന്ന് നമ്മോട് അഭ്യർത്ഥിക്കുന്നത്. ദൈവപിതാവിൽനിന്ന് കൃപകൾ സ്വീകരിച്ചതുവഴിയായി മനുഷ്യപുത്രനായ യേശുവിന് ഇത് സാധിച്ചുവെങ്കിൽ ദൈവമക്കളായ നമുക്കും ദൈവത്തിൽ നിന്നും കൃപ സ്വീകരിച്ചുകൊണ്ട് ഇത് സാധ്യമാക്കാവുന്നതാണ്.

അപ്പോൾ ജീവിതത്തിൽ സഹനങ്ങൾ എന്തിന്? നമ്മുടെ വിശ്വാസം പരീക്ഷിക്കാനും നമ്മെ ശുദ്ധീകരിക്കാനുമാണ് ദൈവം നമുക്ക് സഹനങ്ങൾ അനുവദിക്കുന്നത്. "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെത്തന്നെ പരീക്ഷിപ്പീൻ. നിങ്ങളെത്തന്നേ ശോധന ചെയ്യുവീൻ'' (2 കൊരി.13:15) ഈ വചനം കൊണ്ട് ഉദ്ദേശിക്കുന്നത് ജീവിത സഹനങ്ങൾ ഉണ്ടാകുമ്പോൾ വിശ്വാസത്തിൽ നിലനിന്നുകൊണ്ട് നിങ്ങൾ പ്രത്യാശയുള്ളവരായിട്ടാണോ ജീവിക്കുന്നത് എന്നുള്ളതാണ്. അപ്രകാരമെങ്കിൽ നിങ്ങൾ ആ വിശ്വാസ പരീക്ഷയിൽ വിജയിച്ചിരിക്കുന്നു. സഹനത്തെ അതിജീവിക്കുവാൻ ദൈവാശ്രയവും വിശ്വാസവുമുള്ള ഒരു വ്യക്തിക്കു മാത്രമേ സാധ്യമാകുകയുള്ളു. പ്രതിസന്ധികളും സഹനങ്ങളും വരുമ്പോൾ അവയെ ദൈവത്തിന് വിട്ടുകൊടുത്ത്, ദൈവകൃപ സ്വീകരിച്ച് സമാധാനത്തോടുകൂടി അവയെ അതിജീവിച്ച് മുൻപോട്ട് പോകുവാനാണ് ദൈവം ഉദ്ദേശിക്കുന്നത്. പക്ഷെ ദൈവവിശ്വാസികൾ പലപ്പോഴും അവരുടെ സഹനങ്ങളെ ദൈവത്തെ ഏൽപ്പിക്കുന്നു എന്ന് പറഞ്ഞിട്ട് അവയെപ്പറ്റി പരാതിപ്പെട്ടുകൊണ്ട് നടക്കാറുണ്ട്. ഉദാഹരണമായി ബസ് യാത്രയ്ക്കു പോകുന്ന ഒരാൾക്ക് തന്റെ കയ്യിൽ ഭാരിച്ച ഒരു ലഗേജ് ഉണ്ടെന്നിരിക്കട്ടെ. ബസ്സിൽ കയറുമ്പോൾ ഈ ലഗേജ് ഉൾപ്പെടെയുള്ള യാത്രക്കൂലി അയാൾ കൊടുക്കുന്നുണ്ട്. ഇതിനുശേഷം അയാൾ ആ വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ ഭാരിച്ച ആ ലഗേജ് തന്റെ ശിരസ്സിൽ വച്ചിട്ട് യാത്ര ചെയ്യുന്നു എന്ന് സങ്കൽപ്പിക്കുക. ഇതുപോലെയാണ് ഇത്തരത്തിലുള്ള വ്യക്തികളുടെ അവസ്ഥ. നമ്മുടെ ജീവിത സഹനങ്ങളാകുന്ന ലഗേജ് ദൈവത്തെ ഭരമേല്പിച്ചിട്ട് സമാധാനത്തോടെ ജീവിതയാത്ര പൂർത്തീകരിക്കാനാണ് ദൈവം അഭിലഷിക്കുന്നത്. ഒരു ക്രിസ്ത്യാനി ക്രിസ്തുവിനെ നേടണമെങ്കിൽ, ക്രിസ്തുവിന് നമ്മെ നേടണമെങ്കിൽ നാം കഷ്ടതയുടെ ചൂളയിലൂടെ കടന്നുപോയെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. "ഇതാ ഞാൻ നിന്നെ കഷ്ടതയുടെ ചൂളയിലാകുന്നു ശോധന കഴിച്ചത്. എന്റെ നിമിത്തം, എന്റെ നിമിത്തം തന്നേ, ഞാനതു ചെയ്യും." (യെശ .48:10). വചനം ഇപ്രകാരം പറയുന്നു. "താഴ്മയുള്ളവർക്കോ കൃപ നൽകുന്നു. അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പീൻ. അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവീൻ". (1 പത്രോ. 5:6). ഈ വചനത്തിലെ 'തക്കസമയം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നമ്മുടെ ഇഷ്ടത്തിനൊത്തതും നമുക്ക് അനുകൂലമായി തോന്നുന്ന സമയവുമല്ല, മറിച്ച് ദൈവത്തിന്റെ സമയം (God's own Time) ആണ്. ഇത് തന്നെയാണ് യെശയ്യാവ് 52:12 ലൂടെ പറയപ്പെടുന്നത്. "നിങ്ങൾ ബദ്ധപ്പാടോടെ പോകയില്ല, ഓടിപോകയുമില്ല. കർത്താവ് നിങ്ങൾക്കു മുമ്പായി നടക്കും".

നമ്മുടെ ജീവിതത്തിൽ ദൈവം അനുവദിക്കുന്ന സഹനങ്ങളിലൂടെ നമ്മെപ്പറ്റി ഒരു വലിയ പദ്ധതി അവിടുന്ന് വിഭാവനം ചെയ്യുന്നുണ്ട്. "നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്ന് ഞാൻ അറിയുന്നു. അവ തിന്മയ്ക്കല്ല, നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്ന് ദൈവത്തിന്റെ അരുളപ്പാട്" (യിരെ.29:11) ഈ വചനം എന്റെ ജീവിതത്തിൽ പ്രാവർത്തികമായത് ഒരനുഭവത്തിലൂടെയാണെന്ന് ഞാനിപ്പോൾ സ്മരിക്കുന്നു. 1984-ൽ ഞാനെന്റെ ബിരുദ പഠനം പൂർത്തിയാക്കി. ഒരു ജോലി ലഭിക്കുവാനായി അലഞ്ഞു നടന്നു. ധാരാളം പ്രാർത്ഥിച്ചിട്ടും ഒരു ജോലിപോലും ലഭിച്ചില്ല. അങ്ങനെയായപ്പോൾ ഒരു താഴ്ന്ന ജോലിയെങ്കിലും എനിക്ക് നൽകണമേയെന്ന് ഞാൻ ദൈവത്തോട് അപേക്ഷിക്കാൻ തുടങ്ങി. അതുപോലും ദൈവം അനുവദിച്ചു തന്നില്ല. ഇതിനിടയിൽ ഞാൻ ഏറ്റവും ആശ്രയം വെച്ചിരുന്ന, ജന്മം നൽകിയ എന്റെ അമ്മ മരണം മൂലം വേർപെട്ടു. ഈ രണ്ടു ദുരവസ്ഥയിടെയും കടന്നുപോയ ഞാൻ വളരെയധികം നിരാശനായി. ഇതിനിടെ എന്റെ വിവാഹവും നടന്നു. ജോലിയില്ലാതെ എങ്ങനെ കുടുംബം നടത്തിക്കൊണ്ടു പോകുമെന്ന അവസ്ഥ എന്നെ വളരെയധികം വേദനിപ്പിച്ചു. അവസാനം 1986 സെപ്ത. 9-ാം തീയതി (ദൈവമാതാവിന്റെ ജനനതിരുന്നാളിന്റെ പിറ്റേന്ന്) ഞാൻ ഒട്ടും പ്രതീക്ഷിക്കാത്ത ഒരു സർക്കാർ ജോലി, കോളേജ് അദ്ധ്യാപകനായി ദൈവമാതാവ് യേശുവിൽനിന്ന് എനിക്ക് വാങ്ങിത്തന്നു. മുപ്പതു വർഷത്തോളം നല്ല രീതിയിൽ ജോലി ചെയ്ത് അതിൽനിന്നും വിരമിക്കുവാൻ നല്ല ദൈവം എന്നെ അനുഗ്രഹിച്ചു. അതിലേക്ക് പിൻതിരിഞ്ഞു നോക്കിയപ്പോൾ മാത്രമാണ് രണ്ടു വർഷം ജോലിയില്ലാതെ അലഞ്ഞു നടക്കുവാൻ ദൈവം എന്നെ അനുവദിച്ചതിന്റെ കാരണം എനിക്കു മനസ്സിലായത്. ദൈവത്തിന്റെ പദ്ധതിയിൽ ഈ നല്ല ജോലിയാണ് അവിടുന്ന് എനിക്ക് ഉദ്ദേശിച്ചിരുന്നത്. അതിനുവേണ്ടിയുള്ള ഒരു കാത്തിരിപ്പായിരുന്നു രണ്ടു വർഷത്തെ എന്റെ അലച്ചിലുകളും, സഹനങ്ങളും. ദൈവത്തിനു യോജിച്ച സമയത്തു മാത്രമേ അവിടുന്നു പ്രവർത്തിക്കുകയുള്ളു എന്ന് എനിക്ക് ഇതിലൂടെ മനസ്സിലാക്കുവാൻ കഴിഞ്ഞു. ഇതെഴുതുന്ന സമയത്തുപോലും അനേക സഹനങ്ങളിലൂടേയും, കഷ്ടതയിലൂടെയാണ് കടന്നുപോകുന്നതെങ്കിലും ദൈവത്തിൽ പ്രത്യാശ അർപ്പിച്ചുകൊണ്ട്, കൃപ സ്വീകരിച്ചുകൊണ്ട് മുൻപോട്ടുപോയി ജീവിതയാത്ര ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ പൂർത്തീകരിക്കുവാൻ എന്റെ ദൈവം സഹായിക്കുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

ഈ ലോക ജീവിത കാലത്ത് യേശുവും അവിടുത്തെ അമ്മയും ജോസഫും സന്തോഷത്തോടുകൂടി ദൈവപിതാവ് അനുവദിച്ച സഹനങ്ങൾ, ദൈവകൃപ സ്വീകരിച്ചുകൊണ്ട് അവരുടെ ജീവിതയാത്ര പൂർത്തിയാക്കി. ഇതുപോലെ ജീവിത സഹനങ്ങൾ സന്തോഷത്തോടെ സ്വീകരിക്കുവാൻ എല്ലാവർക്കും ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അതിനായി പരിശുദ്ധാത്മാവ് എല്ലാവരേയും സഹായിക്കട്ടെ. ●




# ക്രിസ്റ്റഫർ കൊളംബസ് അമേരിക്ക കണ്ടുപിടിച്ച പര്യവേക്ഷകൻ

എബി

ക്രിസ്റ്റഫർ കൊളംബസിനെക്കുറിച്ച് ഒരു കഥയുണ്ട്. തീൻ മേശയ്ക്ക് ചുറ്റുമിരുന്ന് ഭക്ഷണം കഴിക്കുന്നതിനിടയിൽ കൊളംബസ് തന്റെ സാഹസികമായ കപ്പൽയാത്രയ്ക്കൊടുവിൽ അമേരിക്ക കണ്ടുപിടിച്ച കഥ സുഹൃത്തുക്കളോട് വിവരിക്കുകയായിരുന്നു. എല്ലാം കേട്ടു കഴിഞ്ഞപ്പോൾ സുഹൃത്തുക്കൾ പറഞ്ഞു. ഈ വഴിയെ കപ്പലോടിച്ചുപോയിരുന്നെങ്കിൽ ഞങ്ങൾക്ക് ഇതു സാധിക്കുമായിരുന്നു.


തെല്ലൊന്നു ചിന്തിച്ചശേഷം പ്ലേറ്റിലിരുന്ന പുഴുങ്ങിയ മുട്ടയെടുത്ത് കൊളംബസ് ചോദിച്ചു.

ഈ മുട്ട വീഴാതെ നിങ്ങൾക്ക് മേശപ്പുറത്ത് കുത്തിനിറുത്താമോ.

ശ്രമിച്ചു നോക്കിയെങ്കിലും ആർക്കും സാധിച്ചില്ല. കൊളംബസ് മുട്ട ഒരു കൈകൊണ്ട് മേശപ്പുറത്ത് പിടിച്ചു നിറുത്തി മറ്റെ കൈകൊണ്ട് മുട്ടയുടെ മുകളിൽ മെല്ലെയൊന്ന് അടിച്ചമർത്തി. പുഴുങ്ങിയ മുട്ടയുടെ അടിഭാഗം ചളുങ്ങി മേശപ്പുറത്ത് ഉറച്ചുനിന്നു.

– ഓ ഇതാണോ വല്യ കാര്യം. ഇതാർക്ക് വേണമെങ്കിലും ചെയ്യാമല്ലോ.

– ശരിയാണ്. പക്ഷെ നിങ്ങൾക്കതിനു കഴിഞ്ഞില്ലല്ലോ സുഹൃത്തുക്കൾ ചമ്മലോടെ സമ്മതിച്ചു. ഇതാണ് ക്രിസ്റ്റഫർ കൊളംബസ് എന്ന പര്യവേക്ഷകന്റെ പാടവം.



വെസ്റ്റിൻഡീസിലും ബഹാമാസിലും കാലുകുത്തിയ ആദ്യത്തെ യൂറോപ്യനാണ് കൊളംബസ്. അക്കാലത്ത് യൂറോപ്പിലുണ്ടായിരുന്ന വിശ്വാസം ഭൂമി ഒരു പരന്ന വസ്തുവാണെന്നായിരുന്നു. കൊളംബസാണ് ആ ധാരണ തിരുത്തിയത്. ഭൂമി ഉരുണ്ടതാണെന്ന് തന്റെ കപ്പൽ യാത്രകളിലൂടെ അദ്ദേഹം തെളിയിച്ചു.

1451 ൽ ഇറ്റലിയിലെ ജനോവയിലാണ് കൊളംബസ് ജനിച്ചത്. ഡൊമിനിക്കോ കൊളംബസിന്റെയും സൂസന്നാ ഫൊണ്ടാനോ റോസയുടെയും മൂത്ത മകനായിട്ടാണ് ക്രിസ്റ്റഫർ ജനിച്ചത്. അച്ഛന്റെ തൊഴിൽ കമ്പിളി കച്ചവടമായിരുന്നു. കൗമാര പ്രായത്തിൽ തന്നെ ക്രിസ്റ്റഫറിന് ഒരു കച്ചവടക്കപ്പലിൽ ജോലി കിട്ടി. കപ്പലിന്റെയും കടൽയാത്രക്കാരുടെയും ഇടയിൽ വളർന്ന അദ്ദേഹത്തിന് ഒരു നാവികനാകാനായിരുന്നു ആഗ്രഹം. അദ്ദേഹത്തിന്റെ വിദ്യാഭ്യാസം മിക്കവാറും സ്വയമേവ ആർജിച്ചതാണ്. സമർത്ഥനായ ഒരു നാവികനും ഭൂപട നിർമ്മാതാവുമായിരുന്നു കൊളംബസ്. ക്രിസ്റ്റഫർ പോർട്ടുഗീസ് വംശജയായ ഫെലിപ് പെറെസ്ട്രല്ലോ മോനീസ് എന്ന യുവതിയെ കല്യാണം കഴിച്ചു. ആ ദാമ്പത്യത്തിൽ ഒരു മകൻ ജനിച്ചു – ഡിഗോ.

ഒരിക്കൽ കൊളംബസിന്റെ ബോട്ട് മുങ്ങി. ഒരു തടിക്കഷണത്തിൽ പിടിച്ചുകിടന്ന് അദ്ദേഹം ലിസ്ബണിലെത്തി. അവിടെ അദ്ദേഹം കണക്കും ജ്യോതി ശാസ്ത്രവും, കപ്പലോട്ടവും പഠിച്ചു. അവിടെ നിന്നുമാണ് ലോകത്തെ മാറ്റി മറിച്ച അദ്ദേഹത്തിന്റെ കപ്പൽ യാത്രയ്ക്ക് തയ്യാറെടുപ്പ് നടത്തിയത്.

കൊളംബസിന്റെ കപ്പൽ യാത്രയ്ക്ക് ഇറ്റലിയിലെയോ പോർച്ചുഗലിലെയോ ഭരണാധികാരികൾ പിന്തുണ നൽകിയില്ല. സ്പെയിനിലെ രാജാവ് ഫെർഡിനന്റ് അഞ്ചാമനും രാജ്ഞി ഇസബെല്ലയുമാണ് യാത്രയ്ക്കുള്ള ചെലവ് വഹിച്ചത്. അതിനു കാരണമുണ്ട്. രാജാവിനെപ്പോലെതന്നെ കൊളംബസും ഒരു വലിയ കത്തോലിക്കാ വിശ്വാസിയായിരുന്നു. സഭയുടെ വളർച്ച അവരെല്ലാം ഒരുപോലെ ആഗ്രഹിച്ചു. 1492-ലായിരുന്നു ആദ്യത്തെ കപ്പൽ യാത്ര. അറ്റ്ലാന്റിക് സമുദ്രത്തിന് കുറുകെയോടിച്ച് ഏഷ്യയിലേക്കൊരു പുതിയ റൂട്ട് കണ്ടുപിടിക്കുകയായിരുന്നു ലക്ഷ്യം.

പിന്നീട് മൂന്ന് കപ്പൽയാത്രകൾകൂടി കൊളംബസ് നടത്തി. 1502 ലെ അവസാന യാത്രയിൽ നൈനാ, പിന്റാ, സാന്താമറിയാ എന്നീ മൂന്നു കപ്പലുകൾ ഉണ്ടായിരുന്നു. അങ്ങനെ സാന്താ മരിയാ എന്ന കപ്പലിലാണ് കൊളംബസ് അമേരിക്കയിലെത്തുന്നത്. അതോടെ ഭൂമി ഉരുണ്ടതാണെന്ന് തെളിയിച്ചു കൊടുത്തു. അതിനുശേഷം കൊളംബസിനെ താൻ കണ്ടുപിടിച്ച സ്ഥലങ്ങളുടെയെല്ലാം ഗവർണർ ജനറലായി നിയമിച്ചു. ഭരണ നൈപുണ്യം കുറവായതിനാൽ കൊളംബസിനെ പിന്നീട് സ്പെയിനിലേക്ക് തിരികെ വിളിച്ചു. അവിടെ അദ്ദേഹം റിട്ടയർ ചെയ്തു.

സ്പെയിനിൽ തിരിച്ചെത്തിയപ്പോൾ കൊളംബസിന്റെ ആരോഗ്യം മോശമായിരുന്നു. എഴുതാനും വായിക്കാനും സാധിച്ചില്ല. അത് മരണത്തിലേയ്ക്കുള്ള യാത്രയായിരുന്നു. ഒടുവിൽ 1506 മെയ് 20 ന് സ്പെയിനിലെ വല്ലഡോളിൽവച്ച് അദ്ദേഹം 55 -ാം മത്തെ വയസിൽ ഹൃദയാഘാതം മൂലം ഈ ലോകത്തോട് വിട പറഞ്ഞു.

മൂന്നു വർഷം കഴിഞ്ഞ് മകൻ ഡിഗോയുടെ 'will' അനുസരിച്ച് കൊളംബസിന്റെ ശേഷിപ്പ് സാന്റോ ഡൊമിൻഗോയിലേക്ക് മാറ്റി.

ഭൂമിയുടെ ആകൃതി ഉരുണ്ടതാണെന്നു മനസ്സിലാക്കിയ കൊളംബസ് കിഴക്കെ അറ്റത്തെ രാജ്യത്തേക്കു പോകാൻ പടിഞ്ഞാറേക്ക് പോയാൽ മതിയെന്ന് തെളിയിച്ചു. ലോകം കണ്ട ഏറ്റവും സമർത്ഥനായ നാവികനായതുകൊണ്ടു മാത്രമല്ല, അമേരിക്ക കണ്ടു പിടിച്ചു എന്നുള്ളതുകൊണ്ടു കൂടിയായിരിക്കണം അമേരിക്കൻ ചരിത്രത്തിൽ കൊളംബസ് ഇന്നും ഒരു ഹീറോയാണ്.



# മാനവികതയുടെ അക്ഷരക്കൂട്ടുകൾ

**പി.എസ്.ശ്രീധരൻപിള്ള**

**ശ്രീ. കെ.എം.പുന്നൂസിന്റെ 'ജീവിതം ഒരു നേർക്കാഴ്ച' എന്ന ആത്മകഥയുടെ വായനാനുഭവം പങ്കുവയ്ക്കുകയാണ് ബഹുമാനപ്പെട്ട ഗോവ ഗവർണർ കൂടിയായ ലേഖകൻ.**

P S Sreedharan Pillai
Governor of Goa

Raj Bhavan
Goa-403004

അശീതിയുടെ പടിവാതിൽക്കൽ എത്തിനിൽക്കുന്ന കെ.എം.പുന്നൂസ് മധ്യതിരുവിതാംകൂറിന്റെ തനിമകളെ തന്നിലേക്ക് സ്വാംശീകരിച്ച് ജീവിതയാത്ര തുടരുന്ന ഒരു മഹദ് വ്യക്തിയാണ്. കാർഷിക കേരളത്തിന്റെ നട്ടെല്ലെന്ന് വിശേഷിപ്പിക്കാവുന്ന കുട്ടനാടിന്റെയും അപ്പർകുട്ടനാടിന്റെയും തനിമകളെ ഒപ്പിയെടുത്ത കർഷകപ്രേമിയെന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാവുന്നതാണ്. ജീവിതം കരുപ്പിടിപ്പിക്കുന്നതിനായുള്ള നെട്ടോട്ടത്തിൽ കേരളത്തനിമയും ഭാരതീയ കാഴ്ചപ്പാടുകളും മാത്രമല്ല അദ്ദേഹം അവലംബിച്ചിട്ടുള്ളത്. മറിച്ച് വിശ്വമാനവികതയും അനുഭവങ്ങളും അധികമായി തന്നിലേക്ക് അദ്ദേഹം സ്വാംശീകരിച്ചിട്ടുണ്ട്. മാനവികതയുടെ വിളനിലമായ ശ്രീ പുന്നൂസ് ത്യാഗിയും സേവന സന്നദ്ധനുമായ ഒരു പൊതുപ്രവർത്തകനും കൂടിയാണ്. ഒ.എൻ.ജി.സി ഉദ്യാഗസ്ഥനായിരുന്ന അദ്ദേഹം സേനയിൽ സിവിൽ ഉദ്യോഗസ്ഥനായി തീക്ഷ്ണമായ ജീവിതാനുഭവങ്ങളിലൂടെ നേടിയെടുത്ത അച്ചടക്കവും അനുഭവ സമ്പത്തും പുതിയ തലമുറകൾക്ക് സാധനാപാഠമാകേണ്ടതാണ്. നീണ്ടകാല സേവനത്തിനു ശേഷം പ്രവാസ ജീവിതം നയിക്കുമ്പോഴും പിറന്ന മണ്ണിനെ ജീവിതത്തിന്റെ പുറംപോക്കിലേക്ക് വലിച്ചെറിഞ്ഞില്ല എന്നത് അദ്ദേഹത്തിന്റെ കർമ്മശുദ്ധിയിലൂന്നിയ സവിശേഷതയാണ്. ക്രിസ്തീയ സമൂഹങ്ങൾക്കിടയിൽ ക്നാനായ ചർച്ചും സഭാംഗങ്ങളും ക്രിസ്തുദേവനിലൂടെ തുടർന്ന പൈതൃകം അവരുടെ മികവിനായി അവർ എടുത്തു കാട്ടാറുണ്ട്. എന്നാൽ പുന്നൂസ് എന്ന സഭാവിശ്വാസി എപ്പോഴും ദൈവത്തിനു വേണ്ടിയുള്ള സമർപ്പിത ജീവിതം നയിക്കുന്നു എന്ന് അവകാശപ്പെടുക മാത്രമല്ല, തെളിയിക്കുക കൂടി ചെയ്ത സാത്വിക വ്യക്തിയാണ്.




'ജീവിതം ഒരു നേർക്കാഴ്ച' എന്ന ശ്രീ. പുന്നൂസിന്റെ ആത്മകഥ ജീവിത രേഖകളുടെ കൂട്ടത്തിൽ വ്യതിരിക്തത അവകാശപ്പെടാവുന്ന ഒന്നാണെന്ന് ഞാൻ കരുതുന്നു. ഒരു പച്ചയായ മനുഷ്യൻ ഗ്രാമീണ സംശുദ്ധിയുടെ നേർക്കാഴ്ചയായി തന്റെ ജീവിതാനുഭവങ്ങൾ പങ്കു വയ്ക്കുകയാണ്. വ്യക്തി മാഹാത്മ്യത്തിന്റെ ഏടുകൾ ചെണ്ടകൊട്ടി പാടുന്നതിനു പകരം താൻ പിന്നിട്ട വഴിത്താരയിലെ അനുഭവങ്ങൾ സമൂഹത്തിന് എങ്ങനെ ഗുണകരമാകും എന്ന ചിന്തയോടെ പച്ചപ്പരമാർത്ഥങ്ങളെ വരച്ചുകാട്ടുകയാണ് ഗ്രന്ഥകർത്താവ് ചെയ്തിട്ടുള്ളത്. തന്റെ യൗവ്വനചിത്രം മുഖചിത്രമായി അച്ചടിച്ചിട്ടുള്ള ഈ ഗ്രന്ഥത്തിൽ സ്വന്തം യൗവ്വനചിന്തകളാണ് മുഴച്ചുനിൽക്കുന്നത്. വിഭിന്ന മതവിശ്വാസികളെ ഭക്ത്യാദരപൂർവ്വം സ്വീകരിക്കാനുള്ള അദ്ദേഹത്തിന്റെ മനസ്സിന്റെ മഹത്വം എടുത്തു പറയേണ്ടതുണ്ട്. നാനാത്വത്തിൽ ഏകത്വമെന്ന ഭാരതീയ സൂക്തം മാനവരാശിക്കു മുമ്പിൽ ഉയർത്തിക്കാട്ടാനുള്ള ശ്രമം ഈ ഗ്രന്ഥത്തിൽ പലയിടത്തുമുണ്ട്. നമ്മുടെ നാട് ഉൾപ്പെടെ ന്യൂക്ലിയർ കുടുംബ സങ്കല്പം ലോകം ഒട്ടാകെ വ്യാപിക്കുന്ന ഈ കാലഘട്ടത്തിൽ ശ്രീ. പുന്നൂസ് തന്റെ ആത്മകഥയിലൂടെ ഉയർത്തിക്കാട്ടുന്ന തിരുവിതാംകൂറിന്റെ ഉജ്ജ്വലമായ കുടുംബസങ്കല്പം ഇരുട്ടിനെ പഴിക്കുന്നതിലും ഭേദം ഒരു ചെറു കൈത്തിരി വെളിച്ചമെങ്കിലും നൽകുക എന്ന മഹത്വപൂർണ്ണമായ തത്വത്തെ ഉയർത്തിക്കാട്ടുന്നു.

'എന്റെ മതചിന്തകൾ' എന്ന അധ്യായത്തിൽ വിവിധ മതഗ്രന്ഥങ്ങളും അതിന്റെ സന്ദേശങ്ങളും പ്രയോഗരീതികളും താരതമ്യം ചെയ്തുകൊണ്ടുള്ള വിലയിരുത്തലുകൾ ഏറ്റവും ഭംഗിയായി നിർവ്വഹിച്ചിരിക്കുന്നത് ഏക മാനവികതാ ദർശനവും രാജ്യത്തിന്റെ അഖണ്ഡതയും ഐക്യവും അടിവരയിടുന്നതാണ്. ഭാരതത്തിന്റെ ഭരണഘടന ഒരു പൗരനേയും ഒന്നിൽ നിന്നും മാറ്റി നിർത്തുന്നില്ല എന്ന അനിവാര്യമായ വിശ്വദർശനമാണ് ആദിവാസി സമൂഹത്തിൽ നിന്നും ഭാരതത്തിന്റെ പ്രഥമ പൗരയായി ഒരാളെ തെരഞ്ഞെടുത്തതെന്നും അത് നമ്മുടെ ജനാധിപത്യത്തിന്റെ കരുത്താണെന്നും രേഖപ്പെടുത്തുന്ന ഗ്രന്ഥം തികച്ചും പഠനവിധേയമാക്കേണ്ടതാണ്. പൊതുസമൂഹത്തിന്റെ ശ്രദ്ധയ്ക്കായി വിശിഷ്ടമായ ഈ പുസ്തകം അഭിമാനപൂർവ്വം അവതരിപ്പിക്കുന്നു.

DHARANI BOOKS
Kulanada 689503

"ഉടൻ നിങ്ങളുടെ കൈകളിൽ എത്തുന്നു"
പ്രസാധകൻ
ധരണി ബുക്സ്, കുളനട 689503
ഫോൺ: 9447011585, 9400296324




## വരനെ ആവശ്യമുണ്ട്

**M. 755**

A well-settled knanaya parents settled in the US seeking alliance for their daughter, 27 yrs., born and raised with knanaya tradition, currently in the Medical Doctoral school (Second year). Invites marriage alliance from parents of Knanaya boys, born or raised in the US or Canada with doctoral degrees or highly qualified professionals. Please send your details with a photograph to knawedding101@yahoo.com with ref# 101. We will get back to you if we are interested in it.

**M. 756**

Knanaya parents invite proposal for their daughter (27/162). She completed her B.Com from Womens Christian College, Chennai and IBM (International Business Management) from Sheridan College, Toronto, Canada and currently pursuing PG in Logistics Management at Seneca College, Toronto, Canada. They are seeking alliance from parents of God fearing and professionally qualified working boys. (preferably those who are working or studying in Canada ).Other suitable proposals also will be considered. Contact:-6282819365, 9447743060 (Whatsapp)

**M. 757**

Parents invite proposal for their daughter born and raised in Bangalore (26 / 5'5") completed BE in India and MS from a prestigious university in the USA. Currently working in Boston, US. Seeking suitable alliance from parents of professionally qualified boys of similar profile. Phone No: +91 9513407626

**M. 758**

Knanaya parents invite proposals for their daughter (24/170cms) born and raised in Bangalore. After completing her Graduation, she is currently pursuing her Masters degree at the London School of Economics. Seeking alliances from parents of professionally qualified boys of similar profile, preferably raised outside Kerala.

Contact mobile # +91 98450 78690

**M. 759**

Knanaya parents invite proposals for their daughter (24/172cm) LLM, currently working as a corporate lawyer seeking alliance from Suitable boys.

Ph. 9747004433, 8921735061.

**M. 760**

BACHELOR OF OCCUPATIONAL THERAPY (BOT) പാസ്സായി ഇപ്പോൾ Dubai ൽ പ്രശസ്തമായ Autism and Child Development Centre ൽ Pediatric Occupational Therapist ആയി ജോലി ചെയ്തുകൊണ്ടിരിക്കുന്ന ക്നാനായ യുവതിയ്ക്ക് (25/165 cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 8606066747

**M. 761**

A well-settled knanaya parents settled in US seeking alliance for their daughter, 25 yrs, born and raised with knanaya tradition, currently working as Physician Assistant (PA) in a Hospital. Invite marriage alliance from parents of Knanaya boys born or raised in the US or Canada with doctoral degrees or highly qualified professionals. Please send your details with a photograph to

*knawedding101@yahoo.com* with ref# 102. We will get back to you if we are interested in it.

**M. 762**

B.Sc Nursing കഴിഞ്ഞ് ദുബായിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/161cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (UAE ൽ ഉള്ളവർക്ക് മുൻഗണ) Ph: 9497226342

**M. 763**

B.Sc Nursing കഴിഞ്ഞ് UK ൽ NHS ൽ Registered Nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/174cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9074075801, 7510611225

**M. 764**

Knanaya parents invites proposals for their daughter (27/157), interior designer, working in a private firm, seeking alliance from parents of God fearing and professisonally qualified boys.

Ph: 9400660280, 80784 64780

**M. 765**

Knanay parents invites proposals for their daughter BDS (26/163cm) working as Dentist. Seeking alliance from parents of professisonally qualified boys. Ph: 9539077437

**M. 766**

Knanay parents invites proposals for their daughter (26/156cm) Chartered Accountant currently working as Finance Manager. Seeking alliance from parents of professisonally qualified and God fearing boys. Ph: 9495618638, 9400517436

**M. 767**

Knanaya parents invites proposals for their daughter (26/156cm), M.Com, currently pursuing Company Secretary (C.S) final level as well as employed in an Airport based in Kerala. Seeking suitable alliance from professionally qualified boys.

Ph: 9387019851, 9544534830

**M. 768**

Occupational Therapyൽ Degree (BOT) പാസ്സായി UK-NHS - ൽ Occupational Therapist ആയി ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/162 cm) വിദേശത്തോ സ്വദേശത്തോ ജോലിയുള്ള ദൈവഭയവും professional degree യും ഉള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (Medical Feild ഉള്ളവർക്ക് മുൻഗണ) (Whatsapp) 9446708439, Mob:8848990437

## വധുവിനെ ആവശ്യമുണ്ട്

**M. 769**

മസ്ക്കറ്റിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (34/175 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (നേഴ്സുമാർക്ക് മുൻഗണന) Ph. 9497775437

**M. 770**

അബുദാബിയിൽ സെക്യൂരിറ്റി ഓഫീസർ ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (28/174 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഡിമാന്റ് ഒന്നുമില്ല)

Ph.9656411392

**M. 771**

B.Tech Electronics and Communication പഠിച്ച് Engineer ആയി ദുബായിൽ ജോലി ചെയ്യുന്നതും ഒപ്പം Australia - യിലേയ്ക്ക് processing നടത്തി കൊണ്ടിരിക്കുന്ന ക്നാനായ യുവാവ്, അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (ഡിമാന്റ് ഒന്നുമില്ല) Ph.9539447454, 9746867464

**M. 772**

B. Com കഴിഞ്ഞ് ഇറ്റലിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (29/5'9") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (നേഴ്സുമാർ, IT ഫീൽഡിൽ ഉള്ളവർക്ക് മുൻഗണന)
Ph.7306838045, Whats app:393394595241

**M. 773**

Knanaya parents invites proposals for their son (29/ 174cm) Masters in Investment Management from University of Liverpool, working as senior vice president of Business Development at a financial Technology Company in Jakartta Indonesia.

Ph: 91 9633872995, 9199392723

**M. 774**

Knanaya parents invites proposals for their son (28/ 173cm, B.Com, MBA) Currently working in Axis Bank at Kochi. We are seeking alliance from parents of God fearing qualified girls.

Ph: 9544955927, 8281537144

**M. 775**

B.C.A. പാസ്സായി ദുബായിൽ IT മാനേജരായി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/171cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9037524179, 9400742553

**M. 776**

സെയിൽസ് എക്സിക്യുട്ടീവ് ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (ആദ്യവിവാഹം, 47/165cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (പുനർവിവാഹവും പരിഗണിക്കും) Whatsapp No. 8907470192

**M. 777**

M.C.A. കഴിഞ്ഞ് തിരുവനന്തപുരം ടെക്നോ പാർക്കിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/176cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9745260988, 9747062356

**M. 778**

Dubai ൽ Accountant ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (33/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9946546877, 8848957725

**M. 779**

കൊച്ചിയിൽ Software developer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (27/180cm, B.Sc PGDCA) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. Ph: 9961377440

**M. 780**

B.Tech (Civil Engineering) കഴിഞ്ഞ് നാട്ടിൽ സ്വന്തമായി കൺസ്ട്രക്ഷൻ കമ്പനി നടത്തുന്ന ക്നാനായ യുവാവ് (28/172cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 6238053058, 9774409716

**M. 781**

Knanaya parents invites proposals for their son (26/169cm, B.Tech) Civil Engineering from TKM Engineering College Kollam. He has also completed Post Graduate Diploma in construction management from Canada. Currently working as a Civil Engineer in a reputed company at Canada. We are seeking suitable alliance from parents of qualified and God fearing girls.

Ph: 9747450089

**M. 782**

കുവൈറ്റ് മിനിസ്ട്രി ഓഫ് ഹെൽത്തിലെ (MOH) സ്റ്റാഫ് നേഴ്സ് ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവ് (35/170 cm) ഇടത്തരം കുടുംബം അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. ഡിമാന്റ് ഒന്നുമില്ല.

Ph: +965 66159389, +91 9744625345

**M. 783**

M.Com പാസ്സായി നാട്ടിൽ PWD Contractor ആയ ക്നാനായ യുവാവ് (28/173 cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. ഡിമാന്റ് ഒന്നുമില്ല.

Ph: 9745482878, 8075628494

**M. 784**

Electrical Diploma കഴിഞ്ഞ് Dubai -ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/6') അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9744405991

**M. 785**

B.Tech Civil കഴിഞ്ഞ് അബുദാബിയിൽ പ്രശസ്തമായ കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവ് (30/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Mob: 9446902797

## പുനർവിവാഹം

### വധുവിനെ ആവശ്യമുണ്ട്

**M. 786**

നിയമപരമായി വിവാഹബന്ധം വേർപെടുത്തിയ, ബാധ്യതകളില്ലാത്ത, വിദേശത്ത് ജോലിയുള്ള ക്നാനായ യുവാവിന് (50/5'10") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
Ph: 9916533633

**M. 787**

മർച്ചന്റ് നേവിയിൽ ചീഫ് ഓഫീസർ ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (34/173 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (നിയമപരമായി വിവാഹബന്ധം വേർപെടുത്തിയതാണ്, സാമ്പത്തികം പ്രശ്നമല്ല).
Ph: 9446713115/ 9746678323

### വരനെ ആവശ്യമുണ്ട്

**M. 788**

GNM കഴിഞ്ഞ് കുവൈറ്റ് മിനിസ്ട്രി ഓഫ് ഹെൽത്തിൽ ജോലി ചെയ്യുന്നതും ഡിവോഴ്സ് നടന്നു കൊണ്ടിരിക്കുന്നതും, ഒരു ചെറിയ കുട്ടിയുള്ളതുമായ ക്നാനായ യുവതിയ്ക്ക് (37/152cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (വിദേശത്ത് ഉള്ളവർക്ക് മുൻഗണ)

Whatsapp No. 00965-50471417

## 7 – ാം ചരമവാർഷികം

27 – 06 – 2023



**Mrs.Pennamma Zachariah**

W/o Late Subedar Zachariah M. C.

Shan Nivas, Mundiyathara,
Thengely

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Advt -O

## 2 – ാം ചരമവാർഷികം

28 – 06 – 2023



**തങ്കമ്മ ചാക്കോ**

സ്രാമ്പിമലയിൽ, വെസ്റ്റ് ഓതറ, തിരുവല്ല

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*ദു:ഖാർത്തരായ കുടുംബാംഗങ്ങൾ*

Advt - O



"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

## 1st DEATH ANNIVERSARY

**22-06-2023**

## RAJAN MATHEWS

(Rajan Kunju)

**Pozhimalayil, Mariyapally
Nattakom, Kottayam**

**Wife - Leelamma Rajan**

Children - Pradeep Mathews, Priya Sabu
Son-in-law - Sabu Thomas
Daughter-in-law - Beena Mathews
Grand Children - Rohith & Anushree, Rahul,
Sanjana & Steren, Gabriel

Advt -S

## 40 – ാം ചരമദിനം

**15 – 06 – 2023**



Advt -R

# ചാക്കോ ചെറിയാൻ (തങ്കച്ചൻ)

**കളക്കാട്ട് – നെടുംപെട്ടിയിൽ, കുറിച്ചി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

**19 – 06 – 2023**



Advt -R

# സുജ ഏബ്രഹാം (അനിത)

**നടയിൽ, നീലംപേരൂർ**

"പ്രത്യാശയുടെ തീരത്ത് വീണ്ടും കാണാം"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 – ാം ചരമവാർഷികം

**6 – 07 – 2023**



Advt -R

# എം. എം. ഏലിയാസ്

**മടുക്കുംമൂട്ടിൽ, പൂവൻതുരുത്ത്**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

## 13 – ാം ചരമവാർഷികം

**28 – 06 – 2023** (4747 – ാം ചരമദിനം)



Advt - R

# ജോമോൻ ജേക്കബ്

**കുന്നുംപുറത്ത്, ചിങ്ങവനം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*



# 1-ാം ചരമവാർഷികം
14-07-2023

## മദർ സുപ്പീരിയർ
## റവ. സി. ശൈനോ

നിത്യതയിൽ ഒരുനാൾ കാണുന്നതുവരെ
ഞങ്ങളുടെ ഹൃദയങ്ങളിൽ അമൂല്യമായിരിക്കും.

**വി. മേരിമഗ്ദലന കോൺവെന്റ്**
**സിസ്റ്റേഴ്സ്**

Advt - O

1st Death anniversary
October 14,1949- July 3,2022



## AMMINI JACOB KARUKAPARAMBIL

A Star that shines so bright has left behind a ray of light. It's been a year that you have gone, but so many memories left to look upon!

Advt - O

# 40 – ാം ചരമദിനം
03 – 06 – 2023



## കുഞ്ഞൂഞ്ഞമ്മ ചാക്കോ

**ചിലമ്പട്ടുശ്ശേരിൽ, നീലംപേരൂർ**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*മക്കൾ, കൊച്ചുമക്കൾ*

Advt - O

# 1st Death Anniversary
**23-06-2023**



Advt - S

## V.K. Stephen
**Kavumkalpurayil, Angadi, Ranni**

By Sorrowing Family

# 2 – ാം ചരമവാർഷികം
**25 - 06 - 2023**



Advt - O

## P.G. Abraham (Sunny)
**കിഴക്കേതേവർകുഴി, മാന്നാർ**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

# 2nd Death Anniversary
**13-06-2023**



Advt -O

## Mathew Kuriakose (Raju)
**Kdaithara, Chingavanam**

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

# 9 – ാം ചരമവാർഷികം
**16 – 06 – 2023**



Advt -O

## കുര്യൻ മാത്യു (അനിയച്ചൻ)
**വടവുപറമ്പിൽ, റാന്നി**

“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ”

സന്തപ്ത കുടുംബാംഗങ്ങൾ



## 3rd Death Anniversary
## 11th July 2023

# Chev. P. Jacob Stephen
**Valanjatturuthil**
(2nd July 1922 - 11th July 2020)

"And those the Lord has rescued will return. They will enter zion with singing; everlasting joy will crown their heads. Gladness and joy will overtake them and sorrow and singing will flee away" Isaiah 35:10

A LION, WHO CONTINUES TO LIVE,
IN THE HEART OF THE BRAVE!!



## 1 –ാം ചരമവാർഷികം
## 29–06–2023

# അന്നമ്മ ഏബ്രഹാം
**കടയ്ക്കേത്ത് പുന്നമൂട്ടിൽ, റാന്നി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

മക്കൾ, കൊച്ചുമക്കൾ,
കൊച്ചുകൊച്ച് മക്കൾ

Advt - S

## 5 – ാം ചരമവാർഷികം
13 – 06 – 2023

## 36 – ാം ചരമവാർഷികം
03 – 05 – 2023



**കുഞ്ഞമ്മ ചാണ്ടി** **എം. യു. ചാണ്ടി**

മേപ്രത്ത്, അഞ്ചാനി, റാന്നി

Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*



## 26 – ാം ചരമവാർഷികം
27 – 06 – 2023

**ലീലാമ്മ ബേബി**

മേപ്രത്ത്
അഞ്ചാനി, റാന്നി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"


Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*

Ever loving and Never Fading Memory of Our
Beloved Appachen, Amma, Kunjumon, Rajan and Mon

**Pulimoottil Ranni**

| 30th Death Anniversary | 35th Death Anniversary |
|---|---|
| 14-07-2023 | 15-06-2023 |



**Kunjamma Zachariah** **P.C. Zachariah**


| 14th Death Anniversary | 5th Death Anniversary | 43rd Death Anniversary |
|---|---|---|
| 16-09-2023 | 20-08-2023 | 25-10-2023 |



**P.Z. Cherian (Kunjumon)**



**P.S. Mathew (Rajan)**



**Shajimon P. Zachariah**

“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ ”

With Prayers, Sorrowing Family

Advt - O

## 40 – ാം ചരമദിനം
30 – 06 – 2023



Advt -O


# അന്നമ്മ മർക്കോസ്

**കൈതാരംവീട്, വെളിയനാട്**

“നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 – ാം ചരമവാർഷികം
17 – 07 – 2023



Advt -O

# കെ. സി. ഏബ്രഹാം (75)

(പാപ്പച്ചൻ)

**കുന്നേലായ കാരിയിൽ, ചിങ്ങവനം**

“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 20 – ാം ചരമവാർഷികം
29 – 03 – 2023

## 8 – ാം ചരമവാർഷികം
22 – 06 – 2023



Advt -O

# അച്ചാമ്മ ലൂക്കോസ്

# ഇ. റ്റി. ലൂക്കോസ്

**ഇടവഴിക്കൽ, ചിങ്ങവനം**

സന്തപ്ത കുടുംബാംഗങ്ങൾ

**15th Death Anniversary**
**19- 06- 2023**



**കെ. സി. ചാക്കോ**
**കല്ലുകുളത്തിൽ, ചിങ്ങവനം (കൊട്ടാരക്കര)**
**By Sorrowing Family**


**21 – ാം ചരമവാർഷികം**
**11-06-2023**



**കെ. കുരുവിള (ബേബി)**
**വാളംപറമ്പിൽ, നീലംപേരൂർ**
ഭാര്യ: ലാലി കുരുവിള
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

**16 – ാം ചരമവാർഷികം** **26- 06- 2023**

**08 – ാം ചരമവാർഷികം** **12- 05- 2023**






**കുര്യൻ കുര്യൻ**

**മറിയാമ്മ കുര്യൻ**

**വെച്ചൂപറമ്പിൽ**
**വാകത്താനം**
കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സ്വഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*

# 1-ാം ചരമവാർഷികം
**04-07-2023**




**K.J. ജോസ്** (കുഞ്ഞുമോൻ)
**പൊക്കത്തിൽ, കുറിച്ചി**

**ഏകസത്യദൈവമായ നിന്നേയും നീ അയച്ചിരിക്കുന്ന**
**യേശുക്രിസ്തുവിനേയും അറിയുന്നത് തന്നേ നിത്യജീവൻ ആകുന്നു**
വി. യോഹന്നാൻ 17:3

**സന്തപ്ത കുടുംബാംഗങ്ങൾ**


**27th Death Anniversary**
**10-07-2023**



**K. C. Chacko** (Rtd. Ex.Engineer)
**Kunnirickal, Thiruvananthapuram**

*നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*
*സന്തപ്ത കുടുംബാംഗങ്ങൾ*


**21 – ാം ചരമവാർഷികം**
**14-06-2023**



**പി. പി. ഏബ്രഹാം** (കുഞ്ഞവറാച്ചൻ)
**പുല്ലമ്പള്ളിൽ, റാന്നി**

**നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ**
**സന്തപ്ത കുടുംബാംഗങ്ങൾ**

**വേർപാടിന്റെ 26-ാം വർഷം**
**21-06-2023**




**P. K. THOMAS**
**PAZHAYAPEEDIKAYIL**
**KALLISSERY**

**Inserted by: Sorrowing Family**

MADONA
MARBLES & GRANITES
M.C.Road, Pakkil P.O., Pallom, , Kottayam- 12
T.K. Road, Kumbanad, Thiruvalla

**22 – ാം ചരമവാർഷികം**
**26-06-2023**



**എ. കെ. ഫിലിപ്പ്** (ബേബി)
**കണ്ടക്കോട്ട് , രാമമംഗലം**

ഭാര്യ: അമ്മിണി ഫിലിപ്പ്
മക്കൾ: വിജി, സാബു, ഷാജു, ബീന

**കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ**
**നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ**
**സന്തപ്ത കുടുംബാംഗങ്ങൾ**


23 –ാം ചരമവാർഷികം
**15-06-2023**



**കെ.കെ. കുരുവിള**
**ആറൊന്നിൽ, റാന്നി**

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

19 –ാം ചരമവാർഷികം
**27- 06 - 2023**




**പി.സി. തോമസ്** (തോമ്മാച്ചൻ)
**വളഞ്ഞൻതുരുത്തിൽ, റാന്നി**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*

10 –ാം ചരമവാർഷികം
**29-05-2023**

19 –ാം ചരമവാർഷികം
**15-07-2023**





**പെണ്ണമ്മ തോമസ്**

**ഷാജി തോമസ്**

**തേക്കുംമൂട്ടിൽ, കറ്റോട്**

കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*

06 –ാം ചരമവാർഷികം
**11 - 06 - 2023**

12 –ാം ചരമവാർഷികം
**13 - 07 - 2023**





**കെ.കെ. തോമസ്**
(പപ്പ)

**അമ്മിണി തോമസ്**

**മുണ്ടയ്ക്കൽ, തിരുവൻവണ്ടൂർ**

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

01 – ാം ചരമവാർഷികം
13-06-2023



**എം. റ്റി. കുറിയാക്കോസ്**
മുരിക്കനാടി, മുണ്ടപ്പുഴ, റാന്നി

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

30 – ാം ചരമവാർഷികം
06-06-2023



**ചെറിയാൻ മാത്യു**
കുന്നുതറ, കുറിച്ചി

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*

07 – ാം ചരമവാർഷികം
26-06-2023



**P.A. Andrews** (Kunjumon)
**Panthrandamkuzhi (Vakathanam)**
**Thripunithura**

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ
*സന്തപ്ത കുടുംബാംഗങ്ങൾ*


7th Death Anniversary
16-06-2023



**Chinnamma Joseph**
**Thiruvancheril, Thengely**
**Sorrowing Family**

**13 – ാം ചരമവാർഷികം**

**08-05-2023**



**പി.എം. തോമസ് (ബേബി)**

**പാട്ടാശ്ശേരിൽ, ചിങ്ങവനം**

**15 – ാം ചരമവാർഷികം**

**02- 06- 2023**



**എം. എ. തോമസ് (തോമാച്ചൻ)**

**കളത്തിൽ, നീലംപേരൂർ**

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ

*സന്തപ്ത കുടുംബാംഗങ്ങൾ*

**01 – ാം ചരമവാർഷികം**

**05-06-2023**




**എം.സി. കുഞ്ഞച്ചൻ**

**മുക്കാട്ട്, കുറിച്ചി**

*സന്തപ്ത കുടുംബാംഗങ്ങൾ*

**05 – ാം ചരമവാർഷികം**

**27-06-2023**



**E.O.Punnoose (George)**

**13 – ാം ചരമവാർഷികം**

**24-05-2023**



**Achamma Punnoose**

**Elampallil Thiruvanvandoor**

മാമോദീസയെനിക്കോർത്താൽ, മുങ്ങാത്തൊരു നൗ – ക,
നാഥാ! നിൻ കൃപ കാണണമേ – ഞാനുത്ഥാനത്തിൽ
സന്തപ്ത കുടുംബാംഗങ്ങൾ

17 – ാം ചരമവാർഷികം
04 -07-2023

09 – ാം ചരമവാർഷികം
02-06-2023



**T.M. Mathew** **Lizzykutty Mathew**

**Theverkuzhy**
**Jagathy, Trivandrum**

*സന്തപ്ത കുടുംബാംഗങ്ങൾ*

02 – ാം ചരമവാർഷികം
**29-06-2023**



**K. M. Thomas**
(Rtd.Engineer, Coal India, Bihar)
**Karkadakompallil House, Thuruthicadu**
***Sorrowing Family***

04 – ാം ചരമവാർഷികം
03-06-2023



**ജയ്നമ്മ സ്കറിയ**
**നെടുംപറമ്പിൽ (ചക്കാലയിൽ), കുറിച്ചി**
ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

41 – ാം ചരമവാർഷികം
08- 06 - 2023



**റ്റി. സി. ചാക്കോ (കുഞ്ഞച്ചൻ)**
**തുമ്പുങ്കൽ, ചിങ്ങവനം**
കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്ത കുടുംബാംഗങ്ങൾ*

02 –ാം ചരമവാർഷികം

03-07-2023 08-07-2023



എം.കെ. കുഞ്ഞുമോൻ അമ്മിണി കുഞ്ഞുമോൻ

പാലപ്പുരയ്ക്കൽ
മള്ളൂശ്ശേരി, കോട്ടയം

നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ
നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ
*സന്തപ്ത കുടുംബാംഗങ്ങൾ*

40 –ാം ചരമദിനം
22-06-2023



ജോയി തോമസ്
മുക്കാട്ട്, കുറിച്ചി


*സന്തപ്ത കുടുംബാംഗങ്ങൾ*

കരുണ നിറഞ്ഞവനെ
പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ
നീ പുതുതാക്കീടണമെ

നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

16 –ാം ചരമവാർഷികം
19-06-2023



സി.കെ.മാത്യു (കുഞ്ഞച്ചൻ)
ചന്ദനപ്പള്ളിൽ
വെസ്റ്റ് ഓതറ

*സന്തപ്ത കുടുംബാംഗങ്ങൾ*

03 –ാം ചരമവാർഷികം
01-07-2023



ഫിലിപ്പ് മാത്യു
കല്ലുംകൂട്ടത്തിൽ
രാമമംഗലം

*സന്തപ്ത കുടുംബാംഗങ്ങൾ*

01 –ാം ചരമവാർഷികം
16-06-2023



മേരി മത്തായി
ഞെക്കണ്ണിൽ
കുറ്റൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*

01 –ാം ചരമവാർഷികം
07-06-2023



വി.എ. തോമസ്
വാക്കേമണ്ണിൽ
തുരുത്തിക്കാട്

*സന്തപ്ത കുടുംബാംഗങ്ങൾ*


05 – ാം ചരമവാർഷികം
16-06-2023



**വി. എം. ഏബ്രഹാം**
വടക്കേമുറിയിൽ
ഐത്തല, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*


21 – ാം ചരമവാർഷികം
25-06-2023



**ഫിലിപ്പ്കുട്ടി അലക്സ്**
കാവുങ്കൽ
റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*


36 – ാം ചരമവാർഷികം
22-06-2023



**തങ്കമ്മ തോമസ്**
ചെറുവട്ടയ്ക്കാട്ട്
ഐത്തല, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

20 – ാം ചരമവാർഷികം
01-06-2023



**തങ്കച്ചൻ**
തോട്ടത്തിൽ കല്ലുകീറുമലയിൽ
തുരുത്തിക്കാട്, തിരുവല്ല

*സന്തപ്ത കുടുംബാംഗങ്ങൾ*

09 – ാം ചരമവാർഷികം
26-06-2023



**ഉതുപ്പാൻ തോമസ്**
(തങ്കച്ചൻ)
കുളത്തുംകര, കുറ്റൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*


10 – ാം ചരമവാർഷികം
28-06-2023



**റ്റി. ജെ. ഉമ്മൻ** (ജോസ്)
(Rtd. Sub inspector)
തയ്യിൽതോട്ടം
കുറ്റൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*


14 – ാം ചരമവാർഷികം
08-06-2023



**കെ. പി. തോമസ്**
എട്ടൊന്നിൽ (തോട്ടത്തിൽ)
കുലശേഖരം

*സന്തപ്ത കുടുംബാംഗങ്ങൾ*

14 – ാം ചരമവാർഷികം
09-06-2023



**മറിയാമ്മ തോമസ്**
മുക്കാട്ട്
കുറിച്ചി

*സന്തപ്ത കുടുംബാംഗങ്ങൾ*

01 – ാം ചരമവാർഷികം
22-06-2023



**അച്ചാമ്മ ചാക്കോ** (പെണ്ണമ്മ)
കുന്നുംപുറത്ത്
ചിങ്ങവനം

*സന്തപ്ത കുടുംബാംഗങ്ങൾ*


01 – ാം ചരമവാർഷികം
06-06-2023



**കെ. എം. മാത്യു**
(പാപ്പച്ചൻ)
കരിയിൽ, കോടിമത

*പ്രത്യാശയോടെ കുടുംബാംഗങ്ങൾ*


27 – ാം ചരമവാർഷികം
04-06-2023



**കെ. എ. പുന്നൂസ്**
(തങ്കച്ചൻ)
കണ്ണാലിൽ, തെങ്ങേലി

*സന്തപ്ത കുടുംബാംഗങ്ങൾ*

14 – ാം ചരമവാർഷികം
09-06-2023



**ഷൈൻ ബിജു** (ബാവച്ചി)
പാറയിൽ
ആനത്തടം, റാന്നി

*സന്തപ്ത കുടുംബാംഗങ്ങൾ*

# 2-ാം ചരമവാർഷികം
## (23rd ജൂൺ 2023)



# എ. സി. ഏലിയാമ്മ

**(Retd. District Nursing Officer)**

**W/o Late Mr. ഈ .ജെ .കുറിയാക്കോസ് ഇടശ്ശേരിൽ, ഒഴുവൻപാറ, റാന്നി**

"കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമേ "

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ ( ഐസക് ,റേച്ചൽ, കുറിയാക്കോസ് & എൽസ).

Advt - O

Registered No. KL/CHC/29/2021-23 **KNANAYA DEEPAM** RNI No. KERBIL/2006/19210
Published on 15 June 2023 Chingavanam Vol. 34, Issue: 6 ₹ 10




Advt - O

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam, Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**